# ട്രേഡ് യൂണിയൻ

2021 ജൂലൈ
വാല്യം: 44 ലക്കം: 05






**5 സമരപഥങ്ങളിൽ**
കെ പി രാജേന്ദ്രൻ

**13 രാജ്യം വിറ്റ് കാശാക്കുന്നവർ**
എം.ജി. രാഹുൽ

**15 ആയുധ നിർമ്മാണശാലകളുടെ കോർപ്പറേറ്റ് വൽക്കരണ നടപടികൾ പിൻവലിക്കുക**
കെ. ജയചന്ദ്രൻ നായർ

**19 എ.ഐ.ടി.യു.സി സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച സമരഐക്യ സമ്മേളനത്തിൽ വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ നടത്തിയ പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ**

**24 മത്സ്യതൊഴിലാളികൾ അതിജീവനത്തിന്റെ പോരാട്ടപാതയിൽ**
ടി. രഘുവരൻ

**27 ഓപ്പറേഷൻ സക്സസ്, പേഷ്യന്റ് ഡെഡ്**
കെ.എസ്. കൃഷ്ണ

**29 മുകുന്ദേട്ടനെ ഓർക്കുമ്പോൾ...**
താവം ബാലകൃഷ്ണൻ

**33 കർഷക സമരം ഇനിയും തുടരുക തന്നെ ചെയ്യും**
അലൻ പോൾ വർഗ്ഗീസ്





**8 വൈദ്യുതിരംഗം പൊതുമേഖലയിൽ സംരക്ഷിക്കപ്പെടണം**
എം പി ഗോപകുമാർ



വിലാസം :
എ.ഐ.ടി.യു.സി കേരള സംസ്ഥാന കൗൺസിൽ ഓഫീസ്,
പി.എസ് സ്മാരകം, വൃന്ദാവൻ ഗാർഡൻ, പട്ടം പാലസ് പി.ഒ.,
തിരുവനന്തപുരം 4. ഫോൺ : 0471 2443634, 2441579
ഇമെയിൽ: aituckerala@gmail.com



ചീഫ് എഡിറ്റർ: കാനം രാജേന്ദ്രൻ
പത്രാധിപസമിതി: കെ.പി. രാജേന്ദ്രൻ, ജെ. ഉദയഭാനു, വി.ബി. ബിനു,
ആർ. പ്രസാദ്, എം.പി. ഗോപകുമാർ, എം.ജി. രാഹുൽ, കവിത രാജൻ
കവർ ഡിസൈൻ, ലെഔട്ട്: അനീഷ് കെ.പി.

## DEPARTMENT OF ECONOMICS & STATISTICS

No.DES/859/2021-P3(1) Thiruvananthapuram, 11/07/2021

### Consumer Price Index Numbers for Agricultural Labourers and Industrial Workers for the Month of May 2021

Vide G.O.(MS) No.103/2013/LBR. dated 31-8-2013 of Labour and Skills (E) Department , Government of Kerala and the G.O.(MS) No. 34/2015/LBR. dated 26-03-2015 published in the Kerala Gazette extra ordinary No.19 ( Vol.IV ) dated 12-05-2015.

| Slno. | Centre | Linking Factor* | Index Numbers for Base : 2011-12 = 100 | | Estimated Indices for Base : 1998-99 = 100 | |
|---|---|---|---|---|---|---|
| | | | April 2021 | May 2021 | April 2021 | May 2021 |
| 1 | Thiruvananthapuram | 2.11 | 177 | 179 | 373 | 378 |
| 2 | Kollam | 2.09 | 173 | 174 | 362 | 364 |
| 3 | Punalur | 2.10 | 177 | 180 | 372 | 378 |
| 4 | Pathanamthitta | 2.03 | 189 | 190 | 384 | 386 |
| 5 | Alappuzha | 2.05 | 185 | 187 | 379 | 383 |
| 6 | Kottayam | 2.08 | 182 | 182 | 379 | 379 |
| 7 | Mundakayam | 2.17 | 177 | 177 | 384 | 384 |
| 8 | Idukki | 1.97 | 175 | 176 | 345 | 347 |
| 9 | Ernakulam | 2.03 | 177 | 177 | 359 | 359 |
| 10 | Chalakkuddy | 2.00 | 186 | 188 | 372 | 376 |
| 11 | Thrissur | 1.87 | 188 | 188 | 352 | 352 |
| 12 | Palakkad | 2.09 | 168 | 169 | 351 | 353 |
| 13 | Malappuram | 2.00 | 180 | 181 | 360 | 362 |
| 14 | Kozhikode | 2.02 | 184 | 187 | 372 | 378 |
| 15 | Wayanad | 1.93 | 180 | 181 | 347 | 349 |
| 16 | Kannur | 2.02 | 189 | 192 | 382 | 388 |
| 17 | Kasargod | 2.05 | 187 | 189 | 383 | 387 |

* Linking factors approved in G.O (MS) No .34/2015/LBR. dated 26-03-2015 have been used with effect from April 2015. Base in old series is 1998-99 = 100 for all centres.

The Consumer Price Index (Cost of Living Index) Numbers applicable to employees in employment under the Minimum Wages Act (Central Act XI of 1948) for the month of February 2019 as ascertained by the Director General of Economics & Statistics under clause (C) of Section 2 of the Act.

Department of Economics & Statistics
Thiruvananthapuram, Dated 11/07/2021

**Sd/-**
**Babu P.V**
**(Director)**

**Website: www.ecostat.kerala.gov.in**
**Email: ecostatprice@gmail.com**

Copyright 2017 Department of Economics & Statistics




**കെ പി രാജേന്ദ്രൻ**
ജനറൽ സെക്രട്ടറി,
എ.ഐ.ടി.യു.സി.


# സമരപഥങ്ങളിൽ

# ആമ്പല്ലൂരിലെ സമരാവേശം

**ആ**മ്പല്ലൂരിലെ നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ അളഗപ്പ മില്ലിനു മുന്നിൽ കഴിഞ്ഞ 17 മാസങ്ങളായി തൊഴിലാളികൾ സമരത്തിലാണ്. മിൽ തുറന്ന് പ്രവർത്തിക്കുക, പട്ടിണിയിലായ തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് സമരം. 2020 മാർച്ച് 24-നാണ് കേന്ദ്ര പൊതുമേഖല സ്ഥാപനമായ നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ 23 മില്ലുകൾ പൂട്ടിയത്. ഇതിൽ കേരളത്തിലെ അഞ്ച് മില്ലുകളും ഉൾപ്പെടും. ഈ മില്ലുകൾ തുറന്ന് പ്രവർത്തിക്കാനുള്ള ഒരു നടപടിയും ഉണ്ടാകുന്നില്ല. മില്ലുകളുടെ നവീകരണത്തിനായി പഞ്ചാബ് നാഷണൽ ബാങ്കിൽ നിക്ഷേപിച്ചിരുന്ന 6000 കോടി രൂപ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം മാനേജ്മെന്റ് വകമാറ്റിക്കഴിഞ്ഞു. ഇതിനിടയിൽ ബോംബേയിലെ ഏറ്റവും വിലപിടിപ്പുള്ള സ്ഥലത്ത് പ്രവർത്തിച്ചിരുന്ന മില്ല് 600 കോടി രൂപക്ക് വിറ്റു. തൊഴിലാളികളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടി യന്ത്രങ്ങൾ വാങ്ങാനും മറ്റു ചില നവീകരണ പ്രവർത്തനങ്ങൾക്കുമായി കുറച്ച് കോടികൾ ചിലവഴിച്ചു എന്നത് കേന്ദ്ര സർക്കാരിന്റെ വഞ്ചന മൂടി വക്കാനുള്ള തന്ത്രം മാത്രമായിരുന്നു.

അളഗപ്പ മില്ലിൽ 434 സ്ഥിരം ജീവനക്കാരും 33 കാഷ്വൽ തൊഴിലാളികളും 200-ൽപ്പരം സ്ഥിരം ദിവസ വേതനത്തൊഴിലാളികളുമാണ് ജോലി ചെയ്തിരുന്നത്. ഭൂരിപക്ഷം പേരും സ്ത്രീത്തൊഴിലാളികളാണ്. ഇവർക്ക് 40 ശതമാനം വേതനം നൽകുന്നുണ്ട്. പക്ഷേ ഇ.എസ്.ഐ., പി.എഫ്., വായ്പ വിഹിതം എന്നിവ കിഴിച്ച് കയ്യിൽ കിട്ടുന്നത് 2000-2500 രൂപ മാത്രം. കമ്പനിക്ക് സ്വന്തമായി 50 ഏക്കർ ഭൂമിയുണ്ട്. ഈ ഭൂമി അളന്ന് തിട്ടപ്പെടുത്താനും വിൽക്കാനുമുള്ള മാനേജ്മെന്റിന്റെ നീക്കം തൊഴിലാളികളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് തടയപ്പെട്ടു.

അളഗപ്പ മില്ലിന്റെ ചരിത്രം എ.ഐ.ടി.യു.സി.യുടെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. മൂവായിരത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്ന വലിയൊരു സ്വകാര്യ മില്ലായിരുന്നു അത്. അടിമ സമാന സാഹചര്യമായിരുന്നു അവിടെ നിലനിന്നിരുന്നത്. തൊഴിലാളികളെ സംഘടിപ്പിച്ച് അവകാശങ്ങൾ നേടുന്നതിനുള്ള ഉജ്ജ്വലമായ പോരാട്ടങ്ങൾ നടന്ന സ്ഥലമാണ് ആമ്പല്ലൂർ. എ.ഐ.ടി.യു.സി.സ്ഥാപക നേതാക്കളായ സഖാക്കൾ പി.എസ്.നമ്പൂതിരിയും ജോർജ്ജ് ചടയംമുറിയും കെ.കെ.വാരിയരുമൊക്കെ നേതൃത്വം നൽകിയ തൊഴിലാളി സമരങ്ങളുടെ ഏറ്റവും ആവേശകരമായ അനുഭവങ്ങളിലൂടെ വളർന്ന് വന്നവരാണീ തൊഴിലാളികൾ. മുതലാളി മിൽ അടച്ചു പൂട്ടി തൊഴിലാളികളെ വഴിയാധാരമാക്കിയപ്പോൾ ഈ മില്ല് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ മില്ലുകൾ ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തി തൊഴിലാളികളെ സംരക്ഷിച്ചത് 1972-ൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളായ സ.സി.അച്യുതമേനോൻ മുഖ്യമന്ത്രിയും സ.ടി.വി.തോമസ് വ്യവസായ മന്ത്രിയുമായിരുന്നപ്പോഴാണ്. പിന്നീട് ഈ മില്ലുകൾ കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറുകയാണുണ്ടായത്.

കേന്ദ്ര സർക്കാരിന്റെ ലക്ഷ്യം വ്യക്തമാണ്. പൊതുമേഖല സ്ഥാപനങ്ങൾ വിറ്റഴിക്കലും സ്വകാര്യവൽക്കരിക്കലും മുഖ്യ അജണ്ടയുമായി മുന്നോട്ട് പോകുന്ന കേന്ദ്ര സർക്കാൻ എൻ.ടി.സി.മില്ലുകളും വിറ്റഴിക്കാനുള്ള എല്ലാ സാഹചര്യങ്ങളും ഒരുക്കുകയാണ്. എ.ഐ.ടി.യു.സി.നേതൃത്വത്തിലുള്ള ടെക്സ്റ്റൈൽസ് എംപ്ലോയീസ് യൂണിയൻ ശക്തമായി സമര രംഗത്തുണ്ട്. യൂണിയൻ പ്രസിഡന്റ് സ.വി.എസ്.പ്രിൻസിന്റേയും സെക്രട്ടറി സ.കെ.ഉണ്ണികൃഷ്ണന്റേയും നേതൃത്വത്തിൽ തൊഴിലാളികൾ 17 മാസങ്ങളായി സമരത്തിന് മുന്നിലുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അളഗപ്പനഗർ വെസ്റ്റ്, ഈസ്റ്റ് ലോക്കൽ കമ്മിറ്റികൾ ഇപ്പോൾ ഈ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് തുടർച്ചയായ ബഹുജന സത്യാഗ്രഹം നടത്തി വരികയാണ്. എ.ഐ.വൈ.എഫ്., എ.ഐ.എസ്.എഫ്., മഹിളാസംഘം തുടങ്ങി എല്ലാ ബഹുജന സംഘടനകളും സജീവമായി രംഗത്തുണ്ട്.

ഇതിനു മുമ്പ് പലതവണ സമരത്തിൽ ഞാനും പങ്കെടുത്തിരുന്നു. ജൂലായ് 24 ശനിയാഴ്ച സത്യാഗ്രഹ സമരത്തിൽ പങ്കെടുക്കാൻ വീണ്ടും ഞാൻ കമ്പനിപ്പടിക്കൽ എത്തി. സഖാക്കൾ ആവേശത്തോടെ സമര രംഗത്ത് ഉറച്ച് നിൽക്കുകയാണ്. വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ആ തൊഴിലാളികളെ സഹായിക്കുവാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

## പൊതുമേഖല വിറ്റു തുലക്കുന്നതിനെതിരെ

കേന്ദ്ര സർക്കാർ ഈയടുത്ത് കൈക്കൊണ്ട ഒരു പ്രധാന തീരുമാനമാണ് പൊതുമേഖല സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണ ചുമതല ഇനി മുതൽ ധനകാര്യ വകുപ്പിന്

കീഴിലായിരിക്കണമെന്നത്. രാജ്യത്തുള്ള പൊതുമേഖല സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾക്ക് വേഗത പോര എന്നത് പരിഗണിച്ചാണ് ഈ അസാധാരന നടപടി.

കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുടേ നേതൃത്വത്തിൽ ജൂലായ് 23-ന് നടന്ന ദേശീയ സമരം തൊഴിലാളികളുടെ വലിയ പങ്കാളിത്തത്തോടെ വൻ വിജയമായി. പ്രതിരോധ വകുപ്പിന് കീഴിലുള്ള 41 ഓർഡനൻസ് ഫാക്ടറികൾ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നടപടിക്കെതിരേ അതിശക്തമായ പ്രതിഷേധമാണ് രാജ്യത്ത് ഉയർന്ന് വരുന്നത്. പ്രത്യേകിച്ച് പ്രതിരോധ വകുപ്പിന് കീഴിലുള്ള തൊഴിലാളികളുടേയും ജീവനക്കാരുടേയും പണിമുടക്ക് നിരോധിച്ചു കൊണ്ടുള്ള "എസ്സൻഷ്യൽ ഡിഫൻസ് സർവ്വീസ് ഓർഡിനൻസ് 2021" പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ. മുഴുവൻ തൊഴിലാളികളും ഒന്നിച്ചുള്ള പണിമുടക്ക് അതിശക്തമായിരിക്കും എന്ന് കേന്ദ്ര സർക്കാരിന് അറിയാം. അതു കൊണ്ട് തന്നെയാണ് തിരക്ക് പിടിച്ച് ജൂൺ 30ന് അർദ്ധരാത്രി ഇതുപോലുള്ള ഒരു കരി നിയമം നടപ്പിലാക്കുന്നതിന് രാഷ്ട്രപതി ഒപ്പ് വച്ച് വിജ്ഞാപനം ഇറക്കിയത്. രാജ്യത്ത് നിലവിലുള്ള "1947-ലെ വ്യവസായ തർക്ക നിയമ"ത്തിന്റെ ലംഘനമാണിത്. ബി.ജെ.പി.സർക്കാർ തന്നെ 2020-ൽ ചർച്ചയൊന്നും കൂടാതെ ഏകപക്ഷീയമായി പാസ്സാക്കിയെടുത്ത "ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡി"ലെ വ്യവസ്ഥകളുടേയും നഗ്നമായ ലംഘനമാണ് പുതിയ ഓർഡിനൻസിലെ വ്യവസ്ഥകൾ. ജൂലായ് 8-ന് തൊഴിലാളികൾ "ബ്ലാക്ക് ഡേ" ആചരിച്ചു കൊണ്ടാണ് പ്രതിഷേധത്തിന് തുടക്കം കുറിച്ചത്. എ.ഐ.ടി.യു.സി. സംസ്ഥാനകമ്മിറ്റി സംഘടിപ്പിച്ച പ്രതിരോധ മേഖലയിലെ തൊഴിലാളികളോടുള്ള ഐക്യദാർഢ്യ (ഓൺലൈൻ) സമ്മേളനം സി.പി.ഐ.അസിസ്റ്റന്റ് സെക്രട്ടറി സ.പ്രകാശ് ബാബു ഉദ്ഘാടനം ചെയ്തു. എറണാകുളം ജില്ല കമ്മിറ്റി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് സംഘടിപ്പിച്ച "ഐക്യദാർഢ്യ സദസ്സ്" ഉദ്ഘാടനം ചെയ്തത് ഞാനാണ്. ജില്ല പ്രസിഡന്റ് സ.കെ.കെ.അഷ്റഫ്, സെക്രട്ടറി കെ.എൻ.ഗോപി, സംസ്ഥാന സെക്രട്ടറി എലിസബത്ത് അസീസി, സംസ്ഥാന വർക്കിംഗ് കമ്മിറ്റി അംഗങ്ങളായ എം.പി.രാധാകൃഷ്ണൻ, ജോൺ ലൂക്കോസ്, ഡിഫൻസ് എംപ്ലോയീസ് ഫെഡറേഷൻ ദേശീയ വർക്കിംഗ് കമ്മിറ്റി അംഗം സ.കെ.ജയചന്ദ്രൻ നായർ എന്നിവർ പ്രസംഗിച്ചു. കേരളത്തിലെ പ്രമുഖ ട്രേഡ് യൂണിയൻ നേതാക്കളെ പങ്കെടുപ്പിച്ചു കൊണ്ട് നടത്തിയ ഐക്യ സമര സമ്മേളനവും സോഷ്യൽ മീഡിയ വഴിയുള്ള പ്രചരണവും ഈ പരിപാടികൾ നല്ലവണ്ണം ജനങ്ങളിലെത്തിക്കാൻ സഹായിച്ചു.

ജൂലായ് 23-ന് സംസ്ഥാനത്ത് പതിനായിരം കേന്ദ്രങ്ങളിൽ കോവിഡ് മാനദണ്ഡം പാലിച്ചു കൊണ്ട് നടത്തിയ പ്രതിഷേധ സമരം ശ്രദ്ധേയമായിരുന്നു.

## വൈദ്യുതി നിയമ ഭേദഗതിക്കെതിരായ സമരം

2021-ലെ വൈദ്യുതി നിയമ ഭേദഗതി ബിൽ പിൻവലിക്കുക, എസ്സൻഷ്യൽ ഡിഫൻസ് സർവ്വീസ് ഓർഡിനൻസ് പിൻവലിക്കുക, പൊതുമേഖലസ്ഥാപനങ്ങളെ ധനമന്ത്രാലയത്തിന് കീഴിലാക്കിയ നടപടി പിൻവലിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ജൂലായ് 16-ന് എ.ഐ.ടി.യു.സി. സംസ്ഥാനത്തെ രാജ്ഭവന് മുന്നിലും മറ്റ് 485 കേന്ദ്ര സർക്കാർ ഓഫീസുകൾക്ക് മുന്നിലും പ്രതിഷേധ സമരം സംഘടിപ്പിക്കുകയുണ്ടായി. രാജ്ഭവന് മുന്നിൽ നടന്ന സമരം എ.ഐ.ടി.യു.സി. സംസ്ഥാന സെക്രട്ടറിയും ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറിയുമായ സ.എം.പി.ഗോപകുമാർ ഉദ്ഘാടനം ചെയ്തു. ഈ സമരവുമായി ബന്ധപ്പെട്ട് വളരെ വിപുലമായ കാമ്പയിനാണ് സംഘടിപ്പിച്ചത്. ജൂലായ് 13,14,15 തിയതികളിൽ നടന്ന ഓൺലൈൻ പ്രഭാഷണ പരിപാടി ഈ കാമ്പയിൻ വിജയിപ്പിക്കുന്നതിന് സഹായകരമായി. എ.ഐ.ടി.യു.സി. സെക്രട്ടറിമാരായ സ.എം.ജി.രാഹുൽ, എം.പി.ഗോപകുമാർ, വർക്കിംഗ് കമ്മിറ്റി അംഗം കെ.ജയചന്ദ്രൻ നായർ എന്നിവരാണ് പ്രഭാഷണങ്ങൾ നടത്തിയത്. ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ ഉൾപ്പെടെയുള്ള എല്ലാ സംഘടനകളും ചേർന്നുള്ള ദേശീയ കോ-ഓർഡിനേഷൻ കമ്മിറ്റി ശക്തമായ പ്രക്ഷോഭമാണ് വളർത്തിക്കൊണ്ട് വന്നിട്ടുള്ളത്.

## കേന്ദ്ര സർക്കാരിനെതിരായ കുറ്റപത്രം

വൈദ്യുതി നിയമ ഭേദഗതിക്കെതിരായ തൊഴിലാളികളുടേയും ജീവനക്കാരുടേയും സമരത്തിന്റെ ഭാഗമായി ജൂലായ് 19-ന് സംസ്ഥാനത്തെ 1000 കേന്ദ്രങ്ങളിൽ കേന്ദ്രസർക്കാരിനെതിരായ കുറ്റ വിചാരണ നടന്നു. വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണം രാജ്യത്തിന്റെ വിവിധ മേഖലകളിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ചൂണ്ടിക്കാട്ടിയുള്ള 13 കുറ്റങ്ങൾ ആരോപിച്ചുകൊണ്ട് നടത്തിയ ഈ പരിപാടി വളരെ ശ്രദ്ധേയമായി.

ആഗസ്റ്റ് 10-ന് ദേശീയാടിസ്ഥാനത്തിൽ വൈദ്യുതി മേഖലയിലെ എഞ്ചിനീയർമാരും ഓഫീസർമാരുമുൾപ്പെടെ മുഴുവൻ തൊഴിലാളികളും ജീവനക്കാരും പണിമുടക്കുകയാണ്. പ്രതിരോധ മേഖലയിലെ പണിമുടക്ക് നിരോധിച്ച് ഓർഡിനൻസ് കൊണ്ടുവന്ന പോലെ കേന്ദ്ര സർക്കാരിന്റെ കടുത്ത നടപടികൾ വൈദ്യുതി മേഖലയിലും ഉണ്ടാകാനുള്ള സാദ്ധ്യതകൾ കണക്കിലെടുത്ത് സംഘടനകൾ അതീവ ജാഗ്രതയിലാണ്. പണിമുടക്ക് വിജയിപ്പിക്കാനുള്ള എല്ലാ പ്രവർത്തനങ്ങളിലും മുഴുവൻ സഖാക്കളും രംഗത്തുണ്ടാവണം.

## മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിന്

കേരള സ്റ്റേറ്റ് മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ നടക്കുന്ന സമരങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ലക്കത്തിലും ഞാൻ എഴുതിയിരുന്നു. മത്സ്യത്തൊഴിലാളികളുടെ തൊഴിലും ജീവനോപാധികളും തകർക്കുന്നതിനോടൊപ്പം കടലും കടൽ വിഭവങ്ങളും കടൽ സമ്പത്തും കൊള്ളയടിക്കുന്നതിനുള്ള ശക്തവും സംഘടിതവുമായ നീക്കങ്ങളാണ് ആഗോളതലത്തിൽ കോർപ്പറേറ്റുകൾ നടത്തി വരുന്നത്. കേന്ദ്രത്തിലെ മുൻ കോൺഗ്രസ്സ് സർക്കാരിന്റേയും ഇപ്പോഴത്തെ ബി.ജെ.പി.സർക്കാരിന്റേയും നയങ്ങളും നിയമങ്ങളുമെല്ലാം ആ വഴിക്ക് തന്നെയാണ് നീങ്ങുന്നത്. കേന്ദ്ര സർക്കാർ കൊണ്ട് വന്നിട്ടുള്ള "ബ്ലൂ ഇക്കോണമി നയരേഖ" ഇക്കാര്യം വ്യക്തമാക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ തൊഴിലും വരുമാനവും ഉറപ്പ് വരുത്തുക, തീരദേശ ജനതയുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക, കേന്ദ്ര സർക്കാരിന്റെ ബ്ലൂ ഇക്കോണമി പദ്ധതി പിൻവലിക്കുക, കടലും കായലും തീരവും മത്സ്യസമ്പത്തും മത്സ്യത്തൊഴിലാളിയുടെ അവകാശം, മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണത്തിന് കേന്ദ്ര-സം

സ്ഥാന സർക്കാരുകൾ നിയമ നിർമ്മാണം നടത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് എ.ഐ.ടി.യു.സി. സംസ്ഥാനകമ്മിറ്റിയുടെ നേതൃത്വത്തിൽ ജൂലൈ 5-ന് നടത്തിയ സമരം നല്ല ഒരു ഇടപെടൽ ആയിരുന്നു. തീര പ്രദേശം കേന്ദ്രീകരിച്ചും മറ്റ് പ്രദേശങ്ങളിൽ പൊതു സ്ഥലങ്ങളിലും നടത്തിയ സമരത്തിൽ എ.ഐ.ടി.യു.സി. സംസ്ഥാന ഭാരവാഹികളും ജില്ല നേതാക്കളും നേതൃത്വം നൽകി. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന പ്രതിഷേധ സമരം സി.പി.ഐ. പാർലമെന്ററി പാർട്ടി ലീഡർ സ.ബിനോയ് വിശ്വം എം.പി. ഉദ്ഘാടനം ചെയ്തു.

ഈ കാമ്പയിന്റെ ഭാഗമായി എ.ഐ.ടി.യു.സി. സംസ്ഥാനകമ്മിറ്റി സംഘടിപ്പിച്ച ഓൺലൈൻ പ്രഭാഷണ പരിപാടിയിൽ എ.ഐ.ടി.യു.സി. വൈസ് പ്രസിഡന്റ് സ. ടി.ജെ. ആഞ്ചലോസ്, സംസ്ഥാന സെക്രട്ടറിമാരായ സ.ആർ. പ്രസാദ്, സ. എലിസബത്ത് അസീസി, മത്സ്യത്തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി സ.ടി.രഘുവരൻ എന്നിവർ പങ്കെടുത്ത് സംസാരിച്ചു. ഇതോടനുബന്ധിച്ച് പ്രമുഖ പരിസ്ഥിതി പ്രവർത്തകയും ശാസ്ത്രജ്ഞയുമായ ഡോ.കെ.ജി.താര നടത്തിയ പ്രഭാഷണം വളരെ വിജ്ഞാനപ്രദമായി.

**കോവിഡ് പ്രൊട്ടോക്കോൾ പാലിക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. സംസ്ഥാനത്ത് ലോക്ക്ഡൗണും കണ്ടയിൻമെന്റ് സോണുകളും കാരണം തൊഴിലാളികൾക്ക് പല ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നുണ്ട്. സമരങ്ങളിൽ പങ്കെടുക്കുന്നവരുടെ പേരിൽ കേസ് എടുക്കുന്നതും പിഴയടക്കേണ്ടി വരുന്നതും സഖാക്കൾ ചൂണ്ടിക്കാട്ടുന്നുണ്ട്.**

## തൊഴിലും വേതനവും സംരക്ഷിക്കാൻ

എ.ഐ.ടി.യു.സി. നേതൃത്വത്തിലുള്ള വിവിധ ഫെഡറേഷനുകളുടെ നേതൃത്വത്തിൽ തുടർച്ചയായ സമരങ്ങളാണ് നടന്ന് വരുന്നത്. ഓരോ മേഖലയിലേയും തൊഴിലാളികൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ ഉന്നയിക്കുന്നതിനും തൊഴിലാളികൾക്കിടയിൽ കാമ്പയിൽ ചെയ്യുന്നതിനും അതാത് മേഖലയിൽ പ്രവർത്തിക്കുന്ന ഫെഡറേഷനുകൾ മുൻകൈ എടുക്കണം. ട്രേഡ് യൂണിയൻ മാസികയുടെ കഴിഞ്ഞ ലക്കത്തിൽ ഞാൻ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. ദേശീയാടിസ്ഥാനത്തിൽ എ.ഐ.ടി.യു.സി. നേതൃത്വം കൂടുതൽ ശക്തമായ പ്രക്ഷോഭത്തിനാണ് തീരുമാനം എടുത്തിട്ടുള്ളത്. ജനറൽ സെക്രട്ടറി സ.അമർജീത് കൗർ നടത്തുന്ന ഇടപെടലുകളും ജാഗ്രതയും ശ്രദ്ധയും വളരെ മാതൃകാപരമാണ്.

ഓരോ മേഖലയിലും നടക്കുന്ന വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. അതത് മേഖലകളിലെ ചുമതലപ്പെട്ട സഖാക്കൾ ട്രേഡ് യൂണിയൻ മാസികയുടെ തുടർന്നുള്ള ലക്കങ്ങളിൽ എഴുതണമെന്ന് ഞാൻ സഖാക്കളോട് അഭ്യർത്ഥിക്കുന്നു.

ജൂലായ് 8-ന് നിർമ്മാണത്തൊഴിലാളികൾ നടത്തിയ സമരം, ജൂലായ് 13-ന് സഹകരണ ജീവനക്കാർ കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തിയ സമരം, ജൂലായ് 19-ന് മോട്ടോർ തൊഴിലാളി യൂണിയൻ നടത്തിയ സമരം, ജൂലായ് 22-ന് ചുമട്ട് തൊഴിലാളികൾ നടത്തിയ സമരം, ജൂലായ് 26-ന് വഴിയോര കച്ചവടത്തൊഴിലാളികൾ നടത്തിയ സമരം, ജൂലായ് 26-ന് കർഷകത്തൊഴിലാളികൾ നടത്തിയ സമരം, ജൂലായ് 28-ന് സ്കൂൾ പാചകത്തൊഴിലാളികൾ നടത്തിയ സമരം, പാചക വാതക വില വർദ്ധനവിനെതിരേ വർക്കിംഗ് വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടത്തിയ സമരങ്ങൾ എല്ലാം ഓരോ മേഖലയിലേയും അടിയന്തിര പ്രാധാന്യമുള്ള ആവശ്യങ്ങൾ ഉയർത്തിക്കൊണ്ടുള്ള സമരങ്ങളായിരുന്നു. ഈ പ്രക്ഷോഭ പരിപാടികൾ വിജയിപ്പിക്കുവാൻ എ.ഐ.ടി.യു.സിയുടെ വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ മുൻകൈ എടുത്തിരുന്നു.

കോവിഡ് പ്രൊട്ടോക്കോൾ പാലിക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. സംസ്ഥാനത്ത് ലോക്ക്ഡൗണും കണ്ടയിൻമെന്റ് സോണുകളും കാരണം തൊഴിലാളികൾക്ക് പല ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നുണ്ട്. സമരങ്ങളിൽ പങ്കെടുക്കുന്നവരുടെ പേരിൽ കേസ് എടുക്കുന്നതും പിഴയടക്കേണ്ടി വരുന്നതും സഖാക്കൾ ചൂണ്ടിക്കാട്ടുന്നുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചും എല്ലാ നിയന്ത്രണങ്ങളും അംഗീകരിച്ചും വളരെ കുറച്ച് തൊഴിലാളികളാണ് ഓരോ സമര കേന്ദ്രങ്ങളിലും പങ്കെടുക്കുന്നത്. കൂടുതൽ കേന്ദ്രങ്ങളിൽ സമരം നടത്തുന്നതിനും, വീടുകളും തൊഴിലിടങ്ങളും കേന്ദ്രീകരിച്ചും സമരം നടത്താൻ നമ്മൾ നിർബന്ധിതരാകുകയാണ്.

അടച്ചുപൂട്ടിക്കിടക്കുന്ന കശുഅണ്ടി ഫാക്ടറികൾ തുറക്കണമെന്ന ആവശ്യം കശുഅണ്ടി തൊഴിലാളി കേന്ദ്ര കൗൺസിൽ നിരന്തരമായി ആവശ്യപ്പെടുകയാണ്. ജൂലായ് 26-ന് എ.ഐ.ടി.യു.സി. നേതൃത്വത്തിൽ തൊഴിലാളികൾ അടച്ചിട്ടിരിക്കുന്ന കശുഅണ്ടി കമ്പനികൾക്ക് മുന്നിൽ ധർണ്ണ നടത്തി. പൂട്ടിക്കിടക്കുന്ന കമ്പനികൾ തുറക്കാൻ ഉടമകൾ തയ്യാറാകുന്നില്ലങ്കിൽ നിയമം മൂലം ഏറ്റെടുക്കണമെന്ന ആവശ്യം ഉയർത്തിക്കൊണ്ട് ശക്തമായ സമരത്തിന് മുൻകൈ എടുക്കണമെന്നാണ് എന്റെ അഭിപ്രായം.

അടച്ചുപൂട്ടിക്കിടക്കുന്ന തോട്ടങ്ങളുടെ സ്ഥിതിയും വ്യത്യസ്ഥമല്ല. എ.ഐ.ടി.യു.സി. സംസ്ഥാന വർക്കിംഗ് കമ്മിറ്റി യോഗം കശുഅണ്ടി, തോട്ടം മേഖലകളിലെ ഈ ഗൗരവമേറിയ വിഷയം ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതാണ്.

## വർക്കിംഗ് വിമൻ ഫോറം

സ്ത്രീകളുടെ സംരക്ഷണവും, സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളും സ്ത്രീത്തൊഴിലാളികളുടെ വിവിധ ആവശ്യങ്ങളും ഉന്നയിച്ച് കൊണ്ട് ജൂലായ് 1-ന് സംഘടിപ്പിച്ച പ്രതിഷേധ സമരത്തിന് നല്ല സ്വീകാര്യത ഉണ്ടായി. സ്ത്രീ സുരക്ഷ നിയമങ്ങൾ കർശനമായി നടപ്പിലാക്കുക, സ്ത്രീകളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക, സ്ത്രീ സുരക്ഷ നിയമങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയുടെ ഭാഗമാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടായിരുന്നു ആ പ്രതിഷേധ പരിപാടി സംഘടിപ്പിച്ചിരുന്നത്. ഇതിന്റെ ഭാഗമായി ജൂലായ് 4-ന് നടന്ന ഓൺലൈൻ ശിൽപ്പശാലയിൽ അഭിഭാഷകരായ സ.എം.എസ്.താര, സ.ആശ ഉണ്ണിത്താൻ, സ.കെ.മല്ലിക, എം.എസ്. സുഗൈദ കുമാരി എന്നിവർ സംസാരിക്കുകയുണ്ടായി.

**എം പി ഗോപകുമാർ**
സെക്രട്ടറി, എ.ഐ.റ്റി.യു.സി സംസ്ഥാന കൗൺസിൽ
ജനറൽ സെക്രട്ടറി, കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ



# വൈദ്യുതിരംഗം പൊതുമേഖലയിൽ സംരക്ഷിക്കപ്പെടണം



**സ്വാ**തന്ത്ര്യലബ്ധിയ്ക്ക് മുൻപ് രാജ്യത്തിന്റെ പൊതുസ്വത്തുകളും അടിസ്ഥാന സൗകര്യങ്ങളുമെല്ലാം തന്നെ സമ്പന്നവരേണ്യവർഗ്ഗ വിഭാഗങ്ങൾക്കുമാത്രം പ്രാപ്യമായിരുന്നു. എന്നാൽ സ്വാതന്ത്ര്യാനന്തരം രാജ്യത്തിന്റെ വികസന പ്രക്രിയയിൽ സാധാരണ ജനങ്ങൾക്കുകൂടി പങ്കാളിത്തം നൽകുന്ന ജനകീയ വികസന നയങ്ങളാണ് ദേശീയ നേതാക്കളാൽ നയിക്കപ്പെട്ട നമ്മുടെ ഭരണാധികാരികൾ സ്വീകരിച്ചുപോന്നത്. വികസനം ജനങ്ങൾക്ക് എന്ന അടിസ്ഥാനതത്വം മുൻനിർത്തി എല്ലാമേഖലകളിലും പൊതുമേഖലാ സംരംഭങ്ങൾ ആരംഭിക്കുകയും അവയെ നാടിന്റെ നട്ടെല്ലാക്കി മാറ്റി നാല് പതിറ്റാണ്ടിലേറെക്കാലം അതായത് ഉദാരവത്ക്കരണ സ്വകാര്യവത്ക്കരണ ആഗോളവത്ക്കരണ നയങ്ങൾ നടപ്പിലാക്കി തുടങ്ങിയ 1990 കാലഘട്ടംവരെ സംരക്ഷിച്ചുപോരുന്ന നയപരിപാടികളാണ് കേന്ദ്ര ഭരണാധികാരികൾ സ്വീകരിച്ചുപോന്നത്.

## പൊതുമേഖല നാടിന്റെ സ്വത്ത്

വൈദ്യുതി രംഗത്തുൾപ്പെടെ നമ്മുടെ രാജ്യം കൈവരിച്ച നേട്ടങ്ങളെല്ലാം തന്നെ പൊതുമേഖലാ സംവിധാനങ്ങളിലൂടെ ആർജ്ജിച്ചവയാണ്. ഉത്പാദന സേവന രംഗങ്ങളിലെല്ലാം രാജ്യത്തിന്റെ സമ്പത്ത് ഉപയോഗപ്പെടുത്തി ജനകീയ പങ്കാളിത്തത്തോടെ പൊതുമേഖലാ സംരഭങ്ങൾ ആരംഭിച്ച് അവയെല്ലാം രാജ്യത്തിന്റെ പൊതുസ്വത്തുക്കളാക്കി മാറ്റി. പൊതുമേഖലയെന്നാൽ ജനങ്ങളുടെ സ്വത്താണ്, രാജ്യത്തിന്റെ പൊതുസ്വത്താണ്. പൊതുമേഖല സേവനമുഖമുള്ള മേഖലയാണ് എന്നാൽ സ്വകാര്യമേഖല തികച്ചും ലാഭകേന്ദ്രീകൃതവും, 'ലാഭം, കൂടുതൽ ലാഭം' എന്ന ലക്ഷ്യം മാത്രമാണ് സ്വകാര്യമേഖലയ്ക്ക് ഉള്ളത്. പൊതുമേഖലയുടെ നേട്ടങ്ങളെല്ലാം നാടിന്റെയും ജനങ്ങളുടേയും നന്മയ്ക്കായി ഉപയോഗപ്പെടുമ്പോൾ സ്വകാര്യമേഖലയുടെ നേട്ടങ്ങൾ മുഖ്യമായും കേവലം വ്യക്തികളുടേയോ കമ്പനികളുടേയോ നേട്ടങ്ങളായി മാത്രം ചുരുങ്ങുകയാണ്.

## നവഉദാരവത്ക്കരണ കാലത്തെ ഇൻഡ്യൻ വൈദ്യുതിമേഖല

1990 കാലഘട്ടം മുതൽ നവഉദാരവത്ക്കരണ നയവക്താക്കളായി മാറിയ കേന്ദ്ര ഭരണാധികാരികൾ തങ്ങളുടെ മുൻഗണനാപട്ടികയിൽ നിന്നും പൊതുമേഖലയെ ഒഴിവാക്കുകയും സ്വകാര്യമേഖലയ്ക്ക് അമിതപ്രാധാന്യവും എല്ലാ സൗകര്യങ്ങളും നൽകിക്കൊണ്ടുള്ള നയങ്ങൾക്ക് രൂപം നൽകി നിർബന്ധപൂർവ്വം നടപ്പിൽ വരുത്തി. രാജ്യത്ത് നിലവിലുണ്ടായിരുന്ന ജനപക്ഷ തൊഴിലാളിപക്ഷ നിയമങ്ങളെല്ലാം തന്നെ സ്വകാര്യകുത്തക മുതലാളിമാർക്ക് അനുകൂലമായി ഭേദഗതി ചെയ്തുകൊണ്ട് സ്വകാര്യവത്ക്കരണ നയങ്ങൾക്ക് നിയമപരമായ പിൻബലം ഉറപ്പാക്കി പൊതുമേഖലയെ തകർക്കുവാനുള്ള പടപ്പുറപ്പാടിലാണ് കേന്ദ്രഭരണാധികാരികൾ. പാലർമെന്റിനെപ്പോലും പലകുറി നോക്കുകുത്തിയാക്കുകയും സംസ്ഥാന സർക്കാരുകളുടെ അധികാര അവകാശങ്ങൾക്കുമേൽ നിരന്തരം കടന്നുകയറ്റങ്ങൾ നടത്തി ഫെഡറൽ തത്വങ്ങളെപ്പോലും അടിക്കടി ലംഘിച്ചുപോരുന്ന ജനാധിപത്യവിരുദ്ധ നടപടികൾക്കാണ് കേന്ദ്ര സർക്കാർ നേതൃത്വം നൽകിവരുന്നത്.

വ്യവസായങ്ങളുടെ വ്യവസായമായ വൈദ്യുതി രംഗത്തും മറ്റെല്ലാ മേഖലകളിലേയും പോലെ സ്വകാര്യമേഖലയ്ക്ക് പരവതാനിവിരിക്കുവാനായി വൈദ്യുതി നിയമം- 2003 അന്ന് കേന്ദ്രം ഭരിച്ചിരുന്ന വാജ്പേയിയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി സർക്കാർ നടപ്പിലാക്കി. അതുവരെ പൊതുമേഖലയിൽ ഈ രംഗം നിയന്ത്രിച്ചിരുന്ന 1910-ലെ ഇലക്ട്രിസിറ്റി ആക്റ്റ്, 1948-ലെ ഇലക്ട്രിസിറ്റി സപ്ലൈ ആക്റ്റ് 1956-ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി റൂൾ എന്നിവയ്ക്ക് പകരമായി ബി.ജെ.പിയും കോൺഗ്രസ്സും കൈകോർത്ത് പാസ്സാക്കിയ വൈദ്യുതി നിയമം 2003 ഇന്ത്യയിലെ പൊതുമേഖലാ വൈദ്യുതി ബോർഡുകളെ കഴുത്തുഞെരിച്ചുകൊല്ലാനുള്ള വകുപ്പുകൾ ഉൾപ്പെടുത്തിയാണ് പാസ്സാക്കപ്പെട്ടത്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും പൊതുമേഖലാ വൈദ്യുതി ബോർഡുകളെ പലകമ്പനികളാക്കി വിഭജിക്കുകയും അവയെ സ്വകാര്യ മേഖലയ്ക്ക് തീറെഴുതുകയും ചെയ്തു.

ആഗോളവത്ക്കരണ നയങ്ങൾക്കെതിരെ ശക്തമായ ചെറുത്തുനിൽപ്പ് ഉയർത്തുന്ന കേരളത്തിലും ഹിമാചൽ പ്രദേശിലും മാത്രമാണ് വൈദ്യുതി മേഖല ഇനിയും വിഭജിക്കപ്പെടാതെ ഒറ്റ സ്ഥാപനമായി പൊതുമേഖലയിൽ തുടർന്നുപോരുന്നത്.

## സ്വകാര്യമേഖലയ്ക്കായി വൈദ്യുതി നിയമ ഭേദഗതി

കുറഞ്ഞ മുതൽ മുടക്കിൽ കൊള്ള ലാഭം എന്നതാണ് സ്വകാര്യസംരഭകരുടെ ലക്ഷ്യം. നഷ്ടം സംഭവിച്ചാൽ യാതൊരു ബാധ്യതകളുമില്ലാതെ കളം വിടുമെന്നതാണ് അവരുടെ രീതി. വൈദ്യുതി ശൃംഖലയുടെ നിർമ്മാണത്തിനും തുടർ പരിപാലനത്തിനുമുള്ള ചെലവ് ഭീമമാണ്. നഷ്ടം വരുന്ന സാഹചര്യത്തിൽ ബിസിനസ്സ് ഉപേക്ഷിച്ചാൽ ശൃംഖല നിർമ്മാണത്തിന് ചെലവഴിച്ച പണം പൂർണ്ണമായും നഷ്ടപ്പെടുമെന്ന കാരണം തന്നെയാണ് നാളിതുവരെ ഈ രംഗം സ്വകാര്യമേഖലയ്ക്ക് കടന്നുവരാൻ തടസ്സം സൃഷ്ടിച്ചത്. അതുകൊണ്ടുതന്നെയാണ് കേന്ദ്രസർക്കാരും നവഉദാരവത്ക്കരണ നയവാദികളും ആശിച്ച വേഗതയിൽ വ്യാപക സ്വകാര്യവത്ക്കരണം ഈ രംഗത്ത് ഇനിയും നടപ്പിലാക്കാൻ കഴിയാതെ പോയത്. ലാഭകരമായി വൈദ്യുതി വിതരണം നടത്താമെന്ന ഉദ്ദേശത്തോടെ ചില പ്രധാന നഗരങ്ങൾ സ്വകാര്യ സംരഭകർക്ക് കൈമാറിയെങ്കിലും സേവനത്തിലെ അപര്യാപ്തതയും സാമ്പത്തിക കെടുകാര്യസ്ഥതയും ക്രമക്കേടുകളും മൂലം മിക്ക ഫ്രാഞ്ചൈസികളേയും അതാത് സംസ്ഥാന സർക്കാരുകൾക്ക് പുറത്താക്കേണ്ടിവന്നുവെന്നതാണ് വസ്തുത.

വൈദ്യുതി രംഗം സ്വകാര്യമേഖലയ്ക്ക് തീറെഴുതാനുള്ള നിയമപരമായ പിന്തുണ ഉറപ്പാക്കുന്നതിനാണ് 2013 മുതൽ 5 തവണ നിയമ ഭേദഗതിക്കായി കേന്ദ്ര സർക്കാർ തുനിഞ്ഞിറങ്ങിയത്. ഇപ്പോഴാകട്ടെ കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികാലം അവസരമാക്കിക്കൊണ്ട് തൊഴിൽ നിയമങ്ങൾ റദ്ദാക്കി കാർഷിക മരണ ബിൽ നടപ്പിലാക്കിയ മാർഗ്ഗത്തിൽ തന്നെ വൈദ്യുതി നിയമഭേദഗതി ബിൽ 2020 പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ പാസ്സാക്കിയെടുക്കാനുള്ള തിടുക്കത്തിലാണ് കേന്ദ്ര സർക്കാർ. അതിന്റെ മുന്നോടിയായി കേന്ദ്ര ഭരണ പ്രദേശങ്ങളിലെ വൈദ്യുതി വിതരണം കേർപ്പറേറ്റുകൾക്ക് വിറ്റഴിക്കാനുള്ള നടപടികളുമായി മോദി സർക്കാർ ബഹുദൂരം മുന്നോട്ട് പോയിക്കഴിഞ്ഞു. വിതരണ മേഖലയുടെ സ്വകാര്യവത്ക്കരണത്തിനുള്ള രൂപരേഖയായി സ്റ്റാൻഡേർഡ് ബിഡ് ഡോക്കുമെന്റും തയ്യാറായിക്കഴിഞ്ഞു. ഉയർന്ന സാമ്പത്തികശേഷിയുള്ള വൻകിട ഉപഭോക്താക്കളെ 'ചെറി പിക്കിംഗ്' നടത്തി സ്വകാര്യ സംരംഭകർക്ക് കൈമാറാൻ നിയമ പിൻബലം സൃഷ്ടിക്കുകവഴി ക്രോസ് സബ്സിഡി സമ്പ്രദായം ഇല്ലാതാക്കാനാണ് സർക്കാർ നീക്കം. സ്വകാര്യമേഖല വൈദ്യുതിരംഗം കൈയ്യടുക്കുന്നതോടെ വൈദ്യുതി ചാർജ്ജ് കുതിച്ചുയരും, വൈദ്യുതി സാധാരണ ഉപഭോക്താക്കൾക്ക് അപ്രാപ്യമാകും. അവശ്യവസ്തു എന്നതിൽ നിന്നും വൈദ്യുതി ആഡംബര വസ്തുവായി മാറുന്ന കാലമാണ് നിയമം നടപ്പിലായാൽ നമ്മുടെ രാജ്യത്ത് വരാൻ പോകുന്നത്. നാടിന്റെ ഇന്ധനമായ വൈദ്യുതി വില അമിതമായാൽ ഉടലെടുക്കുന്ന പ്രത്യാഘാതങ്ങൾ പെട്രോൾ, ഡീസൽ, പാചകവാതക വില വർദ്ധനവ് സമൂഹത്തിൽ സൃഷ്ടിച്ചതിനേക്കാൾ ഭീകരമായിരിക്കും. നമ്മുടെ നാട് വ്യവസായങ്ങളുടെ ശവപ്പറമ്പായി മാറും, കാർഷികമേഖല തകർന്നടിയും, സാധാരണ ഉപഭോക്താക്കൾക്ക് വൈദ്യുതി അപ്രാപ്യമാകും.

പൊതുമേഖലാ സ്ഥാപനങ്ങൾ മാതൃകാ തൊഴിൽ ദാദാക്കളാണ്. എന്നാൽ സ്വകാര്യകമ്പനികളിൽ സ്ഥിരം തൊഴിൽ എന്നത് ഇല്ലാതാകും. കുറഞ്ഞ വേതനം നൽകിയുള്ള പുറം കരാർ വത്ക്കരണവും താത്ക്കാലിക തൊഴിൽ രീതിയും ഈ രംഗത്ത് വ്യാപകമാകും. ലാഭം കൂട്ടുന്നതിനായി തൊഴിലാളികളുടെ ന്യായമായ വേതന നിഷേധമടക്കം കടുത്ത നടപടികൾ തുടർന്നുണ്ടാകും. കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വൈദ്യുതി മേഖലയിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടലവകാശങ്ങൾ പരിമിതപ്പെടുത്തുകയും റഗുലേറ്ററി കമ്മീഷനുകളുടെമേൽ കേന്ദ്ര സർക്കാർ പിടിമുറുക്കുകവഴി സംസ്ഥാന സർക്കാരുകളെ നോക്കുകുത്തികളാക്കി മാറ്റുകയും ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ പുത്തൻ നിയമഭേദഗതി വഴി നിലവിൽ ദുർബല ജനവിഭാഗങ്ങൾക്കും സാധാരണ ഉപഭോക്താക്കൾക്കും സർക്കാർ നൽകിവരുന്ന എല്ലാ സൗജന്യങ്ങളും ഒഴിവാകുകയും വൈദ്യുതിക്ക് തീവിലയാവുകയും ചെയ്യും. ലക്ഷക്കണക്കിന് പാവപ്പെട്ട ഉപഭോക്താക്കൾ വൈദ്യുതി കണക്ഷൻ ഒഴിവാക്കേണ്ട സാഹചര്യം ഉടലെടുക്കും. ജനങ്ങളുടേയും ജീവനക്കാരുടേ

# സ്ത്രീ സുരക്ഷ നിയമങ്ങൾ കർശനമായി നടപ്പിലാക്കുക, സ്ത്രീകളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ജൂലൈ 1-ന് വർക്കിംഗ് വിമൻ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കപ്പെട്ട പ്രതിഷേധ സമരം

























# ബ്ലൂ ഇക്കോണമി നയം പിൻവലിക്കണമെന്നാവശ്യപ്പെട്ട് മത്സ്യത്തൊഴിലാളി ഫെഡറേഷൻ ജൂലൈ 5-ന് നടത്തിയ പ്രതിഷേധ സമരം

























യും ജീവിതഭദ്രത തകർപ്പെടും, എന്തിനേറെ രാജ്യത്തിനാകെ മാതൃകയായ കേരളത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം പോലും അട്ടിമറിക്കപ്പെടുകതന്നെ ചെയ്യും.

## കേരള ബദൽ– രാജ്യത്തിനാകെ മാതൃക

വൈദ്യുതി നിയമം 2003 ന്റെ പാശ്ചാത്തലത്തിൽ വിവിധ സംസ്ഥാനങ്ങളിൽ വൈദ്യുതി ബോർഡുകളെ കമ്പനികളാക്കി സ്വകാര്യവത്ക്കരിക്കാൻ നടപടി സ്വീകരിച്ചപ്പോഴും കേരളത്തിൽ ഉദ്പാദന, പ്രസരണ, വിതരണ രംഗങ്ങളെ ഒരു കുടക്കീഴിൽ വിഭജിക്കാതെ നിലനിർത്തി മുന്നോട്ട് പോകുന്ന കേരള ബദൽ രാജ്യത്തിനാകെ മാതൃകയാണ്. ഇൻഡ്യൻ വൈദ്യുതി മേഖലയുടെ പൊതുമേലാ സംരക്ഷണത്തിനായി സമരരംഗത്തുള്ള വിവിധ സംസ്ഥാനങ്ങളിലെ തൊഴിലാളി ഓഫീസർ സംഘടനകളും വിവിധ സംസ്ഥാന സർക്കാരുകളും അൺബൺഡിൽ ചെയ്യപ്പെട്ട് വിഭജിച്ചു പോയ വൈദ്യുതി സ്ഥാപനങ്ങളെ കേരള മാതൃകയിൽ റീ-ബണ്ടിൽ ചെയ്ത് ഒറ്റസ്ഥാനമാക്കി മുന്നോട്ട് പോകണമെന്നാണ് ഇപ്പോൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. രാജ്യത്താകെ കേരള മാതൃതയ്ക്ക് ലഭിച്ച അംഗീകാരമായി ഈ നീക്കത്തെ വിലയിരുത്താവുന്നതാണ്.

## പൊതുമേഖലാ വൈദ്യുതിരംഗം കേരളത്തിൽ

'എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ഗുണമേൻമയുള്ള വൈദ്യുതി താങ്ങാവുന്ന വിലയ്ക്ക്' എന്ന പ്രഖ്യാപിത ലക്ഷ്യവുമായി 1957-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സ്ഥാപിതമായി. രാജ്യത്തെമ്പാടും വൈദ്യുതി ബോർഡുകളെ വിഭജിച്ച് നിരവധി കമ്പനികളാക്കി മാറ്റി സ്വകാര്യമേഖലയ്ക്ക് കൈമാറുമ്പോഴും പൊതുമേഖലയിൽ ഒറ്റസ്ഥാപനമെന്ന നിലയിൽ 2013-ൽ ഒരു കമ്പനിയാക്കി മാറ്റപ്പെട്ടുവെങ്കിലും രാജ്യത്തിന് തന്നെ മാതൃകയായി ആഗോളവത്ക്കരണ നയങ്ങൾക്ക് ജനകീയ ബദൽ നയനടപടികളുമായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകിവരുന്നു. മറ്റ് സംസ്ഥാനങ്ങളിലെ സ്വകാര്യ വൈദ്യുതി കമ്പനികളുമായി മത്സരാധിഷ്ഠിതമായി പ്രവർത്തിക്കേണ്ടിവരുമ്പോഴും സേവനരംഗമെന്ന പ്രഖ്യാപിത ലക്ഷ്യം കൈവിടാതെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ആശ്വാസം പകർന്നുകൊണ്ടുതന്നെ കാര്യക്ഷമതയിൽ ലോകോത്തര നിലവാരത്തിലേയ്ക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ എത്തിക്കുന്നതിനുള്ള തീവ്രപരിശ്രമത്തിലാണ് കേരളത്തിലെ സർക്കാരും ഇതിലെ ജീവനക്കാരും. കേരളത്തിന്റ ഊർജ്ജഭദ്രത ഉറപ്പുവരുത്താനുള്ള 'ഊർജ്ജ' കേരള മിഷൻ ഉൾപ്പെടെ ഒട്ടേറെ പദ്ധതികൾ ജനോപകാരപ്രദമായി നടപ്പിലാക്കാൻ സർക്കാരും വൈദ്യുതി ബോർഡും നിശ്ചയദാർഢ്യത്തോടെ കർമ്മരംഗത്ത് സജീവമാണ്. സാമൂഹ്യ വികസനത്തിന്റെ കേന്ദ്ര ബിന്ദുവായ വൈദ്യുതിമേഖലയിൽ സുസ്ഥിരവികസനം ലക്ഷ്യമിട്ടുകൊണ്ട് വിതരണ ശൃംഖല മെച്ചപ്പെടുത്താനായി 'ദ്യുതി-2021' പദ്ധതി, പ്രസരണ മേഖല ശക്തിപ്പെടുത്താനായി 'ട്രാൻസ് ഗ്രിഡ്' പദ്ധതി, ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ടുള്ള 'ഫിലമെന്റ് രഹിത കേരളം' പദ്ധതി, ബദൽ ഊർജ്ജമാർഗ്ഗങ്ങൾ നടപ്പിലാക്കാനായി 'സൗര' പദ്ധതി, സുരക്ഷയ്ക്ക് മുൻഗണന നൽകി നടപ്പാക്കുന്ന 'ഇ-സേഫ്' പദ്ധതി എന്നിങ്ങനെ അഞ്ചിന കർമ്മ പരിപാടികളാണ് ഊർജ്ജ കേരളമിഷൻ വഴി നടപ്പിലാക്കുന്നത്.

വൈദ്യുതി ബോർഡുകൾ സ്വകാര്യവത്ക്കരിച്ചിടത്തെല്ലാം വൈദ്യുതിയുടെ വില പലമടങ്ങ് വർദ്ധിച്ചപ്പോഴും സബ്സിഡി, ക്രോസ് സബ്സിഡി സംവിധാനങ്ങൾ നടപ്പിലാക്കി താങ്ങാവുന്ന വിലയ്ക്ക് വൈദ്യുതി സാധാരണ ഉപഭോക്താക്കൾക്ക് കേരളത്തിൽ ഉറപ്പാക്കാനായിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യ വൈദ്യുതി, പട്ടികജാതി പട്ടികവിഭാഗം ഉപഭോക്താക്കൾക്ക് കണക്ഷൻ ലഭിക്കുന്നതിന് മുൻഗണന, വ്യാവസായിക മേഖലയ്ക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി, കാർഷിക മേഖലയ്ക്ക് സൗജന്യ വൈദ്യുതി എന്നിങ്ങനെ സാധാരണ ഉപഭോക്താക്കൾക്ക് താങ്ങാവാൻ കേരള വൈദ്യുതി രംഗത്തിന് കഴിയുന്നത് ഇന്നും പൊതുമേഖലയിൽ തന്നെ ഈ മേഖലയ്ക്ക് ഇവിടെ തുടരുവാനാകുന്നതുകൊണ്ടാണ്.

തൊഴിൽ സുരക്ഷിതത്തം, തൊഴിലവസരങ്ങൾ, തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിൽ മാതൃകാപ്രവർത്തനം തുടരാൻ കഴിയുന്നതും ഈ രംഗം പൊതുമേഖലയിൽ തുടരുന്നതുകൊണ്ടുമാത്രമാണ്. പൊതുമേഖലയിൽ മാതൃകാ തൊഴിൽ ദാദാവെന്ന നിലയിൽ കഴിഞ്ഞ നാല് വർഷം കൊണ്ട് തന്നെ അയ്യായിരത്തിലധികം ഉദ്യോഗാർത്ഥികൾക്ക് കെ.എസ്.ഇ.ബി.യിൽ നിയമനം നൽകിക്കഴിഞ്ഞു.

ആഗോളവത്ക്കരണ നയങ്ങൾക്കെതിരെ നിരന്തര പോരാട്ടം നടത്തുന്ന രാജ്യത്തെ വൈദ്യുതി ജീവനക്കാർക്ക് ഉയർത്തികാട്ടാനുള്ള പൊതുമേഖലാ മാതൃകയായി കേരള വൈദ്യുതി രംഗം മുന്നേറുകയാണ്. 2017 മേയ് 29-ന് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തിയാക്കിക്കൊണ്ട് എല്ലാ വീടുകളിലും വൈദ്യുതി ഉറപ്പാക്കിയ രാജ്യത്തെ ആദ്യ സംസ്ഥാനമായി നമ്മുടെ കേരളം. ആവശ്യപ്പെട്ടാലുടൻ വൈദ്യുതി എത്തിക്കാനും ഗുണമേൻമയുള്ള വൈദ്യുതി താങ്ങാവുന്ന വിലയ്ക്ക് ഉറപ്പാക്കാനും കേരള വൈദ്യുതി രംഗത്തെ പൊതുമേഖലയിൽ തുടർന്നും സംരക്ഷിക്കുകതന്നെ വേണം.

## ആഗസ്റ്റ്– 10 ദേശീയ പണിമുടക്ക്

വൈദ്യുതി മേഖലയിലെ തൊഴിലാളികളുടേയും ഓഫീസർമാരുടേയും ഇഞ്ചിനീയർമാരുടേയും ദേശീയ കൂട്ടായ്മയായ നാഷണൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആന്റ് ഇൻജിനീയേഴ്സ് (NCCOEEE) ന്റെ നേതൃത്വത്തിൽ മുന്ന് പതിറ്റാണ്ട് കാലമായി വൈദ്യുതി രംഗത്ത് സ്വകാര്യവത്ക്കരണ നയങ്ങൾക്കെതിരെ നിരന്തര സമരങ്ങൾ നടന്നുവരികയാണ്. യു.പി യിലെ വിതരണ മേഖലയുടെ സ്വകാര്യവത്ക്കരണത്തിൽ നിന്ന് യോഗി ആദിത്യനാഥ് സർക്കാരിന് പിൻവാങ്ങേണ്ടി വന്നത് തൊഴിലാളികളും ഓഫീസർമാരും ചേർന്ന് നടത്തിയ കരുത്തുറ്റ പ്രക്ഷോഭത്തിന്റെ ഭാഗമായാണ്. കേന്ദ്ര സർക്കാരിന്റെ സ്വകാര്യവത്ക്കരണ നയങ്ങൾക്കെതിരെ 2021 ഫെബ്രുവരി 3-ന് നടന്ന വൈദ്യുതി ജീവനക്കാരുടെ പണിമുടക്കിൽ 15 ലക്ഷം പേർ പങ്കാളികളായി. കൂടുതൽ ബഹുജന പിന്തുണ ഉറപ്പാക്കുന്നതിന് വൈദ്യുതി മേഖലാ സംരക്ഷണ സമിതികൾ രൂപീകരിച്ച് നിയമഭേദഗതിക്കെതിരെയുള്ള സമരം കൂടുതൽ ശക്തിപ്പെടുത്തുകയാണ്.

സാധാരണ ഉപഭോക്താക്കൾക്കും ദുർബല വിഭാഗങ്ങൾക്കും ഇരുട്ടടിയാവുന്ന വൈദ്യുതിനിയമ ഭേദഗതി ബിൽ 2021 പിൻവലിക്കണമെന്നാവശ്യപ്പെട്ട് NCCOEEE നേതൃത്വത്തിൽ ആഗസ്റ്റ് 10-ന് വൈദ്യുതി മേഖലയിൽ നടത്തുന്ന അഖിലേന്ത്യാ പണിമുടക്കിന് എല്ലാവിധ പിന്തുണയും നൽകണമെന്ന് ബഹുജനങ്ങളോടും വിവിധ പ്രസ്ഥാനങ്ങളോടും അഭ്യർത്ഥിക്കുന്നു.



എം. ജി. രാഹുൽ
(AITUC സംസ്ഥാന സെക്രട്ടറി)

# രാജ്യം വിറ്റ് കാശാക്കുന്നവർ

അത്യന്തം സംഘർഷഭരിതമായ സാഹചര്യത്തിലൂടെ ഇന്ത്യൻ തൊഴിൽ, കാർഷിക, സാമ്പത്തിക, പൊതുമേഖല ഒന്നാകെ കടന്നുപോകുന്ന സാഹചര്യമാണിന്ന്. ഒരു രാജ്യം ഭരിക്കുന്ന സർക്കാരിന് എത്രത്തോളം ജനവിരുദ്ധവും ജനാധിപത്യവിരുദ്ധവും ആകാൻ കഴിയും എന്നതിന്റെ പരീക്ഷണശാലയായി ഇന്ത്യ മാറിയിരിക്കുന്നു. ഭരണഘടനയെയും നിയമങ്ങളെയും ദുർബലപ്പെടുത്തിയും ദുർവ്യാഖ്യാനിച്ചും ചെയ്യാവുന്നതൊക്കെ ചെയ്യുന്ന നിലയാണിപ്പോൾ വർത്തമാനകാല ഇന്ത്യ കണ്ടുകൊണ്ടിരിക്കുന്നത്. ഭരണഘടനാ നിർമ്മാണ വേളയിൽ മൂർത്തമായ ചർച്ചകൾക്കും വിശകലനങ്ങൾക്കും വിഷയമായവയിലൊക്കെ തികച്ചും ജനാധിപത്യപരവും മാന്യവുമായ തീർപ്പുകളാണ് ഉണ്ടായതും അവ ഭാഗമാക്കി മാറ്റപ്പെട്ടതും. വിവിധ നാട്ടുരാജ്യങ്ങളും, രാജ്യങ്ങളായി നിലനിന്നവരും പ്രവിശ്യകളായി നിന്നവരുമെല്ലാം ഇന്ത്യൻ യൂണിയന്റെ ഭാഗമായി മാറിയപ്പോൾ, ഇന്ത്യൻ ഭരണാധികാരികൾക്ക് അതത് ജനതകൾക്ക് നൽകിയ വാഗ്ദാനങ്ങളും അതിന്റെ ഉറപ്പിലേക്കായി അവ സ്പഷ്ടീകരിച്ച് ഉറപ്പാക്കപ്പെട്ട ഭരണഘടനാ ഭാഗങ്ങളുമെല്ലാം എടുത്തുകളഞ്ഞും നിർവീര്യമാക്കിയും തോന്നുന്നതെല്ലാം ചെയ്യുമെന്ന സംഘപരിവാർ അജണ്ടയുടെ പ്രയോക്താക്കളായി ഒരു ഭരണകാലം മാറുന്ന ദുസ്സഹമായ ഇന്ത്യൻ സാഹചര്യത്തെ മറികടന്നേ മതിയാവുകയുള്ളൂ. ഇത്തരം ചെയ്തികൾക്കവർ ഭൂരിപക്ഷവും ദുസ്സാധീനവും അധികാരവും കേന്ദ്ര ഏജൻസികളെയും എല്ലാം മുൻനിർത്തി നിയമനിർമ്മാണ സഭകളെയും ജുഡീഷ്യൽ വ്യവസ്ഥിതിയേയും ചൊൽപ്പടിക്കാക്കിയിരിക്കുകയാണ്. കഴിഞ്ഞ ഏഴ് വർഷക്കാലമായി ഇങ്ങനെ തുടരുന്ന നരേന്ദ്രമോഡി-അമിത് ഷാ കൂട്ടുകെട്ടിന്റെ നേതൃത്വത്തിൽ തുടർന്നുവരുന്ന ഭരണം നാടിന്റെയും നാട്ടാരുടെയും പൊതു സ്വത്തുക്കൾ മുഴുവൻ വിറ്റു കാശാക്കുന്ന നിലയിൽ അനുദിനം മത്സരിച്ച് മുന്നേറുകയാണ്. അത്തരം നയങ്ങൾക്കെതിരായി പ്രതികരിക്കുന്നവരും പ്രതിഷേധിക്കുന്നവരുമെല്ലാം, അവരാരാ യാലും രാജ്യവിരുദ്ധരും ദേശദ്രോഹിയും തീവ്രവാദിയും അർബൻ നക്സലുമായൊക്കെ മുദ്ര കുത്തപ്പെടുന്ന സാഹചര്യവും ഏറെ ഭീതിജനകമാണ്. ഫാദർ സ്റ്റാൻ സ്വാമിയെപ്പോലുള്ള വന്ദ്യവയോധികരായ സാമൂഹിക പ്രവർത്തകർക്കുപോലും ഇത്തരം കള്ളക്കേസുകളുടെ ഭാഗമായി തടവറയിൽ മരണം സമ്മാനിച്ച സാഹചര്യം നാടിന്റെ ചരിത്രത്തിൽ കേട്ടുകേൾവി ഇല്ലാത്തതാണ്. രാജ്യമാദരിക്കുന്ന പ്രതിഭാധനരായ ശ്രീ. വരവറാവു, സുധ ഭരദ്യാജ് തുടങ്ങിയ നിരവധി പേർ കസ്റ്റഡി കാലാവധി കഴിഞ്ഞിട്ടും വിചാരണ തടവുകാരായി ഭരണകൂടം വിധിച്ച കൽത്തുറുങ്കിൽ കഴിഞ്ഞുവരികയാണ്. കേന്ദ്രസർക്കാർ വച്ചുപുലർത്തുന്ന വർഗ്ഗീയതക്കും ഭരണകൂട ഭീകരതക്കും എതിരായി ആരും ശബ്ദിക്കാൻ പാടില്ലെന്നുള്ള വ്യക്തമായ സന്ദേശമാണ് ഇതിലൂടെയെല്ലാം നൽകിക്കൊണ്ടിരിക്കുന്നത്. തങ്ങളുടെ രാഷ്ട്രീയ ബോധ്യത്തിനെതിരായി നിൽക്കുന്നവരെ ഈ നിലയിൽ കൊന്നൊടുക്കാൻ അവർ തുടങ്ങിയത് 1948 മുതലേ ആണെന്ന് സാരം. മഹാത്മാഗാന്ധിയിൽ തുടങ്ങി ഗോവിന്ദ് പൽസാരെയും നരേന്ദ്ര ധബോൽക്കറും ഗൗരി ലങ്കേഷും ഇപ്പോൾ സ്റ്റാൻ സ്വാമിയും. കനയ്യകുമാർ ഉൾപ്പെടെയുള്ള നിരവധി പേരെ ഇതിനോടകം അവർ ടാർജറ്റ് ചെയ്തെങ്കിലും അവർ ഈ കുരുക്കിൽപ്പെടാതെ രക്ഷപ്പെട്ടു നിൽക്കുകയാണ് തൽക്കാലം. എങ്കിലും ഇവരെ ഭയന്നേ മതിയാകു. അടുത്തതാരെന്നത് നമുക്ക് മുന്നിൽ ഒരു ചോദ്യവുമാണ്.

## തൊഴിൽ മേഖല:-

തൊഴിൽ മേഖല ഒന്നാകെ അതീവ പ്രക്ഷുബ്ദമായ സാഹചര്യത്തിലാണിന്നുള്ളത്. ദീർഘ വീക്ഷണത്തോടെ ഭരണാധികാരികൾ വിശദമായ ചർച്ചകളിലൂടെ നടപ്പാക്കിയ തൊഴിൽ നിയമങ്ങൾ ഒന്നാകെ പൊളിച്ചെഴുതിയിരിക്കുകയാണ്. ഇരുപത്തൊൻപതോളം വരുന്ന കേന്ദ്രനിയമങ്ങളും നിരവധിയായ സംസ്ഥാന നിയമങ്ങളും ഉണ്ടായിരുന്നത് മുഴുവൻ റദ്ദാക്കിക്കൊണ്ടാണ് നാൽപ്പത്തിനാല് നിയമങ്ങളെ ഭേദഗതി വരുത്തി നാല് തൊഴിൽ കോഡുകൾ ഉണ്ടാക്കി യിരിക്കുന്നത്. പാർലമെന്റിലെ ലേബർ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പോലും ചർച്ചകൾക്ക് ശ്രദ്ധ നൽകാതെയും ലേബർ കോൺഫറൻസുകൾ വിളിച്ചുചേർക്കാതെയും തൊഴിലാളി സംഘടനകളുമായി നേർക്കുനേർ ഒരു ചർച്ചയും നടത്താതെയുമാണ് പുതിയ കോഡുകൾ പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത്. കേന്ദ്ര തൊഴിൽ മന്ത്രാലയം അവയുടെ റൂൾസും പ്രസിദ്ധീകരിച്ച് കഴിഞ്ഞു. സ്വാതന്ത്ര്യപൂർവ്വ ഇന്ത്യയിലെ തൊഴിലാളികൾക്കും സംഘടനകൾക്കും അനുവദിച്ചിരുന്ന അവകാശങ്ങൾ പോലും ഇല്ലാതാക്കി പുതിയ തൊഴിൽ നിയമത്തിനെതിരെ രാജ്യത്തെ തൊഴിലാളി യൂണിയനുകൾ ഒന്നാകെ പ്രതിഷേധിക്കുകയും പണിമുടക്കുകയും ചെയ്തിട്ടും ഒരു ചർച്ചക്കുപോലും കേന്ദ്രഭരണാധികാരികൾ തയ്യാറായിട്ടില്ലെന്നത് അവരെ നയിക്കുന്ന ഫാസിസ്റ്റ് രാഷ്ട്രീയത്തിന്റെ ഭാഗമാണെന്ന് വിശ്വസിക്കാനെ കഴിയുകയുള്ളൂ.

ഇന്ത്യൻ തൊഴിൽ മേഖലയിൽ അതിനിർണ്ണായകമായ പങ്ക് വഹിക്കുന്നത് രാജ്യത്തിന്റെ പൊതുസ്വത്തായി കണക്കാക്കപ്പെടുന്ന പൊതുമേഖലകളാണ്. ആഗോളീകരണ കാലഘട്ടത്തിൽ, കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി മാറിയും തിരിഞ്ഞും അധികാരത്തിൽ വരുന്ന കേന്ദ്ര ഭരണാധികാരികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഉദാരീകരണ സാമ്പത്തിക നയത്തിന്റെ ഭാഗമെന്നോണം ഏറ്റവും ആക്രമിക്കപ്പെട്ടതും ഇന്ത്യൻ പൊതുമേഖലാ സ്ഥാപനങ്ങളെയാണ്. നരസിംഹറാവു മന്ത്രിസഭയിലും വാജ്പേയി, മൻമോഹൻസിംഗ് മന്ത്രിസഭാ കാലയളവുകളിലും ഇപ്പോൾ നരേന്ദ്രമോദിയുടെ ഏഴ് വർഷക്കാലവും പൊതുമേഖലാസ്ഥാപനങ്ങളോട് യുദ്ധ പ്ര

ഖ്യാപനം നടത്തി അവയെ വിറ്റൊഴിവാക്കുന്ന നിലയാണ് കാണാൻ കഴിഞ്ഞത്. എന്നാൽ മോഡേൺ ബ്രഡ് പോലുള്ള ചെറിയ ചെറിയ പ്രോസസിംഗ് യൂണിറ്റുകളിൽ തുടങ്ങിയ ഈ വിൽപന, ഇന്നതിന്റെ സർവ്വ സീമകളും ലംഘിച്ച് ഉൽപാദന-സേവന-ബാങ്കിംഗ്-പ്രതിരോധ-ശാസ്ത്ര-ബഹിരാകാശ മേഖലയെത്തി നിൽക്കുന്ന ദാരുണമായ സാഹചര്യമാണ് കാണാൻ കഴിയുന്നത്. കണ്ണുംപൂട്ടി വിൽക്കുക എന്ന സമീപനവുമായി കേന്ദ്ര ധനമന്ത്രാലയം മുന്നോട്ടുപോവുകയാണ്. കേന്ദ്ര തൊഴിലാളി യൂണിയനുകളുടെ പ്രതിഷേധത്തിനപ്പുറം ഈ സ്വകാര്യവൽക്കരണ കുംഭകോണത്തിനെതിരായി രാജ്യമൊന്നാകെ, ജനതയൊന്നാകെ പ്രതികരിക്കാൻ തയ്യാറാവുന്നില്ല എന്നത് കച്ചവടക്കാർക്ക് ആശ്വാസം നൽകുന്ന ഒന്നാണ്. അങ്ങനെ പ്രതിഷേധ മുയരാത്തിടത്തോളം ഈ മേഖലകളെല്ലാം വിദേശീയരും തദ്ദേശീയരുമായ മുതലാളിമാരുടെ കൈയ്യിലെത്തുമെന്നത് തീർച്ചയാണ്.

കോവിഡ് മഹാമാരി ലോകത്തെയൊന്നാകെ വിറങ്ങലിപ്പിച്ച് നിർത്തിയിരിക്കുന്ന കാലമാണിപ്പോൾ. ഏറെ ദരിദ്രരെന്ന് ലോകമറിയുന്നവരും മറ്റ് വികസ്വര-വികസിത രാജ്യങ്ങളുമെല്ലാം കോവിഡ് പ്രതിരോധത്തിനും ഒപ്പം പ്രതിരോധത്തിന്റെ ഭാഗമായി വീട്ടിലകപ്പെട്ടതിനാൽ പുറത്തിറങ്ങി തൊഴിലെടുക്കാൻ ആവാത്തവർക്കുമുള്ള സഹായം കണ്ടെത്താൻ പരിശ്രമിക്കുന്ന ഘട്ടമാണിപ്പോൾ. എന്നാൽ അത്തരം സവിശേഷ സാഹചര്യത്തിന് ഇന്ത്യൻ ഭരണകൂടം പ്രഖ്യാപിച്ച "ആത്മനിർഭർ" എന്ന പാക്കേജിന്റെ ഭാഗമായി ആദ്യന്തം പ്രഖ്യാപിച്ചത് രാജ്യത്തിന്റെ പൊതുസ്വത്തുക്കളായ പൊതുമേഖലകളുടെ സ്വകാര്യവൽക്കരണ നിർദ്ദേശങ്ങളായിരുന്നു. കടലും കായലും ആകാശവും മണ്ണും വിൽക്കാനവർ തീരുമാനമെടുത്ത് പ്രഖ്യാപിച്ചു. അതിന്റെ ഭാഗമാണ് ഇന്ത്യയിലെ എയർപോർട്ടുകളെയും വിമാനക്കമ്പനികളെയും വിൽക്കാൻ തീരുമാനിച്ചത്. ഇന്ത്യൻ റെയിൽവേയുടെ നടത്തിപ്പിൽ സ്വകാര്യപങ്കാളിത്തം ഉറപ്പാക്കാൻ ദർഘാസ് ക്ഷണിച്ചു. റെയിൽവേ സ്റ്റേഷനുകളുടെ നടത്തിപ്പ് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കാൻ തീരുമാനിച്ചു. റെയിൽവേ ലൈനുകൾ സ്വകാര്യ ട്രെയിനുകൾക്ക് ഓടാനായി വിട്ടുനൽകി. കോടികൾ മുടക്കി നിർമ്മിച്ച കോച്ച് ഫാക്ടറികൾ പോലും അവർക്ക് കൈമാറാൻ തീരുമാനിച്ചു. പൊതുഗതാഗത രംഗത്ത് കോർപ്പറേറ്റ് ഭീമൻമാർക്ക് കടന്നുവരാൻ അവസരം ഉറപ്പിച്ച് പ്രഖ്യാപിച്ചു. മോട്ടോർ വാഹന നിയമ ഭേദഗതിയിലൂടെയും അഗ്രഗേറ്റർ പോളിസിയിലൂടെയും പെർമിറ്റില്ലാതെയും ഫെയർ നിശ്ചയിക്കാതെയും ആർക്കും എവിടെയും ഏത് ദേശസാൽകൃത റൂട്ടിലും സർവ്വീസ് നടത്താൻ അനുമതി നൽകി. ഖനനമേഖല പൂർണ്ണമായും വിദേശനിക്ഷേപം സ്വീകരിക്കാനനുകൂലമാക്കി തീരുമാനമെടുത്തു. തന്ത്രപ്രധാനമെന്ന് നാം കണ്ടിരുന്ന ഖനിമേഖല ഇനിമുതൽ സ്വകാര്യപങ്കാളിത്തത്തിലാക്കി പ്രവർത്തിപ്പിക്കും. വൈദ്യുതി നിയമഭേദഗതിയിലൂടെ വീണ്ടും വൈദ്യുതി സ്വകാര്യവൽക്കരണത്തിന് വേഗം കൂട്ടിയിരിക്കുകയാണ്. സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിൽ സാമാന്യം മെച്ചപ്പെട്ട് പ്രവർത്തിച്ചുവരുന്ന വൈദ്യുതി കമ്പനികളെല്ലാം സ്വകാര്യമുതലാളിമാരുടെ നിയന്ത്രണത്തിൽ വരുന്നതോടെ റഗുലേറ്ററി കമ്മീഷനുകൾക്ക് പോലും ഇടപെടാനാവാത്ത സ്ഥിതി ഉണ്ടാവും. താരിഫ് നിശ്ചയിക്കുന്നതും സേവനം നിശ്ചയിക്കുന്നതും കാർഷിക-വ്യവസായ മേഖലകൾക്ക് നൽകിവരുന്ന ഇളവുകൾ നിശ്ചയിക്കുന്നതുമെല്ലാം മുതലാളിമാരായി തീരാൻ പോവുകയാണ്.

ശാസ്ത്ര ഗവേഷണ മേഖലയിലും ബഹിരാകാശ പര്യവേഷണത്തിലും തന്നെ വിദേശ, സ്വകാര്യ നിക്ഷേപം ക്ഷണിച്ച് നേരത്തെ തന്നെ കേന്ദ്രസർക്കാർ നീങ്ങിക്കഴിഞ്ഞിരിക്കുന്നു. ഇതിനൊപ്പം പ്രതിരോധ മേഖലയുടെ സ്വകാര്യവൽക്കരണവും ധ്രുതഗതിയിൽ നടപ്പാക്കിവരുന്നു. കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിൽ വിവിധ സംസ്ഥാനങ്ങളിലായി പ്രവർത്തിച്ചുവരുന്ന 41 ആയുധനിർമ്മാണശാലകളുടെ പ്രവർത്തനത്തിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുന്ന നടപടി തികച്ചും രാജ്യവിരുദ്ധവും ഇന്ത്യയുടെ ആഭ്യന്തരസുരക്ഷയെ ബാധിക്കുന്നതുമാണ്. ഇത് പാടില്ലെന്ന് ഉറപ്പിച്ച് പറഞ്ഞ് പ്രതിരോധം തീർക്കാൻ കാത്തുനിൽക്കുന്ന പ്രതിരോധമേഖലയിലെ മുഴുവൻ തൊഴിലാളി സംഘനകളും പണിമുടക്കിലേർപ്പെടാൻ തീരുമാനിച്ചപ്പോൾ അതിനെയും നേരിടാൻ കരിനിയമം നിർമ്മിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. അതിന്റെ ഭാഗമാണ് കഴിഞ്ഞ ദിവസങ്ങളിൽ പുറത്തിറക്കിയ "എസ്സൻഷ്യൽ ഡിഫൻസ് സർവ്വീസ് 2021". ഏതെല്ലാം കരിനിയങ്ങൾ അടിച്ചേൽപ്പിച്ചാലും പിൻമാറില്ലെന്ന പ്രഖ്യാപനത്തോടെ ജൂലൈ 26 മുതൽ പ്രതിരോധ മേഖലയിലെ സിവിലിയൻ തൊഴിലാളികളുടെ അനിശ്ചിതകാല പണിമുടക്കും നമുക്ക് മുന്നിലെത്തുകയാണ്. അത് വിജയിപ്പിക്കേണ്ടത് ഓരോ ഇന്ത്യൻ പൗരന്റെയും കടമയും കർത്തവ്യവുമായി മാറുകയാണ്.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ മോദി സർക്കാരിന്റെ കീഴിൽ തകരുന്നതിന് മറപിടിക്കാനായാണ് പൊതുമുതലിന്റെ വിറ്റുതുലക്കൽ ഒരു അജണ്ടയായി നടപ്പിലാക്കി വരുന്നത്. ഖജനാവിലേക്കും പാർട്ടി ഓഫീസിലേക്കും സ്വന്തം പോക്കറ്റിലേക്കും പണം എളുപ്പം കണ്ടെത്താൻ മറ്റെന്തിനെക്കാളും എളുപ്പ വഴിയാണിതെന്ന് ആദ്യം തിരിച്ചറിഞ്ഞത് കോൺഗ്രസ്സും അതിന്റെ ഗുണഫലം കൂടുതൽ നേടിയത് ബി. ജെ. പി. യുമാണ്. അതിന്റെ ഭാഗമായിട്ടാണ് സാമ്പത്തിക മേഖലാ പരിഷ്കരണമെന്ന പ്രഖ്യാപനത്തെ മുൻനിർത്തിക്കൊണ്ട് ഇന്ത്യൻ പൊതുമേഖലയുടെ ഭാഗമായി അചഞ്ചലമായി നിലകൊണ്ടുവന്ന ബാങ്കുകളേയും ഇൻഷുറൻസ് കമ്പനികളെയും സ്വകാര്യവൽക്കരിക്കാൻ കേന്ദ്രസർക്കാർ കൈക്കൊണ്ട തീരുമാനങ്ങൾ. ദീർഘവർഷങ്ങളായി പ്രവർത്തിച്ചുവന്നതും ബാങ്ക് ദേശസാൽക്കരണത്തിന്റെ കാലത്തുതന്നെ നിലനിന്നുവന്നതുമായ നിരവധി ബാങ്കുകളെ തമ്മിൽ ലയിപ്പിക്കുന്ന നടപടി ഇതിന്റെ ഭാഗമായി വന്നിട്ടുള്ളതാണ്. അതത് സംസ്ഥാനങ്ങളിൽ പ്രാദേശിക ഗുണങ്ങൾ നൽകിക്കൊണ്ട് നിലനിന്ന അസോസിയേറ്റ് ബാങ്കുകളെ ലയിപ്പിക്കാനാണ് ആദ്യം തുടങ്ങിയതെങ്കിൽ ഇപ്പോൾ ചെറിയ ചെറിയ ബാങ്കുകളെ മുഴുവൻ ഇല്ലാതാക്കിയും ശാഖകൾ അടച്ചുപൂട്ടിയും ജീവനക്കാരിൽ കുറേ പേരെ പുനർവിന്യസിച്ചും കുറേ പേരെ പിരിച്ചുവിട്ടും ബാങ്കിംഗ് മേഖലയുടെ തകർച്ച നടപ്പാക്കുകയാണിവിടെ. ഏറ്റവും വലിയ ഇൻഷുറൻസ് കമ്പനിയെന്ന് വിശേഷണമുള്ള എൽ. ഐ. സി. യെ പോലും വിൽക്കാൻ തീരുമാനിച്ചിരിക്കുകയാണ്. എന്തെല്ലാം വിറ്റ് കാശ് വാങ്ങിയിട്ടും തികയാത്തവരായി മാറിയതിനാൽ റിസർവ്വ് ബാങ്കിൽ നിന്നും കരുതൽ നിക്ഷേപം പോലും പിൻവലിച്ച് ദീവാളി കുളിക്കുന്ന ഭരണാധികാരികൾ ഇന്ത്യയുടെ ചരിത്രത്തിൽ ഇതിന് മുമ്പ് കണ്ടിട്ടില്ല.

പെട്രോളിന്റെയും ഡീസലിന്റെയും പാചകവാതകത്തിന്റെയും നികുതിയും അധിക ഡ്യൂട്ടികളും യഥേഷ്ടം അടിച്ചേൽപ്പിച്ചിട്ടും........ വില നൂറ് കടന്ന് കോടികൾ ഖജനാവിലേക്ക് ഒഴുകിയിട്ടും...... ഈ കോവിഡ് ദുരന്ത കാലത്ത് പണിയെടുക്കാനാവാത്ത, പുറത്തിറങ്ങാനാവാത്ത കോടിക്കണക്കിന് മനുഷ്യർ പട്ടിണിയിലാണ്ട് നിൽക്കുമ്പോഴും, പത്ത് നയാ പൈസ സഹായം നൽകാൻ തയ്യാറാകാത്ത ഈ ജനവിരുദ്ധരും ദേശദ്രോഹികളുമായ കേന്ദ്രഭരണകർത്താക്കൾക്കെതിരായ പ്രതിഷേധം അണപൊട്ടി ഒഴുകുമെന്ന കാര്യത്തിൽ മാറ്റമില്ല. അതിൽ തൊഴിലാളി കളും കൃഷിക്കാരും ഉദ്യോഗസ്ഥരും യുവാക്കളും വനിതകളും വിദ്യാർത്ഥികളുമൊക്കെ ഉണ്ടാകും. ആ പ്രതിഷേധാഗ്നിക്ക് മുമ്പിൽ ഈ ദുഷ്ടഭരണകൂടത്തിന് കീഴ്പ്പെടേണ്ടിവരും. ഉറപ്പ്.

**കെ.ജയചന്ദ്രൻ നായർ**
വർക്കിംഗ് കമ്മിറ്റി അംഗം, ആൾ ഇൻഡ്യ ഡിഫൻസ് എംപ്ലോയീസ് ഫെഡറേഷൻ
എ.ഐ.ടി.യു.സി സംസ്ഥാന വർക്കിംഗ് കമ്മിറ്റി അംഗം



# ആയുധ നിർമ്മാണശാലകളുടെ കോർപ്പറേറ്റ് വൽക്കരണ നടപടികൾ പിൻവലിക്കുക

**കേ**ന്ദ്ര സർക്കാർ വകുപ്പുകളേയും കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളേയും സ്വകാര്യവൽക്കരിക്കുക എന്നത് മോദി സർക്കാരിന്റെ ലക്ഷ്യമാണ്. എല്ലാ സേവന മേഖലകളിൽ നിന്നും പിൻവാങ്ങിക്കൊണ്ട് രാജ്യത്തിന്റെ നട്ടെല്ലായ പ്രതിരോധം, റയിൽവേ, പൊതുമരാമത്ത്, സർക്കാർ പ്രസ്സുകൾ, ദേശീയ പാത വികസന അതോറിട്ടി തുടങ്ങിയ വകുപ്പുകളെ ആദ്യം പൊതുമേഖല സ്ഥാപനങ്ങളാക്കി മാറ്റുകയും കാലക്രമേണ അവയെ സ്വകാര്യ മേഖലക്ക് അടിയറ വക്കുകയും ചെയ്യുക എന്നതാണ് മോദി സർക്കാരിന്റെ ലക്ഷ്യം.

രാജ്യ സുരക്ഷ എന്നത് ഏതൊരു ഭരണാധികാരിയുടേയും പ്രാഥമിക കടമയാണ്. അതിനായി രാജ്യങ്ങൾക്ക് അവരുടേതായ പ്രതിരോധ സേനകളും പ്രതിരോധ നയങ്ങളുമുണ്ട്. ലോകത്തിൽ മൂന്നാം സ്ഥാനമാണ് നമ്മുടെ സായുധ സേനക്ക്. നമ്മുടെ പ്രതിരോധ സേനകളായ ആർമി, നേവി, എയർഫോഴ്സ് എന്നിവക്ക് പുറമേ നാലാമത്തെ സേനയായി കണക്കാക്കുന്നതാണ് പ്രതിരോധ മേഖലയിൽ പണിയെടുക്കുന്ന ഡിഫൻസ് സിവിലിയൻ ജീവനക്കാർ. രാജ്യത്തെ 41 ആയുധ നിർമ്മാണ ഫാക്ടറികളിലും 52 പ്രതിരോധ ഗവേഷണ വികസന കേന്ദ്രങ്ങളായ ഡി.ജി.ക്യു.എ., ഡി.ജി.എ.ക്യു.എ., എം.ഇ.എസ്., ഇ.എം.ഇ.എന്നിവിടങ്ങളിലായി 4 ലക്ഷത്തിൽപ്പരം പ്രതിരോധ സിവിലിയൻ ജീവനക്കാർ ജോലി ചെയ്യുന്നു.

നമ്മുടെ രാജ്യത്തെ പ്രതിരോധ മേഖലയിൽ 220 വർഷത്തെ ചരിത്രവും പാരമ്പര്യവും പേറി നിൽക്കുന്നവയാണ് ഓർഡനൻസ് ഫാക്ടറികൾ. രാജ്യത്തിന് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ 16 ഓർഡനൻസ് ഫാക്ടറികളാണ് ഉണ്ടായിരുന്നത്. സ്വാതന്ത്ര്യാനന്തരം പ്രതിരോധ മേഖലയിൽ സ്വയം പര്യാപ്തത നേടുന്നതിന്റെ ഭാഗമായി ആദ്യ വ്യവസായ നയം 1948-ൽ രൂപീകരിച്ചു. അതിൽ പൊതുമേഖലക്ക് മർമ്മ പ്രധാനമായ പ്രാധാന്യം നൽകിയിരുന്നു. പിന്നീട് ആയുധോൽപ്പാദനം, റയിൽവേ, ട്രാൻസ്പോർട്ട്, അറ്റോമിക് എനർജി തുടങ്ങിയവ പൊതുമേഖലയിൽ വികസിപ്പിക്കേണ്ടതിന്റെ പ്രാധാന്യം എടുത്ത് കാട്ടിക്കൊണ്ട് ഈ വ്യവസായം നയം പരിഷ്ക്കരിച്ചു.

ഇൻഡ്യൻ പ്രതിരോധ മേഖല സ്വയം പര്യാപ്തമാകുന്നതിലേക്കായി പുതിയ ഓർഡനൻസ് ഫാക്ടറികൾ സ്ഥാപിക്കപ്പെട്ടു. പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റേയും പ്രതിരോധ മന്ത്രി വി.കെ.കൃഷ്ണമേനോന്റേയും ദീർഘ വീക്ഷണപരമായ നിലപാടുകളാണ് പുതിയ ആയുധ നിർമ്മാണ ശാലകൾ സ്ഥാപിക്കാൻ കാരണമായത്. പിന്നീട് പ്രധാനമന്ത്രിയായ ശ്രീമതി ഇന്ദിരാഗാന്ധിയും ഈ നിലപാടുകൾ പിന്തുടർന്നു. ഇന്ന് രാജ്യത്തിന്റെ അഭിമാന സ്തംഭങ്ങളായി 41 ഓർഡനൻസ് ഫാക്ടറികളാണ് നമുക്കുള്ളത്. ഇൻഡ്യൻ സായുധ സേനക്കാവശ്യമായ കാലിബർ ആയുധങ്ങൾ, മോട്ടാർ സാമഗ്രികൾ, എക്സ്പ്ലോസീവുകൾ, ഓപ്റ്റിക്കൽ ഉപകരണങ്ങൾ, നെറ്റ് വിഷൻ സാമഗ്രികൾ, ടാങ്കുകളും അനുബന്ധ സാധനങ്ങളും, എഞ്ചിനുകൾ, ട്രക്കുകൾ, മൈൻ ഫ്യൂസുകൾ, പട്ടാള വാഹനങ്ങൾ, പാരച്ച്യൂട്ടുകൾ, യൂണിഫോമുകൾ, ബൂട്ടുകൾ, ടെന്റുകൾ തുടങ്ങി എല്ലാ സാധന സാമഗ്രികളും സർക്കാരിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള ഓർഡനൻസ് ഫാക്ടറികളിൽ ഉദ്പാദിപ്പിക്കുന്നു. ഇതിന് പുറമേ വിവിധ തരം തോക്കുകൾ, റോക്കറ്റുകൾ, ബുള്ളറ്റ് പ്രൂഫ് ജാക്കറ്റുകൾ തുടങ്ങിയവയുടെ നവീകരണവും പുനരാവിഷ്ക്കരണവും ഓർഡനൻസ് ഫാക്ടറികളിൽ നടക്കുന്നുണ്ട്.

അതിർത്തികളിൽ നമ്മുടെ ജവാന്മാർ രാജ്യരക്ഷക്കായി സ്വജീവൻ ബലിയർപ്പിക്കുന്നത് പോലെ തന്നെ നമ്മുടെ ആയുധോൽപ്പാദന ശാലകളിൽ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന നിരവധി സിവിലിയൻ ജീവനക്കാരും പലതരം അപകടങ്ങളിലായി ജീവൻ ബലിയർപ്പിച്ചിട്ടുണ്ട്. കാർഗിൽ യുദ്ധമടക്കം സ്വാതന്ത്ര്യാനന്തരം നമ്മുടെ രാജ്യത്തുണ്ടായിട്ടുള്ള എല്ലാ യുദ്ധങ്ങളിലും നമ്മുടെ സേനക്കാവശ്യമായ എല്ലാ സാമഗ്രികളും ഉദ്പാദിപ്പിച്ച് യുദ്ധത്തിൽ വിജയം കൈവരിക്കുന്നതിൽ വലിയ പങ്ക് വഹിച്ചവരാണ് ഓർഡനൻസ് ഫാക്ടറികളിലേയും അനുബന്ധ വ്യവസായ ശാലകളിലേയും തൊഴിലാളികൾ.

പ്രതിരോധ മേഖലയുടെ സ്വകാര്യവൽക്കരണത്തിന് 1991 മുതൽക്കേ സർക്കാരുകൾ ശ്രമിച്ച് വരികയാണ് 2001-ൽ 100 ശതമാനം സ്വകാര്യ പങ്കാളിത്തവും 26 ശതമാനം വിദേശ നിക്ഷേപവും അനുവദിക്കാൻ തീരുമാനമായി. പിന്നീട് നേരിട്ടുള്ള വിദേശ നിക്ഷേപം 46 ശതമാനമായും ഇപ്പോൾ 100 ശതമാനമായും ഉയർത്തിയിരിക്കുന്നു. നിലവിൽ 350-ൽപ്പരം സ്വകാര്യ കമ്പനികൾക്ക് ആയുധങ്ങളടക്കമുള്ളവ ഉദ്പാദിപ്പിക്കാൻ കേന്ദ്ര സർക്കാർ ലൈസൻസ് നൽകിയിരിക്കുകയാണ്.

ഓർഡനൻസ് ഫാക്ടറികൾ സ്വകാര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി അവിടങ്ങളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും ഉൽപ്പന്നങ്ങളുടെ ചിത്രങ്ങൾ സഹിതം അറിയിക്കാൻ പ്രധാനമന്ത്രിയുടെ ഓഫീസ് ആവശ്യപ്പെട്ടിരുന്നു. എത്ര തൊഴിലാളികൾ ഉണ്ടെന്നും എത്ര ഭൂമി ഫാക്ടറികളുടെ കൈവശമുണ്ടെന്നുമുള്ള വിവരങ്ങളും ആവശ്യപ്പെട്ടിരുന്നു. സ്വകാര്യ കുത്തക മുതലാളിമാർക്ക് ഓർഡനൻസ് ഫാക്ടറി

കളുടെ പക്കലുള്ള 60,000 ഏക്കർ ഭൂമിയിലാണ് കണ്ണ്. കൂടാതെ അവിടുത്തെ യന്ത്ര സാമഗ്രികളും അടിസ്ഥാന സൗകര്യങ്ങളുമെല്ലാം അവർക്ക് യാതൊരു മുതൽ മുടക്കുമില്ലാതെ ഉപയോഗിക്കാൻ കഴിയും. മോദി സർക്കാർ ആയുധോൽപ്പാദന മേഖലയിൽ സ്വകാര്യ കുത്തകകൾക്ക് എല്ലാവിധ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കാനുള്ള തത്രപ്പാടിലാണ്.

ഓർഡനൻസ് ഫാക്ടറികളിൽ ഉദ്പാദിപ്പിക്കുന്ന 90 ശതമാനം സാമഗ്രികളും സ്വയം പര്യാപ്തതയും മേക്ക് ഇൻ ഇൻഡ്യ നയത്തിന് അനുസൃതവുമാണെന്നിരിക്കേ മേക്ക് ഇൻ ഇൻഡ്യ പേർ പറഞ്ഞ് സ്വകാര്യ കുത്തകകളെ ആയുധോൽപ്പാദന മേഖലയിലേക്ക് ആനയിക്കുന്നത് എന്തിനാണെന്ന് സർക്കാരിന് മാത്രമേ അറിയുകയുള്ളു.

നമ്മുടെ ഓർഡനൻസ് ഫാക്ടറികളിൽ നിർമ്മിക്കുന്ന 275-ഓളം ഉപകരണങ്ങളുടെ ഉദ്പാദനം സ്വകാര്യ മേഖലക്ക് കൈമാറാൻ ഇതിനകം സർക്കാർ തീരുമാനിച്ചു കഴിഞ്ഞു. യുദ്ധ വിമാനങ്ങൾ, ഹെലികോപ്റ്ററുകൾ, അന്തർവാഹിനികൾ, തോക്കുകൾ എന്നിവയുടെ ഉദ്പാദനം പോലും സ്വകാര്യ മേഖലയെ ഏൽപ്പിക്കുവാനാണ് നീക്കം.

പ്രതിരോധ മേഖലയിലെ മറ്റൊരു പ്രധാനപ്പെട്ട വിഭാഗമാണ് ഡി.ആർ.ഡി.ഒ (ഡിഫൻസ് റിസർച്ച് ഡവലപ്പെമെന്റ് ഓർഗ്ഗനൈസേഷൻ). 50 വർഷക്കാലമായി ഇൻഡ്യൻ പ്രതിരോധത്തിൽ ഡി.ആർ.ഡി.ഒ. വഹിക്കുന്ന പങ്ക് വലുതാണ്. നിരന്തരമായ ഗവേഷണത്തിലൂടെ ഡി.ആർ.ഡി.ഒ. വികസിപ്പിച്ച സാങ്കേതിക വിദ്യയുപയോഗിച്ച് ഉപകരണങ്ങൾ നിർമ്മിച്ച് പ്രതിരോധ സേനക്ക് എത്തിച്ച് കൊടുക്കുകയാണ് ഓർഡനനസ് ഫാക്ടറികൾ ചെയ്യുന്നത്. ഇൻഡ്യയുടെ മിസൈൽ മാൻ എന്നറിയപ്പെടുന്ന മുൻ രാഷ്ട്രപതി ബഹുമാന്യനായ ഡോ.എ.പി.ജെ.അബുദുൽ കലാം ഡി.ആർ.ഡി.ഒ.യിൽ പ്രവൃത്തിയെടുത്തിരുന്ന ശാസ്ത്രജ്ഞനായിരുന്നു. ഡി.ആർ.ഡി.ഒ. വികസിപ്പിച്ചെടുത്ത മിസൈൽ സാങ്കേതിക വിദ്യയിലൂടെയും ഇലക്ട്രോണിക് ആയോധന സാങ്കേതിക വിദ്യയിലൂടേയും ഭാരതത്തിന് ലോകത്തിന്റെ നെറുകയിൽ എത്താമെങ്കിൽ മറ്റ് പ്രതിരോധ രംഗങ്ങളിൽ എന്തുകൊണ്ട് സാധ്യമല്ല? സർക്കാരിനും ഡി.ആർ.ഡി.ഒ.ക്കും ഓർഡനൻസ് ഫാക്ടറികൾക്കാവശ്യമായ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കിക്കൊടുക്കാവുന്നതേയുള്ളൂ.

കേന്ദ്ര സർക്കാർ പ്രചരിപ്പിക്കുന്നത് 70 ശതമാനം പ്രതിരോധ ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നുവെന്നാണ്. എന്നാൽ പ്രധാനമായും ഇറക്കുമതി ചെയ്യുന്നത് യുദ്ധ വിമാനങ്ങൾ, യുദ്ധക്കപ്പലുകൾ, അന്തർവാഹിനികൾ എന്നിവയാണ്. പൊതുമേഖലയിലുള്ള പ്രതിരോധ സ്ഥാപനങ്ങൾക്ക് സാങ്കേതിക വിദ്യ വികസിപ്പിച്ചു കൊണ്ട് ഇവ ഇൻഡ്യയിൽ തന്നെ നിർമ്മിക്കാവുന്നതേയുള്ളു. എന്നാൽ സർക്കാർ ചെയ്യുന്നത് പ്രതിരോധ മേഖലയിൽ 100 ശതമനം നേരിട്ടുള്ള വിദേശ നിക്ഷേപത്തിന് അനുമതി കൊടുക്കുകയാണ്. ഓർഡനൻസ് ഫാക്ടറികൾ ഉദ്പാദിപ്പിച്ചിരുന്ന 275 ഉപകരണങ്ങളെ "നോൺ-കോർ ഐറ്റം" എന്ന് പ്രഖ്യാപിച്ച് ഇവ നിർമ്മിക്കാനുള്ള അവകാശം സ്വകാര്യ കമ്പനികൾക്ക് തീറെഴുതി നൽകുകയും ചെയ്തു. ഇതിന്റെ ഫലമായി 25-ൽപ്പരം ഓർഡനൻസ് ഫാക്ടറികൾക്ക് പണിയില്ലാതായി.

ഇൻഡ്യൻ പ്രതിരോധ മേഖല സ്വയം പര്യാപ്തമാകുന്നതിന് വേണ്ടി ഓർഡനൻസ് ഫാക്ടറികൾക്കും ഡി.ആർ.ഡി.ഒ.ക്കും പുറമേ, എച്ച്.എ.എൽ., ബി.ഇ.എൽ., ബി.ഇ.എം.എൽ, ബി.ഡി.എൽ., മെസഗോൺ ഡോക്ക്, ഗാർഡൻ റീച്ച് ഷിപ്പ്യാർഡ്, നിദാനി, ഗോവ ഷിപ്പ് യാർഡ് തുടങ്ങിയ പ്രതിരോധ പൊതുമേഖല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളും ഇന്ന് സ്വകാര്യവൽക്കരണത്തിന്റെ പാതയിലാണ്.

ഓർഡനൻസ് ഫാക്ടറികളെ കോർപ്പറേറ്റ്‌വൽക്കരിക്കുന്നതിൽ എന്താണ് കുഴപ്പമെന്ന് ചോദിക്കുന്നവർക്ക് കാണിച്ച് കൊടുക്കാനുള്ളത് പൊതുമേഖല സ്ഥാപനമായ ബി.എസ്.എൻ.എല്ലിന്റെ (ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്) ഇന്നത്തെ ദയനീവാസ്ഥയാണ്.

2000-ന് മുമ്പ് ടെലികമ്മ്യൂണിക്കേഷൻ ഒരു സർക്കാർ വകുപ്പായിരുന്നു. വാജ്പേയ് സർക്കാരിൽ മന്ത്രിയായിരുന്ന അന്തരിച്ച പ്രമോദ് മഹാജന്റെ നേതൃത്വത്തിലാണ് ടെലികമ്മ്യൂണിക്കേഷൻ വകുപ്പിനെ ബി.എസ്.എൻ.എൽ. എന്ന കോർപ്പറേഷനാക്കി മാറ്റിയത്. സ്വകാര്യ ടെലികോം കമ്പനികളുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് അന്ന് സർക്കാർ ആ തീരുമാനമെടുത്തത്.

21 വർഷങ്ങൾക്ക് ഇപ്പുറം ഇന്ന് ബി.എസ്.എൻ.എല്ലിന്റെ അവസ്ഥ അതിശോചനീയമാണെന്ന് നമുക്കേവർക്കും അറിവുള്ളതാണ്. ജീവനക്കാർക്ക് സമയത്തിന് ശമ്പളം ലഭിക്കുന്നില്ല. ശമ്പളം നൽകുന്ന കാര്യത്തിൽ മാനേജ്മെന്റിന് ഒരു ഉറപ്പും നൽകാൻ കഴിയുന്നില്ല. സർക്കാരിന്റെ ഭാഗത്ത് നിന്ന് വേണ്ടത്ര സഹായം ലഭിക്കാത്തതിനാൽ സേവനങ്ങൾ തൃപ്തികരമായി ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിയാതായപ്പോൾ പലരും ബി.എസ്.എൻ.എൽ.ഉപേക്ഷിച്ച് മറ്റ് കമ്പനികളെ ആശ്രയിക്കുന്ന സ്ഥിതിയായി. ഇത് ബി.എസ്.എൻ.എല്ലിന്റെ ശോച്യാവസ്ഥക്ക് ആക്കം കൂട്ടി. സ്വകാര്യ ടെലികോം കമ്പനികൾക്ക് പ്രയോജനം ലഭിക്കുന്നതിന് കേന്ദ്ര സർക്കാർ ബി.എസ്.എൻ.എല്ലിന്റെ എല്ലാ തരത്തിലും തകർത്തു കൊണ്ടിരിക്കുകയാണ്.

പ്രതിരോധ ഉദ്പാദനം സ്വകാര്യവൽക്കരിക്കുന്നത് രാജ്യ സുരക്ഷക്ക് വലിയ ഭീഷണി ഉയർത്തും. ഈയടുത്ത കാലത്ത് ലണ്ടൻ ആസ്ഥാനമായ "കോൺഫ്ളിക്റ്റ്" എന്ന സ്ഥാപനം ഇസ്ലാമിക് സ്റ്റേറ്റ് (ഐ.എസ്)ന് ആയുധങ്ങൾ എവിടെ നിന്നാണ് ലഭിക്കുന്നത് എന്നത് സംബന്ധിച്ച് പഠനം നടത്തി ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. ഇൻഡ്യ ഗവണ്മെന്റ് ആയുധോൽപ്പാദനത്തിന് ലൈസൻസ് നൽകിയ പല കമ്പനികളിൽ നിന്നും പല തരത്തിലുള്ള ആയുധ സാമഗ്രികൾ ഐ.എസിന് നൽകുന്നതായി അവർക്ക് കണ്ടെത്താനായി. സോളാർ ഇൻഡസ്ട്രീസ്, പ്രീമിയർ എക്സ്പ്ലൊസീവ്സ്, രാജസ്ഥാൻ എക്സ്പ്ലോസീവ്സ് ആൻഡ് കെമിക്കൽസ്, ചാമുണ്ഡി എക്സ്പ്ലോസീവ്സ്, എക്കണോമിക് എക്സ്പ്ലോസീവ്സ്, ഐഡിയൽ ഇൻഡസ്ട്രിയൽ എക്സ്പ്ലോസീവ്സ്, നോക്കിയ സൊല്യൂഷൻസ് ആൻഡ് നെറ്റ് വർക്ക് (ഇൻഡ്യ) എന്നീ സ്വകാര്യ കമ്പനികളാണ് ഐ.എസിന് ആയുധങ്ങൾ നൽകുന്നതായി "കോൺഫ്ളിക്റ്റ്"ന്റെ പഠനത്തിൽ കണ്ടെത്തിയത്. രാജ്യ സുരക്ഷയെ മാത്രമല്ല ലോക സുരക്ഷയെ തന്നെ കാര്യമായി ബാധിക്കുന്ന ഗുരുതരമായ വിഷയമായി ഇത് മാറിയിരിക്കുന്നു.

രാജ്യം കോവിഡ് മഹാമാരിയുടെ പിടിയിലകപ്പെട്ടപ്പോൾ നമുക്കാവശ്യമായ പി.പി.ഇ.കിറ്റുകൾ ആവശ്യത്തിന് ഉദ്പാദിപ്പിച്ചത് ഓർഡനൻസ് ഫാക്ടറികളായിരുന്നു. ലോക്ക് ഡൗൺ, കർഫ്യൂ നിയന്ത്രണങ്ങൾ എന്നിവക്കിടയിലും രാപ്പകലില്ലാതെ കഠിനാദ്ധ്വാനം ചെയ്തിട്ടാണ് ഫാക്ടറിയിലെ തൊഴിലാളികൾ കോവിഡിനെ പ്രതിരോധിക്കാൻ യത്നിച്ചത്.

ഇതിനിടയിലാണ് 2020 മേയ് 16-ാം തീയതി കോവിഡ് റിലീഫ് പാക്കേജ് കേന്ദ്ര ധനകാര്യമന്ത്രി നിർമ്മല സീതാരാമൻ പ്രഖ്യാപിച്ചത്. ഈ പ്രഖ്യാപനത്തിൽ രാജ്യത്തെ 41 ഓർഡനൻസ് ഫാക്ടറികളെ കോർപ്പറേഷനാക്കി മാറ്റുമെന്ന അറിയിപ്പുമുണ്ടായി. കോർപ്പറേഷനാക്കുക വഴി ക്രമേണ ഇവ പൂർണ്ണമായും സ്വകാ

ര്യവൽക്കരിക്ക പ്പെടുകയും ചെയ്യും. മുൻകാലങ്ങളിലെ പ്രതിരോധ മന്ത്രിമാരായിരുന്ന സർവ്വശ്രീ ജോർജ്ജ് ഫെർണാണ്ടസ്, ജസ്വന്ത് സിംഗ്, പ്രണബ് മുഖർജി, എ.കെ.ആന്റണി, മനോഹർ പരീക്കർ എന്നിവർ തൊഴിലാളി സംഘടന ഫെഡറേഷനുകൾക്ക് രേഖാമൂലം നൽകിയ ഉറപ്പുകളെ ലംഘിച്ചു കൊണ്ടാണ് ഈ ഓർഡനൻസ് ഫാക്ടറികളെ കോർപ്പറേറ്റ് വൽക്കരിക്കാനുള്ള പ്രഖ്യാപനം സർക്കാർ നടത്തിയിരിക്കുന്നത്.

രാജ്യത്തെ മുഴുവൻ തൊഴിലാളികളും അവരെ പ്രതിനിധീകരിക്കുന്ന ഫെഡറേഷനുകളും ഈ തീരുമാനത്തെ ശക്തിയുക്തം എതിർത്ത് കൊണ്ട് പ്രധാനമന്ത്രി, പ്രതിരോധ മന്ത്രി ദേശീയ സുരക്ഷ ഉപദേഷ്ടാവ് പാർലമെന്റിലെ പ്രതിരോധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്കെല്ലാം ഭീമ ഹർജി നൽകുകയുണ്ടായി. ഇതിൽ തീരുമാനമാകാതിരുന്നപ്പോൾ തൊഴിലാളി ഫെഡറേഷനുകൾ 12.10.2020 മുതൽ അനിശ്ചിതകാല പണിമുടക്കിന് തീരുമാനിച്ചു. തുടർന്ന് സെൻട്രൽ ലേബർ കമ്മീഷണർ പ്രശ്നത്തിൽ ഇടപെട്ട് നടത്തിയ അനുരഞ്ജന ശ്രമങ്ങളുടെ ഫലമായി സമരം മാറ്റി വക്കുകയുണ്ടായി.

എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ പ്രതിരോധ നിർമ്മാണ വകുപ്പ് ഈ ഒത്തുതീർപ്പുകളെ അവഗണിച്ചു കൊണ്ട് സർക്കാരിന്റെ മുൻതീരുമാനങ്ങളുമായി മുന്നോട്ട് പോവുകയാണുണ്ടായത്. ഇതിനെതിരേ ഫെഡറേഷനുകൾ കൺട്രോൾ ലേബർ കമ്മീഷണർ (സി.എൽ.സി)യെ സമീപിച്ചു. എന്നാൽ 2021 ജൂൺ 15-ന് അംഗീകൃത തൊഴിലാളി ഫെഡറേഷനുകളുടെ അസാന്നിദ്ധ്യത്തിൽ സി.എൽ.സി. തിടുക്കത്തിൽ അനുരഞ്ജന ശ്രമങ്ങൾ അവസാനിപ്പിച്ചു. കേന്ദ്ര സർക്കാർ 41 ഓർഡനൻസ് ഫാക്ടറികളെ 7 കോർപ്പറേഷനുകളാക്കാനുള്ള തീരുമാനം 2021 ജൂൺ16-ന് കൈക്കൊള്ളുകയും ചെയ്തു.

ഈ തീരുമാനം രാജ്യ സുരക്ഷ തയ്യാറെടുപ്പുകൾക്ക് വലിയ ഭീഷണിയാകുമെന്ന് മാത്രമല്ല, ഇൻഡ്യൻ പ്രതിരോധ സേനക്ക് തങ്ങളുടെ ആവശ്യങ്ങൾക്ക് സ്വകാര്യ കുത്തകകളുടെ ദയാവായ്പിനായി കൈനീട്ടി നിൽക്കേണ്ട അവസ്ഥയുണ്ടാകുകയും ചെയ്യും. മാത്രമല്ല വളരെക്കുറച്ച് വർഷങ്ങൾക്കുള്ളിൽ ഈ ഫാക്ടറികൾ പൂട്ടിപ്പോകുകയോ പൂർണ്ണമായി സ്വകാര്യ മേഖലയുടെ കയ്യിൽ ആവുകയോ ചെയ്യും. ഈ ഫാക്ടറികളെല്ലാം ഒന്ന് മറ്റൊന്നിനോട് ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. അസംസ്കൃത വസ്തുക്കൾ, ഉപകരണങ്ങൾ തുടങ്ങിയവക്കായി ഈ ഫാക്ടറികൾ പരസ്പരം ആശ്രയിക്കുന്നു. ഏഴ് കോർപ്പറേഷനുകളായി ഈ ഫാക്ടറികളെ വെട്ടിമുറിക്കുന്നത് രാജ്യ സുരക്ഷയെ സാരമായി ബാധിക്കുമെന്നതിൽ തർക്കമില്ല. കാര്യക്ഷമതയും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുന്നതിനും സ്വയംഭരണാവകാശത്തിനും വേണ്ടിയാണ് ഈ വെട്ടിമുറിക്കൽ എന്നാണ് സർക്കാർ ഭാഷ്യം. ഇതിന് കാര്യമായ മാർഗ്ഗ രേഖയോ പ്രവർത്തന പദ്ധതികളോ ഒന്നും തന്നെ ഇതുവരെ ആവിഷ്ക്കരിച്ചിട്ടുമില്ല. നിലവിലുള്ള സർക്കാർ രീതിയിൽ നില നിർത്തിക്കൊണ്ട് തന്നെ ഓർഡനൻസ് ഫാക്ടറികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഫെഡറേഷനുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഫെഡറേഷനുകളുടെ ഒരു നിർദ്ദേശം പോലും പരിഗണിക്കാതെ സർക്കാർ സ്വമേധയാ ദേശീയ സ്വത്തായ ഓർഡനൻസ് ഫാക്ടറികളെ കോർപ്പറേറ്റ്വൽക്കരിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയാണ് ചെയ്തത്.

ഓർഡനൻസ് ഫാക്ടറികളിൽ ഡിഫൻസ് സിവിലിയൻ ജീവനക്കാരെ നിയമിക്കുന്നത് ഇൻഡ്യൻ ഭരണഘടനയുടെ അനുഛേദം 309 പ്രകാരം മത്സര പരീക്ഷകൾ നടത്തിയാണ്. അവർക്ക് വേതനം നൽകുന്നത് ഇൻഡ്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നാണ്. കോർപ്പറേറ്റ്വൽക്കരിക്കാനുള്ള സർക്കാർ തീരുമാനം തൊഴിലാളികളുടെ സ്ഥിതി നിയമവിരുദ്ധമായി മാറുകയും കുറഞ്ഞ സമയത്തിനുള്ളിൽ അവർ ജോലിയിൽ നിന്ന് പുറത്താക്കപ്പെടുകയും ചെയ്യും.

ഓർഡനൻസ് ഫാക്ടറികളെ കോർപ്പറേഷനുകളാക്കി മാറ്റാനുള്ള തീരുമാനത്തിനെതിരേ നിരന്തര സമരത്തിന് ഈ മേഖലയിലെ എല്ലാ ഫെഡറേഷനുകളും തീരുമാനിച്ചിരിക്കുകയാണ്. ഫെഡറേഷനുകൾ ഉയർത്തിയ ഈ വ്യവസായ തർക്കം പരിഹരിക്കുന്നതിന് 1947-ലെ വ്യവസായ തർക്ക നിയമ പ്രകാരം മദ്ധ്യസ്ഥത വഹിക്കുകയോ തീർപ്പ് കൽപ്പിക്കുകയോ ചെയ്യുന്നതിന് പകരം തൊഴിലാളികളുടെ നിയമവിധേയ പ്രതിഷേധത്തിനെ അടിച്ചമർത്താൻ എസൻഷ്യൽ ഡിഫൻസ് സർവ്വീസ് ഓർഡിനൻസ് എന്ന പേരിൽ കർക്കശമായ ഒരു ഓർഡിനൻസ് കൊണ്ട് വരികയാണ് മോദി സർക്കാർ. രാജ്യത്തെ നാല് ലക്ഷത്തിലധികം വരുന്ന ഡിഫൻസ് സിവിലിയൻ തൊഴിലാളികളുടേയും പ്രതിരോധ പൊതുമേഖലയിലേയും സ്വകാര്യ മേഖലയിലേയും ജീവനക്കാരുടെ ജനാധിപത്യപരവും ഭരണഘടനാപരവും നിയമപരവുമായ അവകാശങ്ങളെ കവർന്നെടുക്കുകയുമാണ് ഈ ഓർഡിനൻസിലൂടെ സർക്കാർ ചെയ്യുന്നത്. എസൻഷ്യൽ ഡിഫൻസ് സർവ്വീസ് ഓർഡിനൻസ് പ്രകാരം സമരത്തിൽ പങ്കെടുക്കുന്ന ഏതൊരു തൊഴിലാളിയേയും യാതൊരു അന്വേഷണവുമില്ലാതെ പിരിച്ചു വിടാൻ സർക്കാരിന് സാധിക്കും. കൂടാതെ സമരത്തിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുന്നവരെയും സമരത്തിൽ പങ്കെടുക്കുന്നവരേയും തടവ് ശിക്ഷക്ക് വിധേയമാക്കാനും ഈ ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്. ഇൻഡ്യ ഗവണ്മെന്റ് കൊണ്ട് വന്ന അപരിഷ്കൃതമായ ഈ ഓർഡിനൻസിനെതിരേ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ആൾ ഇൻഡ്യ ഡിഫൻസ് എംപ്ലോയീസ് ഫെഡറേഷൻ (എ.ഐ.ഡി.ഇ..എഫ്), ഇൻഡ്യൻ നാഷണൽ ഡിഫൻസ് വർക്കേഴ്സ് ഫെഡറേഷൻ (ഐ.എൻ.ഡി.ഡബ്ലിയു.എഫ്/ഐ.എൻ.ടി.യു.സി), ഭാരതീയ പ്രതിരക്ഷ മസ്ദൂർ സംഘ് , നാഷണൽ പ്രോഗ്രസ്സീവ് ഡിഫൻസ് എംപ്ലോയീസ് ഫെഡറേഷൻ (എൻ.പി.ഡി.ഇ.എഫ്) , ആൾ ഇൻഡ്യ ബഹുജൻ ഡിഫൻസ് എംപ്ലോയീസ് ഫെഡറേഷൻ (എ.ഐ.ബി.ഡി.ഇ.എഫ്) എന്നീ അഞ്ച് ഫെഡറേഷനുകൾ ഏകകണ്ഠമായി തീരുമാനിക്കുകയും സംയുക്ത പ്രസ്താവന രാജ്യരക്ഷ മന്ത്രിക്ക് നൽകിയിട്ടുമുണ്ട്.

ഇന്ന് ഡിഫൻസ് മേഖലയിലെ തൊഴിലാളികളെ സമരത്തിൽ നിന്ന് തടയുന്നതിനായി അല്ലങ്കിൽ അവരുടെ ഭരണഘടനാപരവും നിയമപരവുമായ അവകാശങ്ങളെ കവർന്നെടുക്കാനായി കൊണ്ട് വന്നിരിക്കുന്ന ഇ.എസ്.ഡി.ഒ-2021 എന്ന ഈ ഓർഡിനൻസ് നാളെ പേരു മാറ്റി എല്ലാ മേഖലകളിലുമുള്ള തൊഴിലാളികൾക്ക് നേരേ സർക്കാർ പ്രയോഗിക്കാൻ മടിക്കില്ല.

ജനവിരുദ്ധവും തൊഴിലാളി വിരുദ്ധവും രാജ്യ സുരക്ഷയെ അപകടത്തിലാക്കുന്നതുമായ കേന്ദ്ര സർക്കാരിന്റെ തീരുമാനങ്ങൾക്കെതിരേ രാജ്യരക്ഷ ജീവനക്കാർക്കൊപ്പം രാജ്യത്തെ മുഖ്യധാരാ രാഷ്ട്രീയ കക്ഷികളും, എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാരും മറ്റ് സാമൂഹ്യ സംഘടനകളും ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര സംഘടനകളും എല്ലാം ഐക്യദാർഢ്യം പ്രകടിപ്പിച്ചിട്ടുണ്ട്. നമ്മുടെ നാടിന്റെ ജനാധിപത്യ സംരക്ഷണത്തിനും കരിനിയമങ്ങളെ എതിർത്ത് തോൽപ്പിക്കുവാനും ഭരണഘടന നൽകുന്ന അവകാശങ്ങൾ സംരക്ഷിക്കാനും വരും തലമുറയുടെ ഭാവിക്കും വേണ്ടി നമുക്കൊന്നിച്ച് പോരാടാം.

# തൊഴിലാളി വിരുദ്ധ കരിനിയമങ്ങൾക്കെതിരേ കേന്ദ്ര ട്രേഡ് യൂണിയൻ സംയുക്ത സമിതി ആഹ്വാന പ്രകാരം ജൂലൈ23-ന് സംഘടിപ്പിച്ച രാജ്യവ്യാപക പ്രതിഷേധം





















# എ.ഐ.ടി.യു.സി സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച സമര ഐക്യ സമ്മേളനത്തിൽ വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ നടത്തിയ പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ


**സമ്മേളനത്തിൽ എ.ഐ.ടി.യു.സി സംസ്ഥാന പ്രസിഡന്റ് ജെ. ഉദയഭാനു അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി. രാജേന്ദ്രൻ സ്വാഗതം പറഞ്ഞു. സംസ്ഥാന സെക്രട്ടറി ആർ. പ്രസാദ് മോഡറേറ്ററായിരുന്നു.**


എളമരം കരീം



ആർ. ചന്ദ്രശേഖരൻ


ടോമി മാത്യു


എം. റഹ്മത്തുള്ള


തോമസ് ജോസഫ്


സോണിയ ജോർജ്ജ്


വി.കെ. സദാനന്ദൻ


ചാൾസ് ജോർജ്ജ്

## ലേബർ കോഡുകളും സ്വകാര്യവൽക്കരണവും തൊഴിലാളി വർഗ്ഗം നേരിടുന്ന വെല്ലുവിളികൾ - എളമരം കരീം എം.പി.

**(സി.ഐ.ടി.യു. ജനറൽ സെക്രട്ടറി)**

ന്യായമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ പോലും പണിമുടക്കാനുള്ള അവകാശം നിരോധിക്കുന്ന തൊഴിൽ നിയമങ്ങളും സ്വകാര്യവൽക്കരണവുമാണ് ഇൻഡ്യൻ തൊഴിലാളി വർഗ്ഗം ഇന്ന് നേരിടുന്ന വെല്ലുവിളികൾ. ഇന്ത്യൻ തൊഴിലാളി വർഗ്ഗം കഴിഞ്ഞ കുറേ വർഷങ്ങളായി യോജിച്ച പ്രക്ഷോഭത്തിന്റ പാതയിലാണ്. ഗവൺമെൻറ് നയങ്ങൾക്കെതിരെ യുപിഎ സർക്കാരിന്റെ കാലത്തും ഇപ്പോഴത്തെ സർക്കാരിന്റെ കാലത്തും ദേശവ്യാപകമായ പണിമുടക്കുൾപ്പെടെയുള്ള നിരവധി പ്രക്ഷോഭ സമരങ്ങൾ സംയുക്ത തൊഴിലാളി വേദിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടു ഈ പ്രക്ഷോഭ സമരങ്ങളിൽ ബിഎംഎസും പങ്കെടുത്തിരുന്നു. 2014 -ന് ശേഷം ബിഎംഎസ് സംയുക്ത പ്രക്ഷോഭ വേദിയിൽ നിന്ന് വിട്ടുനിൽക്കുകയാണ്. എന്നാൽ ചില വ്യവസായ മേഖലകളിലെ പ്രക്ഷോഭങ്ങളിൽ പലപ്പോഴും അവർ പങ്കാളികളാവുന്നു. ഉദാഹരണത്തിന് ഓർഡനൻസ് ഫാക്ടറി പ്രശ്നം വന്നപ്പോൾ എല്ലാ സംഘടനകളും ഒന്നിച്ചാണ് സമരം ചെയ്തത്. സ്വാഭാവികമായും ഒരുമിച്ച് നിൽക്കാൻ കഴിയുന്ന ഒട്ടേറെ സാഹചര്യങ്ങൾ നമ്മുടെ മുന്നിലുണ്ട്. ബിഎംഎസ്സിന്റെ നിലപാടുകളെക്കുറിച്ച് അവരുടെ നേതൃത്വവുമായി ചർച്ച ചെയ്തിരുന്നു. തൊഴിൽ നിയമ ഭേദഗതികളിന്മേലും സ്വകാര്യവൽക്കരണ വിഷയത്തിലും മറ്റും തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളിൽ യോജിപ്പിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ട് ഐക്യത്തിന്റെ പാതയിലേക്ക് അവർ എത്തിച്ചേരുമെന്ന പ്രതീക്ഷയാണുള്ളത്.

ഇൻഡ്യയിലെ തൊഴിലാളി സംഘടനകൾ ഒറ്റക്കെട്ടായി ഉയർത്തിക്കൊണ്ട് വന്ന പ്രശ്നങ്ങളെക്കുറിച്ച് ആലോചന നടത്താനും നിലവിലുള്ള നയങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താനോ സർക്കാർ സന്നദ്ധമായിട്ടില്ല. ജനാധിപത്യവ്യവസ്ഥയിൽ ഒട്ടും അഭികാമ്യമല്ലാത്ത നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. സർക്കാർ നിലപാടുമായി മുന്നോട്ടു പോവുക എന്നല്ലാതെ എതിർ ശബ്ദങ്ങളെ മാനിക്കുന്ന ജനാധിപത്യ മര്യാദ മോദി സർക്കാർ പാലിക്കുന്നില്ല. ഇതിന് മാറ്റം വരുത്തേണ്ടിയിരിക്കുന്നു.

രാജ്യത്ത് നിലനിൽക്കുന്ന 29 തൊഴിൽ നിയമങ്ങൾ ചേർത്തു കൊണ്ടാണ് 4 ലേബർ കോഡുകൾ ഉണ്ടാക്കിയത്. ഈ തൊഴിൽ നിയമങ്ങളിൽ പലതും സ്വാതന്ത്ര്യത്തിനു മുൻപ് രൂപം കൊണ്ട നിയമങ്ങളാണ്. ഓരോ നിയമങ്ങൾക്ക് പിന്നിലും തൊഴിലാളികളുടെ അതിശക്തമായ സമര ചരിത്രമുണ്ട്. അങ്ങനെ രൂപംകൊണ്ട നിയമങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് പുതിയ നിയമങ്ങൾ ഉണ്ടാകുമ്പോൾ കാലോചിതമായി തൊഴിലാളികൾക്ക് ലഭ്യമാകേണ്ട അവകാശങ്ങൾ സംരക്ഷിക്കുന്നതിന് പകരം പണ്ടുണ്ടായിരുന്ന അവകാശങ്ങൾ നഷ്ടപ്പെടുത്തുന്ന വിധത്തിലുള്ള വ്യവസ്ഥകളാണ് ഈ പുതിയ ലേബർ കോഡുകളിൽ ഉൾക്കൊള്ളിച്ചത്.

ഇതിനെ തൊഴിലാളി സംഘടനകൾ ശക്തമായി എതിർത്തിരുന്നു. തൊഴിലാളി സംഘടനകളുമായി കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിയും ഉദ്യോഗസ്ഥന്മാരും പലഘട്ടങ്ങളിലായി ആശയവിനിമയം നടത്തിയിരുന്നു. 2019-ലെ തെരഞ്ഞെടുപ്പിനു ശേഷം ചേർന്ന ആദ്യത്തെ പാർലമെൻറ് സമ്മേളനത്തിൽ കോഡ് ഓൺ വേജസ് പാർലമെന്റിൽ അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്തു. സ്റ്റാൻഡിങ് കമ്മിറ്റിയുടെ പരിഗണനക്ക് അയക്കണമെന്ന പ്രതിപക്ഷത്തിന്റെ, പ്രത്യേകിച്ച് ഇടതുപക്ഷത്തിന്റെ ശക്തമായ ആവശ്യം സ്വീകരിക്കപ്പെട്ടില്ല. ലോകസഭയിൽ ശബ്ദവോട്ടോടെ ബിൽ പാസ്സാക്കി. ബാക്കിയുള്ള മൂന്ന് കോഡുകൾ ലേബർ സ്റ്റാൻഡിങ് കമ്മിറ്റിയുടെ പരിഗണനക്ക് വന്നു. സ്റ്റാൻഡിങ് കമ്മിറ്റി തൊഴിലാളി സംഘടനകളുമായി വിശദമായി ചർച്ച ചെയ്തു. സംസ്ഥാന ലേബർ മന്ത്രിമാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്തു. സംസ്ഥാന സർക്കാരുകളുമായും തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധരുമായും ചർച്ച ചെയ്തു. പക്ഷേ സ്റ്റാൻഡിങ് കമ്മിറ്റി അംഗീകരിച്ച നിർദ്ദേശങ്ങൾ പോലും ബില്ലിൽ ഉൾപ്പെടുത്താനോ നേരത്തെ ഉണ്ടായിരുന്ന വകുപ്പുകളിൽ മാറ്റം വരുത്താനോ കേന്ദ്ര സർക്കാർ തയ്യാറായില്ല. പാർലമെന്റിലെ ഭൂരിപക്ഷം ഉപയോഗിച്ച് ബിൽ സർക്കാർ പാസ്സാക്കി.

കാർഷികമേഖലയിലെ പ്രക്ഷോഭങ്ങൾക്കിടയാക്കിയ മൂന്ന് ബില്ലുകൾ രാജ്യസഭയിൽ ചർച്ചക്കായി വന്നു. കോവിഡ് കാരണം എല്ലാവർക്കും ഒന്നിച്ചിരുന്ന് ചർച്ച ചെയ്യാൻ കഴിയാതിരുന്ന സാഹചര്യത്തിൽ വോട്ടെടുപ്പ് നടത്താൻ ആവശ്യപ്പെട്ടു. എന്നാൽ വോട്ടെടുപ്പു നടത്താൻ ഗവൺമെന്റിന് ഭയമായിരുന്നു. കാരണം ഗവൺമെന്റിനെ അനുകൂലിക്കുന്ന കക്ഷികൾ പോലും ബില്ലിനെ എതിർത്ത് സംസാരിച്ചിരുന്നു. ഇത് ചട്ട വിരുദ്ധമായിരുന്നു. ഒരു മെമ്പർ ആവശ്യപ്പെട്ടാൽ പോലും വോട്ടിം

ഗ് അനുവദിക്കണമെന്നാണ് ചട്ടം. വോട്ടിംഗ് അനുവദി ക്കാത്തതിന്റെ പേരിൽ ബഹളമായി. ബഹളത്തിനിട യിൽ ബിൽ പാസ്സായതായി പ്രഖ്യാപിക്കപ്പെട്ടു. ബഹള ത്തിന്റെ പേരിൽ 9 അംഗങ്ങളെ പാർലമെൻറിൽ നിന്ന് സസ്പെൻഡ് ചെയ്തു. സസ്പെൻഡ് ചെയ്യപ്പെട്ട അം ഗങ്ങൾ പാർലമെന്റിന് മുമ്പിൽ അനിശ്ചിതകാല സമരം ആരംഭിച്ചു. ആ ദിവസമാണ് 3 ലേബർ കോഡുകൾ അ ന്തിമ ചർച്ചയ്ക്കായി രാജ്യസഭയിൽ വന്നത്. ഒമ്പത് പേ രെ പുറത്താക്കിയ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപ ക്ഷം പാർലമെൻറ് ബഹിഷ്കരിച്ചു. സസ്പെൻഡ് ചെ യ്യപ്പെട്ടവരുടെ അസാന്നിധ്യത്തിൽ ബില്ലിന്റെ ചർച്ച മാ റ്റിവെക്കണമെന്ന് ആവശ്യപ്പെട്ടു രാജ്യസഭ ചെയർമാന് കത്ത് നൽകി. പക്ഷേ അദ്ദേഹം അത് പരിഗണിച്ചില്ല. അങ്ങനെ ഈ മൂന്ന് ബില്ലുകളും വോട്ടെടുപ്പ് ഒന്നുമില്ലാ തെ പാസായതായി പ്രഖ്യാപിച്ചു. ഇന്ത്യയിലെ കോടി ക്കണക്കായ തൊഴിലാളികളെ ബാധിക്കുന്ന 4 നിയമ ങ്ങൾ പാർലമെന്റ് പാസാക്കിയത് ഈ രീതിയിലാണ്.

പാർലമെന്റ് പാസ്സാക്കിയ ലേബർ കോഡുകൾ അ ന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കൺവെൻഷനു കൾക്ക് വിരുദ്ധമാണ്. ഉദാഹരണത്തിന് വേജ് കോ ഡിൽ മിനിമം വേതനമെന്ന തത്വം അട്ടിമറിക്കപ്പെട്ടു. പ കരം “നാഷണൽ ഫ്ളോർ വേജ്” എന്ന സമ്പ്രദായം ആ വിഷ്ക്കരിച്ചു. മിനിമം വേജ് എന്ന് പറഞ്ഞാൽ തന്നെ ഏ റ്റവും കുറഞ്ഞ കൂലി എന്നായിരിക്കേ അതിലും താഴെ യുള്ള കൂലിക്ക് നിയമ പ്രാബല്യം കൊണ്ട് വരുന്നത് ന്യായീകരിക്കാനാവില്ല. ഈ “ഫ്ളോർ വേജ്” പ്രകാരം കുറഞ്ഞ കൂലി വെറും 202 രൂപയാണ്. ഇതാണ് ഇനി രാ ജ്യത്തെ തൊഴിലാളികൾക്ക് ലഭിക്കാൻ പോകുന്നത്.

പൊതുമേഖലയുടെ സ്വകാര്യവൽക്കരണം തടയാ നായില്ലെങ്കിൽ ഇൻഡ്യയിലെ കോടിക്കണക്കായ സാ ധാരണക്കാർക്കും പാവപ്പെട്ടവർക്കും ഇന്ന് ലഭിച്ചു കൊ ണ്ടിരിക്കുന്ന സേവനങ്ങൾ നിഷേധിക്കപ്പെടും. സ്വാത ന്ത്ര്യാനന്തര ഭാരതം പുരോഗതി പ്രാപിച്ചത് പൊതുമേ ഖല ശക്തമായതിനാലാണ്. ഒന്നാം പഞ്ചവത്സര പദ്ധ തി മുതൽ ആരംഭിച്ച പൊതുമേഖല ശാക്തീകരണത്തി ന്റെ ഫലമായി 242 കേന്ദ്ര പൊതുമേഖല സ്ഥാപന ങ്ങൾ രാജ്യത്തുണ്ടായി. ഈ സ്ഥാപനങ്ങളുടെ സേവന ങ്ങൾ ഉപയുക്തമാക്കിയാണ് ഇൻഡ്യയിലെ സ്വകാര്യ സ്ഥാപനങ്ങൾ വളർന്നത്. ആ സ്വകാര്യ മേഖലയാണ് ഇന്ന് പൊതുമേഖലക്ക് ഭീഷണിയുയർത്തുന്നത്.

പൊതു മേഖലയുടെ സേവനങ്ങൾ ഏറ്റവുംകൂടു തൽ പ്രയോജനപ്പെടുന്നത് പാവങ്ങൾക്കും സാധാരണ ക്കാർക്കുമാണ്. വികസിത രാജ്യങ്ങൾ പോലും കോവി ഡ് മഹാമാരി വിതച്ച ദുരിതത്താൽ കിതച്ചപ്പോൾ കേരള ത്തിന് ആശ്വാസമായത് പൊതുമേഖലയിലെ ആരോഗ്യ സേവന സംവിധാനങ്ങളായിരുന്നു. അതു പോലെ ഭ ക്ഷ്യ വിതരണത്തിലും വിദ്യാഭ്യാസ രംഗത്തും പൊതു മേഖലയാണ് സാധാരണക്കാർക്ക് താങ്ങായത്.

1991 മുതൽ ആരംഭിച്ച ഉദാരവൽക്കരണ, ആഗോള വൽക്കരണ നയങ്ങൾ 1998 വരെ നടപ്പാക്കാൻ കേന്ദ്ര സർക്കാരിന് കഴിയാതെ പോയത് തൊഴിലാളി വർഗ്ഗ പ്ര സ്ഥാനങ്ങളുടെ ശക്തമായ എതിർപ്പും ഇടതുപക്ഷ പ്ര സ്ഥാനങ്ങളുടെ ഇടപെടലും മൂലമാണ്. 1998-ലെ വാജ് പേയ് സർക്കാർ അത് നടപ്പാക്കിത്തുടങ്ങിയെങ്കിലും 2004-ലെ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ലഭിക്കാത്തതി നാൽ അതിന് വേഗതയാർജ്ജിക്കാനായില്ല. 2004-ലെ യു.പി.എ.സർക്കാരിന് ഇടതുപക്ഷത്തിന്റെ പിന്തുണയു ണ്ടായതിനാൽ ഒന്നാം യു.പി.എ. സർക്കാരിനും അത് ഊർജ്ജിതമായി നടപ്പാക്കാൻ കഴിഞ്ഞില്ല.

എന്നാൽ 2009-ലെ രണ്ടാം യു.പി.എ. സർക്കാർ സ്വ കാര്യവൽക്കരണ നടപടികൾ ഊർജ്ജിതപ്പെടുത്തി. അ പ്പോഴും പൊതുമേഖല സ്ഥാപനങ്ങളുടെ മൈനോറിട്ടി ഷെയറുകൾ മാത്രമേ സർക്കാർ വിറ്റുള്ളൂ. സ്വകാര്യവൽ ക്കരണത്തിനെതിരായ പണിമുടക്കുകളും ചെറുത്തു നിൽപ്പുകളും തൊഴിലാളി വർഗ്ഗത്തിന്റെ ഭാഗത്തു നിന്നു മുണ്ടായതിന്റെ കൂടി ഫലമായിരുന്നു അത്. ലോക് സഭ യിൽ ബി.ജെ.പി.ക്ക് ഒറ്റക്കും, രാജ്യസഭയിൽ എൻ.ഡി.എ.ക്കും ഭൂരിപക്ഷമില്ലാതിരുന്നതിനാൽ 2014- ലെ ഒന്നാം മോദി സർക്കാരിനും ഓഹരി വിൽപ്പനയും സ്വകാര്യവൽക്കരണവും അതിശക്തമായി നടത്താൻ ക ഴിഞ്ഞില്ല.

എന്നാൽ 2019 ആയപ്പോഴേക്കും ലോക് സഭയിൽ ബി.ജെ.പി.ക്ക് വമ്പിച്ച ഭൂരിപക്ഷം ലഭിച്ചു. രാജ്യസഭയി ലും അവർ ഭൂരിപക്ഷം ഉറപ്പാക്കി. ഇതോടെ ലക്ഷം കോ ടിയിലധികം രൂപ സമാഹരിക്കുവാൻ പൊതുമേഖല സ്ഥാപനങ്ങൾ വിറ്റഴിക്കുക എന്ന ലക്ഷ്യവുമായി ബി.ജെ.പി.സർക്കാർ മുന്നോട്ട് പോകുവാനാരംഭിച്ചു. നഷ്ടത്തിലായിരുന്ന കമ്പനികളാണ് മുമ്പ് വിറ്റഴിച്ചിരുന്ന തെങ്കിൽ ഇന്ന് ഒന്നൊഴിയാതെ എല്ലാം വിൽക്കുകയാ ണ്. ധനകാര്യ മേഖലയിലേയും, ഗതാഗത മേഖലയി ലേയും ഊർജ്ജമേഖലയിലെയും എന്ന് വേണ്ട രാജ്യ സുരക്ഷയെപ്പോലും ഗുരുതരമായി ബാധിക്കുന്ന ആയു ധ നിർമ്മാണ ശാലകൾ ഉൾപ്പെടെ വിൽക്കുകയാണ്.

കേന്ദ്ര സർക്കാരിന്റെ ഈ തൊഴിലാളി വിരുദ്ധ, ജന വിരുദ്ധ പൊതുമേഖല വിരുദ്ധ സമീപനങ്ങൾക്കെതിരേ ശക്തമായ പോരാട്ടം മാത്രമാണ് ഏക പോംവഴി. അതി ന്റെ ഭാഗമായി ട്രേഡ് യൂണിയൻ സംയുക്ത സമര സമി തി ജൂലായ് 23-നും ക്വിറ്റ് ഇൻഡ്യാ ദിനമായ ആഗസ്റ്റ് 9- നും സംഘടിപ്പിക്കുന്ന പ്രതിഷേധ സമരങ്ങൾ വിജയി പ്പിക്കുവാൻ അഭ്യത്ഥിക്കുന്നു.

## തൊഴിലാളി വർഗ്ഗ താൽപ്പര്യം സംരക്ഷി ക്കാൻ രാഷ്ട്രീയ ഐക്യം അനിവാര്യം - ആർ. ചന്ദ്രശേഖരൻ

**(ഐ.എൻ.ടി.യു.സി. സംസ്ഥാന പ്രസിഡന്റ്)**

നരേന്ദ്ര മോദി സർക്കാരിന്റെ രാജ്യ വിരുദ്ധ നയങ്ങളെ നേരിടാനും തൊഴിലാളി വർഗ്ഗ താൽപ്പര്യം സംരക്ഷി ക്കാനും വിശാലമായ രാഷ്ട്രീയ ഐക്യം അനിവാര്യമാ ണ്. ആ രാഷ്ട്രീയ ഐക്യം യാഥാർത്ഥ്യമാക്കുവാൻ ട്രേ ഡ് യൂണിയനുകൾ നേതൃത്വപരമായ പങ്ക് വഹിക്കണം.

തൊഴിലാളികൾ ഒന്നടങ്കം പണിമുടക്കിയിട്ടും മോ ദി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നിലപാടുക ളിൽ അയവ് വരുത്താൻ കഴിഞ്ഞില്ല. കർഷകരുടെ സ മരം എട്ട് മാസമാകുന്നുവെങ്കിലും അവരോട് ഒന്ന് സംസാരിക്കാൻ പോലും പ്രധാനമന്ത്രി തയ്യാറാകു ന്നില്ല. പാർലമെന്റിലെ ബി.ജെ.പി.യുടെ ഭൂരിപക്ഷ ത്തിന്റെ മറവിൽ തന്നിഷ്ടം പോലെ പെരുമാറുന്ന കേ ന്ദ്ര സർക്കാരിനെ നിലക്ക് നിർത്താൻ ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗത്തിനോ കർഷകർക്കോ ഒറ്റക്കാവി ല്ല. അതിന് കഴിയണമെങ്കിൽ ബഹുജന പിന്തുണ യാർജ്ജിക്കണം. രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പിന്തു ണയാർജ്ജിക്കണം. ഇന്ന് രൂപം കൊണ്ടിട്ടുള്ള ട്രേഡ് യൂണിയൻ ഐക്യത്തെപ്പോലെ വിശാലമായ രാഷ്ട്രീ യ ഐക്യവും അതോടെ രൂപം കൊള്ളണം. എങ്കിൽ മാത്രമേ മോദി സർക്കാരിനെ നിലക്ക് നിർത്താനും നി ലം പതിപ്പിക്കാനുമാകൂ. ഐ.എൻ.ടി.യു.സി.എക്കാല വും തൊഴിലാളി വർഗ്ഗത്തോടൊപ്പം നിന്ന പ്രസ്ഥാന മാണ്. തൊഴിലാളികളുടെ പ്രശ്നങ്ങൾ അധികാരി വർഗ്ഗത്തെ ധരിപ്പിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുള്ള പ്രസ്ഥാനമാണത്. രാമാനുജം അടക്കമുള്ള ട്രേഡ് യൂ ണിയൻ നേതാക്കൾ രാജ്യത്തെ ഭരണാധികാരികളു ടെ മുന്നിൽ പറയേണ്ട കാര്യങ്ങൾ പറയുകയും എ തിർക്കേണ്ട കാര്യങ്ങൾ എതിർക്കുകയും ചെയ്തവ രാണ്. പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധി ഐ.എൻ.ടി.യു.സി. കെട്ടിടത്തിന് തറക്കല്ലിടവേ നട ത്തിയ തെറ്റിദ്ധാരണാജനകമായ ചില പരാമർശങ്ങ

ളെ അതേ വേദിയിൽ വച്ച് രാമാനുജം തിരുത്തുകയുണ്ടായി. .

സാധാരണഗതിയിൽ തങ്ങളെ അനുകൂലിക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങൾ ഭരണം കയ്യാളുമ്പോൾ ആ തൊഴിലാളി സംഘടനകൾ പണിമുടക്കാറില്ല. എന്നാൽ യു.പി.എ. സർക്കാരിനെതിരേ രണ്ട് ദേശീയ പണിമുടക്കുകളിൽ ഐ.എൻ.ടി.യു.സി. പങ്കെടുക്കുകയുണ്ടായി.

1991-ൽ രാജ്യത്തിന്റെ അന്നത്തെ സാഹചര്യത്തിൽ കൊണ്ടുവന്ന ഉദാരവൽക്കരണ നയങ്ങളിലുള്ള ആശങ്ക മറ്റുള്ളവരെപ്പോലെ ഐ.എൻ.ടി.യു.സി.യും ശക്തമായി പ്രകടിപ്പിച്ചിരുന്നു. സർക്കാർ സാമ്പത്തിക ഉദാരവൽക്കരണവുമായി മുന്നോട്ട് പോകുമ്പോഴും തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ നിരവധി പോരാട്ടങ്ങൾ ഐ.എൻ.ടി.യു.സി. നടത്തിയിരുന്നു.

കോൺഗ്രസ്സ് സർക്കാർ ഉദാരവൽക്കരണ നയം പിന്തുടർന്നിരുന്നുവെങ്കിലും തൊഴിലാളികളെ ദ്രോഹിക്കുന്ന നയം സ്വീകരിച്ചിരുന്നില്ല. തൊഴിലാളികളെ സംരക്ഷിക്കുന്ന നിയമങ്ങൾ കൊണ്ട് വരുന്നതിനും ആ സർക്കാർ ശ്രമിച്ചിരുന്നു. അന്ന് ത്രികക്ഷി സമ്മേളനങ്ങൾ നടന്നിരുന്നു. പാർലമെന്റിൽ തൊഴിൽ നിയമങ്ങളായാലും മറ്റെന്ത് പ്രശ്നങ്ങളായാലും ശക്തമായ വാദ പ്രതിവാദങ്ങൾ നടന്നിരുന്നു. ഇന്നിപ്പോൾ ചർച്ച ആവശ്യപ്പെടുന്ന പ്രതിപക്ഷങ്ങളെ പുറത്താക്കിയിട്ട് തന്നിഷ്ടം പോലെ നിയമങ്ങൾ പാസ്സാക്കുകയാണ് മോദി സർക്കാർ.

അന്താരാഷ്ട്ര തൊഴിൽ സംഘടന പോലുള്ള സംഘടനകൾ ഇൻഡ്യയിലെ തൊഴിലാളികളുടെ രക്ഷക്ക് ഉതകുകയില്ലന്ന് എന്റെ നേരിട്ടുള്ള അനുഭവമാണ്. മോദി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾ ചൂണ്ടിക്കാട്ടി മൂന്ന് നിവേദനങ്ങൾ ഐ.എൽ.ഒ.ക്ക് സമർപ്പിച്ചുവെങ്കിലും അവ ചർച്ച ചെയ്യാൻ മോദി സർക്കാരിന് താൽപ്പര്യമില്ലന്ന വാദം അംഗീകരിക്കുകയാണ് ഐ.എൽ.ഒ.ചെയ്തത്..

## തൊഴിലാളി കർഷക ബഹുജന ഐക്യം കാലഘട്ടത്തിന്റെ ആവശ്യം - അഡ്വ. ടോമി മാത്യു.

**(എച്ച്.എം.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി)**

സ്വന്തം ജനതക്കെതിരേ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്ന മോദി സർക്കാരിനേയും അവരെ നിയന്ത്രിക്കുന്ന സാമ്പത്തിക ശക്തികളേയും നിലക്ക് നിർത്താൻ തൊഴിലാളി-കർഷക-ബഹുജന ഐക്യമാണ് ഇന്നാവശ്യം.

മോദി സർക്കാരിന്റെ വികലമായ നയങ്ങളും നിലപാടുകളും രാജ്യത്തെ ഒരു വലിയ പ്രക്ഷോഭത്തിന്റെ വക്കിലെത്തിച്ചിരിക്കുന്നു. സുരക്ഷയും രഹസ്യവും പുലർത്തേണ്ട മേഖലകളെപ്പോലും വിദേശ-സ്വകാര്യ കമ്പനികൾക്ക് കൈമാറാൻ അധികാരികൾ ഒരുങ്ങുന്ന വേളയാണിത്. സ്വകാര്യവൽക്കരണത്തെ എതിർക്കുന്നവരെ കരുതൽ തടങ്കലിലടക്കാൻ ആവശ്യമായ ഓർഡിനൻസുകൾ പുറത്തിറങ്ങിയ അവസരമാണിത്.

ലോകരാഷ്ട്രങ്ങൾക്ക് തന്നെ അത്ഭുതമായ ഇൻഡ്യൻ റയിൽവേയുടെ 600 സ്റ്റേഷനുകൾ സ്വകാര്യ മേഖലക്ക് കൈമാറിക്കഴിഞ്ഞു. 190 ട്രയിൻ സർവ്വീസുകൾ സ്വകാര്യ കമ്പനികൾക്ക് തീറെഴുതി. പ്രതിവർഷം 1000 തീവണ്ടി എഞ്ചിനുകൾ നിർമ്മിക്കാൻ കഴിവുള്ള ചിത്തരഞ്ജൻ ലോക്കോമോട്ടീവ്സിൽ ഇപ്പോൾ ഉദ്പാദനം നന്നേ കുറവാണ്. പകരം സ്വകാര്യ മേഖലയിൽ നിന്നും എഞ്ചിനുകൾ വാങ്ങുന്നു. മുംബൈ തുറമുഖത്ത് ഇപ്പോൾ കപ്പലുകൾ അധികം വരുന്നില്ല. മിക്ക കപ്പലുകളും തൊട്ടടുത്ത അദാനി പോർട്ടിലേക്കാണ് പോകുന്നത്. ബാങ്കുകളും ഇൻഷുറൻസ് മേഖലയും വിൽപ്പനക്ക് വച്ചിരിക്കുന്നു. രാജ്യത്തിന്റെ ഭരണാധികാരികൾ തന്നെ രാജ്യത്തിന്റെ സ്വത്ത് വിദേശ കുത്തകകൾക്ക് കൈമാറുന്നു.

സമ്പദ്ഘടന തകരാറിലാണ്. പെട്രോൾ-ഡീസൽ വില വർദ്ധനയുടെ ആഘാതം നാം അനുഭവിച്ചു കൊണ്ടിരിക്കുന്നു. 30 ശതമാനം ജനങ്ങൾക്ക് റേഷൻ കാർഡുകളില്ല. 40 കോടി ജനങ്ങൾ ഇപ്പോഴും ജീവിത മാർഗ്ഗം തേടി അലയുന്നു. ആ രാജ്യത്താണ് 68000 കോടി രൂപയുടെ കോർപ്പറേറ്റ് കടം എഴുതിത്തള്ളിയത്.

ഇതിനൊക്കെ പുറമേയാണ് തൊഴിലാളി വിരുദ്ധ, കർഷക നിയമങ്ങൾ അടിച്ചേൽപ്പിക്കുന്നത്. ഇതെല്ലാം മനഃപൂർവ്വം സൃഷ്ടിക്കുന്നതാണ്. ഇതിനെയൊക്കെ ശക്തമായി എതിർത്തിട്ടും തിരുത്താൻ കഴിയാത്തതിന്റെ നിരാശ സ്വാഭാവികമായും ഉണ്ടാകും. പക്ഷെ അങ്ങിനെ നിരാശപ്പെടേണ്ടതില്ല, കാരണം ഫ്യൂഡൽ വ്യവസ്ഥയിൽ നിന്നും ഈയടുത്ത കാലം വരെ തൊഴിലാളിക്ക് തലയുയർത്തിപ്പിടിച്ച് നിൽക്കാൻ കഴിയുന്ന അവസ്ഥയുണ്ടായി. അതിന് നിരവധി ഘടകങ്ങൾ നമ്മെ സഹായിച്ചു. തൊഴിൽ നിയമങ്ങളും അന്താരാഷ്ട്ര തൊഴിൽ സംഘടനകളുമൊക്കെ നമ്മെ സഹായിച്ചു. അതിനെയൊക്കെ തകിടം മറിച്ചുകൊണ്ട് ഈ സർക്കാർ മുന്നോട്ട് പോകുമ്പോൾ അതിനെ ചെറുക്കാനുള്ള ശക്തി തൊഴിലാളികൾക്കും കർഷകർക്കുമുണ്ട്. ബ്രിട്ടീഷുകാരുടെ കാലം മുതൽക്കേ അതാണ് ചരിത്രം. സ്വാതന്ത്ര്യാനന്തര ഭാരതത്തിലും തൊഴിലാളികൾ സംഘടിച്ച് നടത്തിയ സമരങ്ങളും പരാജയമാണെന്ന് ആരും വിലയിരുത്തിയിട്ടില്ല. ഇപ്പോൾത്തന്നെ മോദി സർക്കാരിനെതിരേ പൊതുജനാഭിപ്രായം ഉയർത്തിക്കൊണ്ട് വരാൻ നമ്മുടെ സമരങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. തൊഴിലാളിയും കർഷകനും ഒന്നിച്ച് നിന്ന് മുന്നോട്ട് പോകുമ്പോൾ അവരോടൊപ്പം സാധാരണക്കാരും അണിനിരക്കും. അതിൽ പുതിയ തലമുറയുമുണ്ടാകും. അവരെല്ലാം ഒരുമിച്ച് നില്ക്കുമ്പോൾ സ്വാഭാവികമായും ഒരു രാഷ്ട്രീയം ഉടലെടുക്കും. അങ്ങിനെ ഉടലെടുക്കുന്ന രാഷ്ട്രീയത്തെ പ്രതിരോധിക്കാൻ സ്വന്തം ജനതയോട് യുദ്ധം ചെയ്യുന്ന ഇന്നത്തെ ഭരണാധികാരികൾക്കോ അവരെ നിയന്ത്രിക്കുന്ന കുത്തകകൾക്കോ കഴിയില്ല.

## തൊഴിലാളി ഐക്യം നാടിന്റെ പ്രതീക്ഷ - അഡ്വ. എം. റഹ്മത്തുള്ള.

**(എസ്.ടി.യു.സംസ്ഥാന പ്രസിഡന്റ്)**

സമാനതകളില്ലാത്ത ഒരു വലതുപക്ഷ തീവ്ര സർക്കാർ അധികാരത്തിലിരിക്കുമ്പോൾ രാജ്യത്തെ സമസ്ത മേഖലയും അപകടത്തിലേക്ക് കൂപ്പ് കുത്തുമെന്നും അതിനെ അതിജീവിക്കാൻ മതേതര, ജനാധിപത്യ, ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ഐക്യത്തിലൂടെ മാത്രമേ സാധ്യമാകൂ.

തൊഴിലാളികൾക്കിടയിൽ വളർന്ന് വരുന്ന ഐക്യത്തിൽ രാജ്യത്തിന് പ്രതീക്ഷയുണ്ട്. കഴിഞ്ഞ ഒന്നര ദശകത്തിലേറെക്കാലമായി വളർത്തിക്കൊണ്ട് വന്ന ഈ ഐക്യം മാതൃകയാക്കി സ്വീകരിക്കാൻ ഇൻഡ്യയിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ഇന്ന് കഴിഞ്ഞില്ലങ്കിൽ ഒരിക്കലും കരകയറാൻ കഴിയാത്ത അവസ്ഥയിലേക്ക് രാജ്യം ആണ്ടുപോകും.

തൊഴിൽ നിയമങ്ങൾ മാറ്റി. കാർഷിക നിയമങ്ങൾ മാറ്റി. ജനങ്ങൾക്ക് നൽകേണ്ട സേവനങ്ങളിൽ നിന്ന് സർക്കാർ പിന്നോട്ട് പോകുന്നു. സമ്പൂർണ്ണ സ്വകാര്യവൽക്കരണം നയമാക്കി. സാമ്പത്തിക രംഗം തകർന്നു. പൊതുജീവിതം താറുമാറായി. സാമൂഹ്യജീവിതം അവതാളത്തിലായി. ആയുധ നിർമ്മാണം പോലും സ്വകാര്യ മേഖലക്ക് നൽകുന്നു. രാജ്യരക്ഷ പോലും സ്വകാര്യ മുതലാളിമാരെ ഏൽപ്പിക്കുന്നുവെന്ന പറയുമ്പോൾ വരാനിരിക്കുന്ന അപകടത്തെക്കുറിച്ച് ഏറെ പറയേണ്ടതില്ല.

ബി.ജെ.പി.സർക്കാർ അതിന്റെ ഹിന്ദുത്വ അജൻഡ നടപ്പാക്കുന്നതിന്റെ ഭാഗമായി രാജ്യത്തെ ഫാസിസത്തിലേക്ക് നയിക്കുന്നു.

ഇതൊന്നും കേവലം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളായി കാണാതെ അതിന്റെ രാഷ്ട്രീയ മാനം കൂടി കണ്ടെത്തണം. തൊഴിലാളികൾ ഇന്ന് പടുത്തുയർത്തിയ ഈ ഐക്യം രാഷ്ട്രീയ ഐക്യമാക്കി മാറ്റണമെന്ന പൊതു അഭിപ്രായം എത്രയും വേഗം പ്രാവർത്തികമാക്കാൻ ശ്രമിക്കണം.

## പ്രതിസന്ധിക്ക് പ്രതിവിധി പോരാട്ടം മാത്രം - തോമസ് ജോസഫ്

**(യു.ടി.യു.സി. സംസ്ഥാന ജനറൽ സെക്രട്ടറി)**

നിരന്തരമായ പോരാട്ടങ്ങൾ കൊണ്ട് മാത്രമേ ഇന്നത്തെ പ്രതിസന്ധിക്ക് പ്രതിവിധി കണ്ടെത്താൻ കഴിയൂ, പ്രതിസന്ധി ഘട്ടങ്ങളിൽ പ്രതീക്ഷ കൈവിടരുത്.ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗം അന്തരാള ഘട്ടത്തിലാണ്. നമുക്ക് ധാരാളം നഷ്ടപ്പെട്ടു. മിനിമം വേതനം നഷ്ടമായി. തൊഴിൽ നിയമങ്ങൾ ദുർബ്ബലമായി. കാർഷിക നിയമങ്ങൾ ഭേദഗതി ചെയ്യുന്നു. സ്വകാര്യവൽക്കരണം വ്യാപകമായി. പൊതു സ്വത്ത് വിൽപ്പനക്ക് വച്ചിരിക്കുന്നു. ത്രികക്ഷി സംവിധാനം തകർന്നു. തൊഴിലാളി സമരങ്ങളേയും കർഷകരുടെ സമരങ്ങളേയും സർക്കാർ പരിഹാസ രൂപേണയാണ് വീക്ഷിക്കുന്നത്. ഐ.എൽ.ഒ.യും വിവിധ അന്താരാഷ്ട്ര വേദികളും അംഗീകരിച്ച പലതിനും വിരുദ്ധമായാണ് സർക്കാരിന്റെ പോക്ക്. 2030-ഓടെ മാന്യമായ തൊഴിൽ സംവിധാനം ഉറപ്പാക്കുമെന്നും അസംഘടിത മേഖലയിലെ തൊഴിലാളികളെ സംഘടിത മേഖലയിലെത്തിക്കുമെന്നാണ് ഐക്യരാഷ്ട്ര സഭക്ക് ഇൻഡ്യ നൽകിയ ഉറപ്പ്. ആ ഉറപ്പ് നൽകിയവരാണ് അതിന് വിരുദ്ധമായ കാര്യങ്ങൾ ചെയ്ത് കൂട്ടുന്നത്.

തൊഴിലാളി വർഗ്ഗം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ പോരാട്ടങ്ങളോടൊപ്പം സാധ്യമായ എല്ലാ മാർഗ്ഗങ്ങളും അവലംബിക്കണം. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ സഹായം നാം തേടണം. രാജ്യത്തെ കോടതികളിൽ നിന്ന് നീതി ലഭിക്കുമോ എന്ന് പരിശോധിക്കണം. ലോക ട്രേഡ് യൂണിയൻ ഫെഡറേഷനെപ്പോലുള്ള അന്താരാഷ്ട്ര സംഘടനകളുടെ ഇടപെടലിന് നാം ശ്രമിക്കണം. സംസ്ഥാനങ്ങളുടെ അധികാര പരിധിക്കുള്ളിൽ നിന്നു കൊണ്ടുള്ള നിയമ നിർമ്മാണങ്ങൾ നടത്താൻ ബി.ജെ.പി.ഇതര സർക്കാരുകളെ പ്രേരിപ്പിക്കണം. ബധിര കർണ്ണങ്ങളിലാണ് പതിക്കുന്നതെന്ന ഉത്തമ ബോധ്യമുണ്ടെങ്കിലും നമ്മുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും ലഭ്യമായ എല്ലാ വേദികളിലും പറഞ്ഞു കൊണ്ടേയിരിക്കണം. അവ പ്രചരിപ്പിച്ചു കൊണ്ടേയിരിക്കണം. കർഷക സമരത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചാൽ മാത്രം പോര. ആ സമരത്തിൽ ചേരുകയാണ് വേണ്ടത്. എല്ലാറ്റിലുമുപരി തൊഴിലാളി ഐക്യം വികസിപ്പിച്ച് രാഷ്ട്രീയ ഐക്യമായി മാറ്റണം. ഈ സർക്കാരിനെത്തന്നെ മാറ്റണം. എങ്കിലേ ഈ പ്രതിസന്ധി ശാശ്വതമായി പരിഹരിക്കപ്പെടുകയുള്ളൂ.

## അസംഘടിത തൊഴിൽ മേഖലയോടുള്ള സമീപനത്തിൽ മാറ്റം വരണം - സോണിയ ജോർജ്ജ്

**(SEWA സംസ്ഥാന ജനറൽ സെക്രട്ടറി)**

തൊഴിലുടമയും തൊഴിലാളിയും സർക്കാരും അടങ്ങുന്ന ത്രികക്ഷി സംവിധാനമോ കൂട്ടായി വിലപേശാനുള്ള അവസരമോ ഇല്ലാത്ത അസംഘടിത വിഭാഗം തൊഴിലാളികളുടെ പ്രശ്നങ്ങളെ പുതിയ കാഴ്ചപ്പാടോടെ സമീപിച്ചാൽ മാത്രമേ അവ പരിഹരിക്കാൻ കഴിയൂ. രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അസംഘടിത മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ വേണ്ടത്ര പരിഗണിക്കപ്പെടാതെ തുടരുകയാണ്. മേഖല തിരിച്ചുള്ള തൊഴിൽ നിയമങ്ങൾ രൂപീകരിക്കുകയാണ് അവ പരിഹരിക്കുന്നതിനുള്ള പോംവഴിയെന്നും തൊഴിലാളി സംഘടനകൾ ഈ ആവശ്യം പ്രധാന മുദ്രാവാക്യമായി ഉയർത്തണം.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെടുകയും ഏറ്റവുമധികം ദുരിതത്തിലാണ്ടതും അസംഘടിത വിഭാഗം തൊഴിലാളികളാണ്. "മിനിമം വേതനം" "ഫ്ളോർ വേജസ്" ആയി രൂപാന്തരപ്പെടുമ്പോഴും അതിന്റെ ഇരകൾ അസംഘടിത തൊഴിലാളികളാണ്, പ്രത്യേകിച്ച് അവിദഗ്ദ്ധ തൊഴിലാളികളും, സ്ത്രീ തൊഴിലാളികളും. എട്ട് മണിക്കൂർ ജോലി എന്ന സങ്കൽപ്പം നഷ്ടപ്പെട്ടിരിക്കുന്നു. കുറഞ്ഞത് 12 മണിക്കൂറെങ്കിലും ജോലി ചെയ്യാൻ അവർ നിർബന്ധിതരായിരിക്കുന്നു. സ്ത്രീ തൊഴിലാളികളുടെ ജോലി ഭാരത്തെക്കുറിച്ച് ആരും മിണ്ടുന്നില്ല. 18-ഉം 20-ഉം മണിക്കൂറാണ് വീട്ടിലെ പണിയുൾപ്പെടെ സ്ത്രീകൾക്ക് ചെയ്യേണ്ടി വരുന്നത്. സംഘടിത മേഖലയിൽ പോലും സാമൂഹ്യ സുരക്ഷ പദ്ധതികൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അസംഘടിത മേഖലയിൽ അത് ലഭിക്കുമെന്ന് കരുതുവാൻ വയ്യ.

ഇക്കഴിഞ്ഞ അന്താരാഷ്ട്ര തൊഴിൽ സമ്മേളനത്തിൽ കൂലംകഷമായി ചർച്ച ചെയ്ത ഒരു വിഷയം സാമൂഹ്യ സുരക്ഷയെക്കുറിച്ചായിരുന്നു. സാർവ്വത്രിക സാമൂഹ്യ സുരക്ഷ ഫണ്ട് രൂപീകരിക്കാൻ അംഗരാജ്യങ്ങൾ തയ്യാറാകണമെന്ന നിർദ്ദേശത്തോട് ഇൻഡ്യയെപ്പോലുള്ള രാജ്യങ്ങൾ മൗനം പാലിക്കുകയായിരുന്നു. തൊഴിൽ നഷ്ടപ്പെട്ടാൽ, തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടാൽ, മഹാമാരി പോലുള്ള ദുരന്തങ്ങൾ വേട്ടയാടിയാൽ ഒന്നും യാതൊരു വിധ പിന്തുണയും നൽകാൻ ഭരണകൂടം തയ്യാറല്ല എന്ന് പ്രഖ്യാപിക്കുന്നതാണ് സർക്കാരിന്റെ ഓരോ ചുവട് മാറ്റങ്ങളും.

ഇന്ന് വീടുകൾ തൊഴിലിടങ്ങളായി മാറിയിരിക്കുന്നു. തൊഴിൽ മേഖലയിൽ നാമാരും ചിന്തിക്കാത്ത തരത്തിലുള്ള മാറ്റങ്ങൾ കടന്ന് വരുന്നു. അവിടെ ഭരണകൂടം ചുരുങ്ങി ചുരുങ്ങി തൊഴിൽ ദാതാക്കളോടൊപ്പം നിൽക്കുന്ന സാഹചര്യം സംജാതമായിരിക്കുന്നു.

രാജ്യത്തെ തൊഴിലാളികളുടെ മൂല്യം കുറഞ്ഞു കൊണ്ടിരിക്കുന്നു. ഏറ്റവുംകുറഞ്ഞ വേതനത്തിന് ഇവിടെ തൊഴിലാളികളുണ്ടെന്നും കുറഞ്ഞ ചിലവിൽ ഉദ്പാദനം നടത്താമെന്നും പ്രലോഭിപ്പിച്ചാണ് വിദേശ നിക്ഷേപകർക്കായി കേന്ദ്ര സർക്കാർ രാജ്യത്തിന്റെ വാതിലുകൾ തുറന്ന് കൊടുക്കുന്നത്. വ്യവസായികളുടെ കടവും പലിശയും ഇളവ് ചെയ്യുന്ന പ്രഖ്യാപനങ്ങൾ നടത്തുന്ന സർക്കാർ കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് 7500 രൂപ ആശ്വാസമായി അനുവദിക്കണമെന്ന ആവശ്യത്തോട് മുഖം തിരിഞ്ഞു നിൽക്കുന്നു. നാളെ മുതൽ ജോലിക്ക് വരേണ്ടതില്ലെന്ന് പറഞ്ഞ് തൊഴിലാളികളെ പിരിച്ചു വിടാൻ ശേഷിയുള്ള മുതലാളിത്ത വർഗ്ഗം രാജ്യത്ത് ഉയർന്ന് വരുന്നു. കുടിയേറ്റ തൊഴിലാളികളുടെ അവകാശങ്ങൾ അംഗീകരിച്ചില്ലെങ്കിലും അവരെ പട്ടിണിക്കിടാതെയെങ്കിലും നോക്കാൻ സർക്കാരോ തൊഴിൽ ദായകരോ ചിന്തിക്കുന്നില്ല.

ഭേദഗതി ചെയ്യപ്പെട്ട തൊഴിൽ നിയമങ്ങളുടെ ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ വ്യവസ്ഥകൾ പുനഃപരിശോധിക്കാമെന്ന് തൊഴിൽ കാര്യ മന്ത്രി ഈയടുത്ത് പ്രസ്താവിച്ചത് തങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിക്കുന്ന വ്യവസ്ഥകൾ പിൻവലിക്കണമെന്ന തൊഴിലുടമകളുടെ അഭ്യർത്ഥന പരിഗണിച്ചായിരുന്നു.

പുതിയ ലേബർ കോഡുകളിൽ ഒന്നും അസംഘടിത മേഖലയിലെ തൊഴിലാളികളെ വേണ്ട വിധത്തിൽ പ

രിഗണിച്ചിട്ടില്ല. അവരെ ഒഴിവാക്കിക്കൊണ്ടാണ് ആ കോഡുകൾ രൂപീകരിച്ചിരിക്കുന്നതെന്ന് പറഞ്ഞാലും തെറ്റില്ല. അതുകൊണ്ടാണ് സെക്ടർ തിരിച്ചുള്ള തൊഴിൽ നിയമങ്ങൾ രാജ്യത്തെ ഉണ്ടായേ പറ്റൂ എന്ന് തൊഴിൽ വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്. ഈ ആവശ്യമാണ് തൊഴിലാളി യൂണിയനുകൾ പ്രധാനപ്പെട്ട ആവശ്യമായി മുന്നോട്ട് വക്കേണ്ടത്.തുടക്കം മുതൽ എസ്.എ.ഡബ്ലി.എ. തൊഴിലാളി കൂട്ടായ്മയുടെ ഭാഗമാണ്. മറ്റെല്ലാ തൊഴിൽ മേഖലയിലെ പ്രശ്നങ്ങളോടൊപ്പം അസംഘടിത മേഖലയിലെ പ്രാന്തവൽക്കരിക്കപ്പെട്ട തൊഴിലാളികളുടെ പ്രശ്ന പരിഹാരാർത്ഥമുള്ള പോരാട്ടങ്ങൾക്കും ഈ കൂട്ടായ്മ നൽകുന്ന നേതൃത്വവും പിന്തുണയും തുടരണം.

## സമൂഹത്തിനെ നയിക്കേണ്ട ചുമതല തൊഴിലാളി വർഗ്ഗത്തിന്റെ ഉത്തരവാദിത്വം - വി.കെ.സദാനന്ദൻ

**(എ.ഐ.യു.റ്റി.യു.സി, സംസ്ഥാന സെക്രട്ടറി)**

സമൂഹത്തിനെ മുന്നോട്ട് നയിക്കുന്നതിനുള്ള കർത്തവ്യവും ഉത്തരവാദിത്വവും നിക്ഷിപ്തമായിരിക്കുന്നത് തൊഴിലാളി വർഗ്ഗത്തിന്റെ ചുമലിലാണെന്നും ആ ദൗത്യം ഏറ്റെടുത്ത് പോരാട്ടങ്ങൾ ശക്തിപ്പെടുത്തുകയുമാണ് അടിയന്തിര കർത്തവ്യം.

ഇൻഡ്യയിൽ മാത്രമല്ല ആഗോളതലത്തിൽ തൊഴിലാളി വർഗ്ഗം പ്രതിസന്ധികളെ അഭിമുഖീകരിക്കുകയാണ്. ഏകലോക ധ്രുവത്തിന്റെ പ്രത്യേകതയാണ് നാം അനുഭവിക്കുന്നത്. അതിന്റെ ഭാഗമായി നമ്മുടെ രാജ്യത്തും പ്രശ്നങ്ങൾ രൂക്ഷമാണ്. പൊതുമേഖല മാത്രമല്ല കോർപ്പറേറ്റുകൾ കയ്യടക്കിക്കൊണ്ടിരിക്കുന്നത്, നമ്മുടെ കൃഷിയിടങ്ങളും ഖനികളും മറ്റ് പ്രകൃതി വിഭവങ്ങളും തുടങ്ങി എന്തൊക്കെ കയ്യടക്കാമോ അതെല്ലാം കോർപ്പറേറ്റുകൾ കയ്യടക്കിക്കൊണ്ടിരിക്കുന്നു. അതിന് വേണ്ട എല്ലാ സഹായങ്ങളും ഭരണകൂടവും ഒരുക്കുന്നു. മറുഭാഗത്ത് തൊഴിലാളികളുടെ അവകാശങ്ങൾ കൃത്യമായ പദ്ധതിയോടെ ഹനിക്കപ്പെടുന്നു. ഏറ്റവുമൊടുവിലത്തെ എസ്സൻഷ്യൽ ഡിഫൻസ് സർവ്വീസ് ഓർഡിനൻസ് അതിനൊരു ഉദാഹരണം മാത്രമാണ്..

മോദി സർക്കാർ തൊഴിലാളികളെ ശത്രുക്കളായാണ് കാണുന്നത്. കാരണം തൊഴിലാളികളിൽ നിന്നാണ് എല്ലാ പോരാട്ടങ്ങളും ആരംഭിക്കുന്നത്. ഇന്ന് രൂപം കൊണ്ടിട്ടുള്ള തൊഴിലാളി ഐക്യ പ്രസ്ഥാനവും കർഷക-തൊഴിലാളി ഐക്യവും ഒരു രജതരേഖയാണ്. കർഷക സമരമാകട്ടെ ഊർജ്ജസ്വലത കൈവരിച്ചിട്ടുമുണ്ട്. അതിനാലാണ് ഭേദഗതി ചെയ്യപ്പെട്ട കാർഷിക നിയമങ്ങൾ രാജ്യത്ത് നടപ്പാക്കാൻ കേന്ദ്ര സർക്കാരിന് കഴിയാത്തത്. ഈ ഐക്യം പരിപോഷിപ്പിച്ചു കൊണ്ട് പുതിയ പുതിയ പോർമുഖങ്ങൾ തുറക്കുകയാണ് നാമിന്ന് വേണ്ടത്.

## ബദൽ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചു കൊണ്ടുള്ള പോരാട്ടങ്ങളുമായി മുന്നേറണം - ചാൾസ് ജോർജ്ജ്

**(ടി.യു.സി.ഐ. ജനറൽ സെക്രട്ടറി)**

സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക എന്ന മുദ്രാവാക്യത്തോടൊപ്പം ദേശസാൽക്കരണം നടപ്പിലാക്കുക എന്ന മുദ്രാവക്യം കൂടി ഉയർത്തേണ്ട സമയം അതിക്രമിച്ചു.കഴിഞ്ഞ 30 വർഷങ്ങൾക്കിടയിൽ 20 ദേശീയ പണിമുടക്കുകൾ നടത്തിയിട്ടും രാഷ്ട്രീയ പാർട്ടിക്കാരുടെ ഒത്താശ ആവശ്യമില്ലാതിരുന്നിട്ടും തികച്ചും സംഗതമായ ഈ ആവശ്യം എന്തുകൊണ്ട് ട്രേഡ് യൂണിയനുകൾ ഉന്നയിച്ചില്ല എന്ന കാര്യം പരിശോധിക്കണം.

ദേശസാൽക്കരണം എന്നത് ഇന്ന് ചെറിയ മുദ്രാവാക്യമല്ല. ലോകത്ത് പലയിടത്തും "റീ-നാഷണലൈസഷൻ" എന്ന മുദ്രാവാക്യം ഉയർന്ന് കഴിഞ്ഞിരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഈ ആവശ്യം നടപ്പാക്കിക്കിട്ടുക ക്ഷിപ്ര സാധ്യമല്ലങ്കിലും നാം അത് ഉന്നയിക്കുക തന്നെ വേണം.

രണ്ട് ട്രേഡ് യൂണിയൻ പ്രവർത്തകരടക്കം നിരവധി പേർ യു.എ.പി.എ.ചുമത്തപ്പെട്ട് ജയിലലടക്കപ്പെട്ടിരിക്കുന്ന അവസ്ഥയിലാണ് നാം കഴിയുന്നത്. സർക്കാരിനെതിരെ മിണ്ടരുത്. മിണ്ടുന്നത് എന്താണെന്നറിയാൻ നിരീക്ഷണം നടത്തുന്ന കരിനിയമങ്ങളുടെ കഴുകൻ കണ്ണുകൾക്ക് കീഴിലാണ് നാം. പ്രച്ഛന്നമായ അടിയന്തിരാവസ്ഥയുടെ ആസുര സാന്നിദ്ധ്യത്തിന് കീഴിൽ അമർന്നിരിക്കുകയാണ് നാം. നീതിക്ക് വേണ്ടി പോരാടുന്ന മനുഷ്യരുടെ രക്തം കൊണ്ട് പങ്കിലമായ ഒരു നിലത്താണ് നാം നിൽക്കുന്നത്. കരിനിയമങ്ങളെക്കുറിച്ച് പറയുമ്പോൾ 2021-ലെ എസ്സൻഷ്യൽ ഡിഫൻസ് സർവ്വീസ് ഓർഡിനൻസ് 1968-ലെ 'എസ്മ'യുടെ പുനരവതാരമാണ്. പണിമുടക്കിന് പ്രേരിപ്പിച്ചാൽ, ധർണ്ണയിരുന്നാൽ, പൊതുയോഗം നടത്തിയാൽ അതു ചെയ്യുന്നവരെ ജയിലിലാക്കാം.


ഇൻഡ്യയിലെ മുതലാളി വർഗ്ഗത്തിന് ജനാധിപത്യത്തോട് ഒരു താൽപ്പര്യവുമില്ല. എവിടെയാണോ ജനാധിപത്യത്തിന്റെ കൊടിക്കൂറ താഴേക്ക് പതിക്കുന്നത് അതവിടെ ഉയർത്തിപ്പിടിക്കാനുള്ള ബാധ്യത തൊഴിലാളി വർഗ്ഗത്തിനാണെന്ന് ലെനിൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കരിനിയമങ്ങൾ ഏതുമാകട്ടെ ആത്യന്തകമായി അത് തൊഴിലാളി വർഗ്ഗത്തിന്റെ നേർക്ക് തന്നെയായിരിക്കും പ്രയോഗിക്കപ്പെടുക എന്ന സത്യം മനസ്സിലാക്കി അതിനെതിരേ പോരാടുക തന്നെ വേണം.

തൊഴിലാളികൾ സംഘടിച്ച് സമരം ചെയ്യുമ്പോൾ നിയമാനുസൃത മാർഗ്ഗങ്ങളിലൂടെ അവരുടെ സമരങ്ങളെ നിയന്ത്രിക്കാൻ സർക്കാരിന് കഴിയാതെ വരുമ്പോൾ സർക്കാർ ഫാസിസ്റ്റ് മാർഗ്ഗം സ്വീകരിക്കുമെന്ന് ജവഹർലാൽ നെഹ്രു പറഞ്ഞിട്ടുണ്ട്. ആ ഫാസിസ്റ്റ് മാർഗ്ഗങ്ങളുടെ സാന്നിദ്ധ്യം നമുക്കിപ്പോൾ അനുഭവപ്പെടുന്നുണ്ട്.

ഭരണകൂടത്തിന്റെ അടിച്ചമർത്തൽ മാത്രമല്ല ഫാസിസ്റ്റ് നടപടി. കുത്തകകൾക്ക് വേണ്ടിയാണ് ഇൻഡ്യയിലെ പ്രകൃതി വിഭവങ്ങളും ഇൻഡ്യയിലെ അദ്ധ്വാന ശേഷിയും ഇൻഡ്യയിലെ വിപണിയുമൊക്കെ വിദേശികൾക്ക് പൂർണ്ണമായി അടിയറ വക്കുന്നത്. ഭരണകൂടവും കുത്തകകളും തമ്മിലുള്ള സംയോജനത്തെ സംബന്ധിച്ച് 1935-ൽ ദിമിത്രോവ് പറഞ്ഞത് അക്ഷരം പ്രതി ഇന്ന് ഇൻഡ്യയിൽ നടക്കുന്നു. കുത്തകകളും സർക്കാരും തമ്മിലുള്ള സംയോജനത്തിന്റെ ഫലമായാണ് തൊഴിൽ നിയമങ്ങളും കർഷക നിയമങ്ങളും അതു പോലുള്ള മറ്റ് നിയമങ്ങളും തിരുത്തിയെഴുതപ്പെടുന്നത്.

തൊഴിലാളി സമരം തൊഴിലാളി-കർഷക സമരമായി വളർന്നിരിക്കുന്നു. ഈ ഐക്യത്തിന്റെ മേഖല ഇനിയും വികസിതമാകണം. തൊഴിലാളി കർഷക ഐക്യം ഇൻഡ്യയിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് പാഠമാകണം. 2014-ൽ നിന്നും 2019-ൽ നിന്നും നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പാഠങ്ങൾ പഠിച്ചില്ലെങ്കിൽ നമ്മുടെ ഗതിയും ഭാവിയും ചോദ്യ ചിഹ്നമായി അവശേഷിക്കും.

നാം പോരാട്ടങ്ങളുമായി മുന്നേറണം. നമ്മുടെ യോജിപ്പ് കൂടുതൽ വികസിപ്പിക്കണം. കൃത്യമായ ബദൽ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചു കൊണ്ടാകണം ഇനിയുള്ള നമ്മുടെ പ്രയാണം. നമ്മുടെ ആശയങ്ങളുമായി യോജിപ്പുള്ള സർക്കാരുകളെയെങ്കിലും ബദൽ നയത്തിന്റെ വക്താക്കളാക്കി മാറ്റാൻ ശ്രമിക്കണം. ജനങ്ങളിലേക്ക് കൂടുതൽ ഇറങ്ങിച്ചെല്ലണം, ഇതെല്ലാമല്ലാതെ മറ്റൊരു മാർഗ്ഗമില്ലന്നും അതാണ് കഴിഞ്ഞ 30 വർഷത്തെ ചെറുത്ത് നിൽപ്പിന്റെ പാഠം നമ്മെ പഠിപ്പിക്കുന്നതും.



ടി രഘുവരൻ
ജനറൽ സെക്രട്ടറി, മത്സ്യതൊഴിലാളി ഫെഡറേഷൻ

# മത്സ്യതൊഴിലാളികൾ അതിജീവനത്തിന്റെ പോരാട്ടപാതയിൽ



**21–ാം** നൂറ്റാണ്ട് രണ്ട് ദശാബ്ദം പിന്നിടുമ്പോഴും “കോരന് കഞ്ഞി കുമ്പിളിൽ തന്നെ” എന്ന പഴഞ്ചൊല്ല് അർത്ഥവത്താകുന്ന അവസ്ഥയിലാണ് കേരളത്തിലെ മത്സ്യതൊഴിലാളികളും കേരള തീരവും .

രാക്ഷസതിരമാലകൾ തീർത്ത സുനാമിയും പിന്നിട് വന്ന ഓഖിയും 2021 മെയ് മാസത്തിൽ ആഞ്ഞ് വീശിയ ടൗട്ടേ ചുഴലിക്കാറ്റും കേരളത്തിന്റെ തീരദേശത്തുണ്ടാക്കിയ ദുരന്തങ്ങൾ ചരിത്രത്തിന്റെ ഭാഗമായി കഴിഞ്ഞു. സമീപ കാലത്ത് വീശിയ ടൗട്ടേ ചുഴലിക്കാറ്റ് കേരളത്തിന്റെ തീരപ്രദേശത്ത് വൻനാശമാണ് വിതച്ചത്. 500–ൽ അധികം വീടുകൾ പൂർണ്ണമായും 2000–ൽ പരം വീടുകൾ ഭാഗികമായും തകർന്നു എന്നാണ് പ്രാഥമിക കണക്കുകൾ വ്യക്തമാക്കുന്നത്. പൊഴിയൂർ മുതൽ വടക്കോട്ടുള്ള കടൽ തീരത്തെ നിരവധി കിലോമീറ്റർ റോഡുകൾ ഒലിച്ചുപോയി. ആരാധനാലയങ്ങൾക്കും സ്കൂളുകൾക്കും കേട്പാട് സംഭവിച്ചു. നിരവധി മത്സ്യബന്ധന യാനങ്ങൾ നഷ്ടപ്പെടുകയോ തകരുകയോ ചെയ്തു. ഓരോ പ്രകൃതി ദുരന്തങ്ങൾ കടന്നു വരുമ്പോഴും ഏറ്റവും അരക്ഷിതരായി മാറുന്നത് മത്സ്യതൊഴിലാളികളാണ്.

കാലാവസ്ഥ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ ദിവസം മത്സ്യബന്ധനം നടത്താൻ വിധിക്കപ്പെട്ടവരായി മത്സ്യതൊഴിലാളികൾ മാറിയിരിക്കുന്നു. പോയ വർഷം 365 ദിവസത്തിൽ രണ്ട് മാസം മാത്രമാണ് മത്സ്യബന്ധനം നടത്താൻ കഴിഞ്ഞത്. അവരുടേതല്ലാത്ത കാരണത്താൽ പണിയെടുക്കാൻ കഴിയാതെ വരുമ്പോൾ മത്സ്യതൊഴിലാളികളെ സംരക്ഷിക്കാനുള്ള ബാദ്ധ്യത സർക്കാർ ഏറ്റെടുക്കേണ്ടതാണ്. കാരണം ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയിൽ മത്സ്യകയറ്റുമതിയിലൂടെ ലഭിക്കുന്ന വരുമാനം നിർണ്ണായകമാണ്. കൂടാതെ രാജ്യത്തെ ജനങ്ങളുടെ ആരോഗ്യസുരക്ഷയിലും, രാഷ്ട്ര സുരക്ഷയിലും, ഭക്ഷ്യസുരക്ഷയിലും മത്സ്യതൊഴിലാളികളുടെ പങ്ക് അവഗണിക്കുവാൻ കഴിയുന്നതല്ല.

രാജ്യത്തെ ഭരണാധികാരികൾ സ്വീകരിക്കുന്ന തൊഴിലാളി–ജനവിരുദ്ധനയങ്ങൾ ഏറ്റവും കൂടുതൽ പാപ്പരീകരിക്കുന്നത് മത്സ്യതൊഴിലാളി സമൂഹത്തെയാണ്. ആഴക്കടലും തീരക്കടലും വിദേശട്രോളുകൾ അരിച്ചു പെറുക്കി മത്സ്യത്തിന്റെ വംശനാശം വരുത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ തുടർച്ചയെന്നോണമാണ് ‘നീല സമ്പദ് വ്യവസ്ഥ’ (ബ്ലൂ ഇക്കനോമി) നയരേഖ 2021 ഫെബ്രുവരി മാസം കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇത് നടപ്പിലായാൽ കടലും കടലോരവും മത്സ്യതൊഴിലാളികൾക്ക് അന്യമാകുന്ന സ്ഥിതി സംജാതമാകും. ഈ നയരേഖയിൽ വ്യക്തമാകുന്നത് ആഴക്കടലിലും തുടർന്ന് തീരക്കടലിലും ഖനനത്തിനുള്ള സാദ്ധ്യത അന്വേഷിക്കലാണെന്നാണ്. വിലപിടിപ്പുള്ള ധാതുസമ്പത്തായ സിലിക്കോൺ, മോണോസൈറ്റ്, ഇൽമനേറ്റ് തുടങ്ങിയ ധാതുസമ്പത്തുക്കൾ ഖനനം ചെയ്ത് എടുക്കുവാൻ അദാനിയെ പോലുള്ള കോപ്പറേറ്റുകൾക്ക് അവസരം ഒ

രുക്കുകയാണ് ലക്ഷ്യം. കൂടാതെ കടൽ തീരത്ത് നിർദ്ദിഷ്ട കേന്ദ്രങ്ങൾ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളായി തിട്ടപ്പെടുത്തുകയും ചെറിയ ചെറിയ വാണിജ്യ തുറമുഖ ങ്ങൾ തുറക്കുകയും ചെയ്യുമെന്ന് ഈ നയരേഖ വ്യക്തമാക്കുന്നു. ഇതിനർത്ഥം കടൽതീരം നിരോധിത മേഖലയായി മാറുമെന്നും മത്സ്യതൊഴിലാളികൾക്ക് കാലുകുത്താനുള്ള അവസരം പോലും ഉണ്ടാവില്ലെന്നുമാണ്. കേന്ദ്രസർക്കാർ ഇതിന്റെ സാദ്ധ്യത പഠനത്തിന് വേണ്ടി മാത്രം നീക്കിവച്ചിരിക്കുന്നത് 4000 കോടി രൂപയാണ്.

മത്സ്യബന്ധന ഉപകരണങ്ങൾക്ക് ലഭ്യമായിരുന്ന സബ്സിഡി കേന്ദ്രസർക്കാർ വെട്ടിക്കുറച്ചതുമൂലം എഞ്ചിൻ, വല, നൂലു, ഫ്ളോട്ടുകൾ എന്നിവയുടെ വില കുതിച്ചുയർന്നു. ഡീസലിന്റേയും മണ്ണെണ്ണയുടെയും വില ക്രമാതീതമായി ഉയർന്നതോടുകൂടി മത്സ്യതൊഴിലാളികളുടെ ജീവിതം വറചട്ടിയിൽ നിന്ന് എരിതീയിലേക്ക് എന്ന പോലെ വലിച്ചെറിയപ്പെട്ടിരിക്കുകയാണ്.

കേരളത്തിന്റെ മത്സ്യബന്ധന മേഖലയുടെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും അവിഭാജ്യ ഘടകമാണ് കായലുകളും പുഴകളും. ലോകത്തിലെ 1000 തണ്ണീർ തടങ്ങളിൽ സരക്ഷിക്കപ്പെടേണ്ട പട്ടികയിൽ 1971-ൽ ലിസ്റ്റ് ചെയ്യപ്പെട്ടതാണ് വേമ്പനാട്ട് കായലും, അഷ്ടമുടി കായലും, ശാസ്താംകോട്ട തടാകവുമെല്ലാം. എന്നാൽ അതിൽ ഏറ്റവും വലിപ്പമുള്ളതും ജൈവസമ്പത്താൽ സമ്പുഷ്ടമായതും ഒരുകാലത്ത് മത്സ്യക്കലവറയെന്ന് അറിയപ്പെട്ടിരുന്നതുമായ വേമ്പനാട്ട് കായൽ ഇന്ന് മരണാസന്നമായിരിക്കുന്നു.

വികസനത്തിന്റെ ഭാഗമായ പാലങ്ങളുടെ പെരുക്കവും, കൈയ്യേറ്റവും, മലിനീകരണവുമാണ് ഇന്ന് കായൽ അഭിമുഖീകരിക്കുന്നത്. പാലത്തിന്റെ പില്ലറിന് വേണ്ടി ട്രഞ്ച് ചെയ്യുന്ന എക്കലും മണലും നീക്കം ചെയ്യാതെ കായലിൽ തന്നെ നിക്ഷേപിക്കുന്നതുമൂലം കായലിന്റെ സ്വഭാവിക നീരൊഴുക്കിനെ ബാധിക്കുകയും ചെളിക്കൂന കൾ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ശരാശരി 5 മീറ്റർ ആഴം ഉണ്ടായിരുന്ന കായലിന്റെ ആഴം 1.50 മീറ്ററായി കുറഞ്ഞിരിക്കുന്നു. 2018-ലെയും 2019-ലെയും പ്രളയം സാക്ഷ്യപ്പെടുത്തുന്നത് ഡാമുകളിൽ നിന്നും വരുന്ന ജലത്തെ സംഭരിച്ചു നിർത്തുവാനുള്ള വേമ്പനാട്ടുകായലിന്റെ ശേഷി നഷ്ടപ്പെട്ടതുകൊണ്ടാണ് വെള്ളം വീടുകളിൽ ഇരച്ചുകയറുന്ന

**കേരളത്തിന്റെ മത്സ്യബന്ധന മേഖലയുടെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും അവിഭാജ്യ ഘടകമാണ് കായലുകളും പുഴകളും. ലോകത്തിലെ 1000 തണ്ണീർ തടങ്ങളിൽ സരക്ഷിക്കപ്പെടേണ്ട പട്ടികയിൽ 1971-ൽ ലിസ്റ്റ് ചെയ്യപ്പെട്ടതാണ് വേമ്പനാട്ട് കായലും, അഷ്ടമുടി കായലും, ശാസ്താംകോട്ട തടാകവുമെല്ലാം. എന്നാൽ അതിൽ ഏറ്റവും വലിപ്പമുള്ളതും ജൈവസമ്പത്താൽ സമ്പുഷ്ടമായതും ഒരുകാലത്ത് മത്സ്യക്കലവറയെന്ന് അറിയപ്പെട്ടിരുന്നതുമായ വേമ്പനാട്ട് കായൽ ഇന്ന് മരണാസന്നമായിരിക്കുന്നു.**

സാഹചര്യം സൃഷ്ടിച്ചതെന്നാണ്. ഇപ്പോൾ വേലിയേറ്റ ദിനങ്ങളിലും വെള്ളം വീടുകളിൽ കയറുന്ന അവസ്ഥ സംജാതമായിരിക്കുന്നു. വേമ്പനാട്ട് കായൽ മലീമസമായതുകൊണ്ട് തന്നെ പല മത്സ്യങ്ങളും വംശനാശം നേരിട്ട് കഴിഞ്ഞു. പെരിയാർ, മൂവാറ്റുപുഴയാർ, പമ്പ, അച്ചൻ കോവിൽ ആറുകളിലെ വെള്ളം വേമ്പനാട്ട് കായലിൽ വന്ന് അതിന്റെ ലവണാംശങ്ങളും അമ്ലങ്ങളും ഒഴുകി അറബിക്കടലിൽ എത്തുകയും ചെയ്യുമ്പോഴാണ് അറബിക്കടലിൽ ചാകര പ്രത്യക്ഷപ്പെട്ടിരുന്നത് എന്ന് ശാസ്ത്രം പറയുന്നു. കായലിന്റെ മരണമണി മുഴങ്ങിയതോടെ ചാകരയും സ്വപ്നം മാത്രമായിരിക്കുന്നു.

ഈ സാഹചര്യത്തിൽ വേമ്പനാട്ട് കായലിനെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയന്ത്രണമുള്ള ഗോശ്രീ ഡെവലപ്മന്റ് അതോറിറ്റി (ഏകഉഅ) പോലയോ ഏജഉഅ മാതൃകയിലോ ഒരു അതോറിറ്റി വേണമെന്ന് മത്സ്യതൊഴിലാളി ഫെഡറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. കടലും കായലും മത്സ്യത്തൊഴിലാളി കളും നേരിടുന്ന ഈ സവിശേഷ സാഹചര്യം കണക്കിലെടുത്താണ് വനാവകാശനിയമം പോലെ കടലവകാശ നിയമം കൊണ്ടുവരണമെന്ന ആവശ്യം നിരന്തരം ഉയർത്തിക്കൊണ്ടിരിക്കുന്നത്.

കടൽ തീരം സംരക്ഷിക്കേണ്ടതിന്റെ ആവശ്യം ബോദ്ധ്യപ്പെട്ടാണ് കേരള സർക്കാർ 5500 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. 590കി.മി. ദൈർഘ്യമുള്ള നമ്മുടെ കടൽ തീരത്ത് 215 കി.മി. ദൂരം മാത്രമേ കടൽഭിത്തി നിർമ്മിക്കാൻ കഴിഞ്ഞിട്ടുള്ളു എന്ന കാര്യം വിസ്മരിക്കാൻ പാടുള്ളതല്ല. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കടൽതീര സംരക്ഷണം സമയബന്ധിതമായി പൂർത്തീകരിക്കണം .

50 മീറ്റർ കടൽ തീരത്തിനുള്ളിൽ താമസിക്കുന്ന മത്സ്യതൊഴിലാളികളെ മാറ്റി പാർപ്പിക്കുന്നതിനുള്ള പുനർഗൃഹം പദ്ധതിയിൽ ചില അപാകതകൾ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ഇതിന് പരിഹാരം ഉണ്ടാക്കണം. സ്ഥലം വാങ്ങുവാനും വീട് നിർമ്മിക്കുവാനും 10 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമാണ്. തുക 15 ലക്ഷമായി ഉയർത്തണമെന്നും മാറ്റി പാർപ്പിക്കുന്നത് മത്സ്യബന്ധനത്തിന് സൗകര്യപ്രദമായ സ്ഥലത്തായിരിക്കണമെന്നുള്ള ആവശ്യവും പരിഗണിക്കേണ്ടതാണ്.

മത്സ്യതൊഴിലാളികളുടെ റിട്ടയർമന്റ് ആനുകൂലും നടപ്പിലാക്കാത്ത ഏക ക്ഷേമനിധി ബോർഡാണ് മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ്. 18 വയസ്സ് മുതൽ മത്സ്യതൊഴിലാളി വിഹിതം അടച്ചു വരുന്നതാണ്. 60 വയസ്സ് കഴിയുമ്പോൾ പലിശസഹിതം റിട്ടയർമന്റ് ബെനിഫിറ്റായി തിരിച്ചു കൊടുക്കണമെന്ന ആവശ്യം എല്ലാ മത്സ്യ തൊഴിലാളി സംഘടനകളും ആവശ്യപ്പെട്ട് വരുന്ന ഒന്നാണ്. ഇക്കാര്യം സർക്കാർ മുഖവിലക്കെടുക്കണം.

ഇന്ത്യയിലെ തീരദേശ ജനതയുടെ ജീവിത അനുഭവം ഉൾക്കൊണ്ടാണ് തൊഴിലാളി വർഗ്ഗത്തിന്റെ സമരപ്രസ്ഥാനമായ എ.ഐ.ടി.. യു.സി. ജൂലൈ 5-ന് മത്സ്യതൊഴിലാളി അവകാശസംരക്ഷണ ദിനമായി ആചരിച്ചത്. അന്നേ ദിവസം കേരളത്തിലെ എല്ലാ ജില്ലകളിലുമായി നൂറോളം കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച പ്രക്ഷോഭ സമരം ഉജ്ജ്വല വിജയമായിരുന്നു.




# പൊതുമേഖല സ്വകാര്യവൽക്കരണത്തിനെതിരേ ജൂലൈ 16-ന് സംഘടിപ്പിച്ച പ്രതിഷേധ ധർണ്ണ

























കെ.എസ്. കൃഷ്ണ
എ.ഐ.ബി.ഇ.എ, ജോയിന്റ് സെക്രട്ടറി

# ഓപ്പറേഷൻ സക്സസ്, പേഷ്യന്റ് ഡെഡ്

സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ മുപ്പതു വർഷം ജൂലൈ 24ന് പൂർത്തിയായി. പുത്തൻ സാമ്പത്തിക നയത്തിന്റെ രചയിതാവായി കണക്കാപ്പെടുന്ന ഡോ.മൻമോഹൻ സിംഗ് അന്നേ ദിവസം രണ്ടു പേജുള്ള പ്രസ്താവന പുറപ്പെടുവിക്കുകയുണ്ടായി. 1991 ജൂലൈ 24ന് കേന്ദ്ര ധനമന്ത്രിയെന്ന നിലയിൽ ഡോ.സിംഗ് അവതരിപ്പിച്ച ബജറ്റ് പുത്തൻ സാമ്പത്തിക നയങ്ങളുടെ അടിസ്ഥാനത്തിലാണ് എന്നാണല്ലോ അന്ന് വിശേഷിപ്പിച്ചത്.

ഡോ.മൻമോഹൻ സിംഗിന്റെ പ്രസ്താവനയുടെ അവസാന ഭാഗം സത്യസന്ധത പ്രകടമാക്കുന്നുണ്ട്. സാമൂഹ്യ മേഖലയിൽ, ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിൽ വേണ്ടത്ര മുന്നേറ്റങ്ങളുണ്ടായിട്ടില്ല എന്ന് അദ്ദേഹം സമ്മതിക്കുന്നു. അതേ സമയം സാമ്പത്തിക പുരോഗതിയെ സംബന്ധിച്ച് ചില അവകാശവാദങ്ങൾ ഉന്നയിക്കുന്നുണ്ട്. അവ വസ്തുക്കൾക്കും യാഥാർത്ഥ്യങ്ങൾക്കും നിരക്കുന്നതാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നിവയിലൂന്നിയ പുത്തൻ സാമ്പത്തിക നയങ്ങൾ നടപ്പിലാക്കുവാൻ തുടങ്ങി അഞ്ചു വർഷം പിന്നിട്ടപ്പോൾ 1996-ലെ പൊതു തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പരാജയമേറ്റുവാങ്ങി ഭരണത്തിൽ നിന്നും പുറത്താകുന്നതാണ് കണ്ടത്. അതായത് അഞ്ച് വർഷത്തിനകം തന്നെ ജനങ്ങൾ ആ നയങ്ങളെ തള്ളി. പിന്നീട് ഒമ്പതു വർഷങ്ങൾക്കു ശേഷമാണ് 2004ൽ കോൺഗ്രസ് അധികാരത്തിൽ വരുന്നത്. അതും ഒറ്റയ്ക്കല്ല, മുന്നണിയുടെ ഭാഗമായും ലോക്സഭയിൽ 62 അംഗങ്ങളുണ്ടായിരുന്ന ഇടതുകക്ഷികളുടെ പിന്തുണയോടേയും മാത്രം. എൽ പി ജി- നയങ്ങളുടെ ഒട്ടുമിക്ക ഘടകങ്ങളും വിട്ട് ഒരു പൊതു മിനിമം പരിപാടിയുടെ, കോമൺ മിനിമം പ്രോഗ്രാമിന്റെ ചട്ടക്കൂട്ടിലാണ് കോൺഗ്രസ് ഗവണ്മെന്റ് ഭരണമാരംഭിച്ചത്.

2004 മുതൽ 2009 വരെയുള്ള ഭരണ കാലയളവിൽ വിവരാവകാശം, തൊഴിലവകാശം, വിദ്യാഭ്യാസ അവകാശം, വനവാസികളുടെ അവകാശം തുടങ്ങിയ ഉറപ്പാക്കുന്ന പുരോഗമന നിയമങ്ങൾ നിലവിൽ വന്നു. 70,000 കോടി രൂപയുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളി. പൊതുമേഖലാ ഓഹരി വിൽപനയും സ്വകാര്യവൽക്കരണവും നിലച്ചു. മുമ്പ് അടൽ ബിഹാരി വാജ്പേയി നയിച്ച എൻ ഡി എ ഗവണ്മെന്റ് പൊതുമേഖലയെ വിറ്റുതുലയ്ക്കാൻ വേണ്ട ി മാത്രം ഒരു മന്ത്രിയെ നിയോഗിച്ചതും ഒരു മന്ത്രാലയം തന്നെ രൂപീകരിച്ചതും ഓർക്കണം! 2008-ൽ സംഭവിച്ച ആഗോള സാമ്പത്തിക തകർച്ചാ വേളയിൽ പ്രസ്തുത രൂപത്തിലുള്ള യു പി എ ഗവണ്മെന്റും പൊതുമേഖലയ്ക്ക് പ്രാമുഖ്യമുള്ള നയസമീപനങ്ങളുമാണ് ഉണ്ടായിരുന്നത്. അക്കാലത്ത് കോൺഗ്രസ്സും ഡോ.മൻമോഹൻ സിഗ് അടക്കമുള്ള നേതാക്കളും പൊതുമേഖലയേയും സർക്കാർ ഇടപെടലുകളേയും പ്രകീർത്തിച്ചതും മാനുഷിക മുഖമുള്ള പരിഷ്ക്കാരങ്ങളാണ് നടപ്പാക്കുന്നത് എന്ന് അവകാശപ്പെട്ടതും സ്മരണീയമാണ്.

യുപിഎ ജയിച്ച് വീണ്ടും അധികാരത്തിലെത്തി. ഇടതുകക്ഷികളുടെ പിന്തുണ പിൻവലിച്ചിട്ടുമാണ് ഇതു സംഭവിക്കുന്നത്. നടപ്പാക്കിയ നയങ്ങളാണെങ്കിൽ ഉദാര-സ്വകാര്യ-ആഗോളവൽക്കരണ നയങ്ങളുമായിരുന്നില്ല. ഭരണ സുതാര്യത, ഗ്രാമീണ തൊഴിലുറപ്പ്, വിദ്യാഭ്യാസ-വനാവകാശ-കർഷക സംരക്ഷണത്തിനുള്ള അംഗീകാരമായിരുന്നു തെരഞ്ഞെടുപ്പ് ഫലം. ഈ നയങ്ങളുടെ പ്രേരക- ചാലകശക്തികൾ ഇടതുപക്ഷ കക്ഷികളും .

2009 - മുതൽ 2014 വരെയുള്ള യുപിഎ - 2 കാലഘട്ടത്തിൽ നവലിബറൽ നയങ്ങൾ മറ നീക്കി. ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ നീക്കങ്ങൾ നടന്നപ്പോൾ ആ മേഖലകളിൽ ഞെട്ടിപ്പിക്കുന്ന അഴിമതികൾ നടന്നതും നാം കാണേണ്ടി വന്നു. കോൺഗ്രസ്-യു പി എ - 2 സ്വാഭാവിക പതനത്തിലേക്ക് നീങ്ങി.

2014 മുതൽ ബി ജെ പിയുടെ നേതൃത്വത്തിലുള്ള എൻ ഡി എയാണ് ഭരിക്കുന്നത്. വ്യത്യസ്തമായ പാർട്ടിയെന്നും (party with a difference) ദേശീയ താൽപര്യ സംരക്ഷണമാണ് മുഖ്യ ലക്ഷ്യമെന്നും അവകാശപ്പെടുന്ന ബി ജെപിയാകട്ടെ കോൺഗ്രസ് അനുവർത്തിച്ച നവലിബറൽ നയങ്ങളാണ് പിന്തുടർന്നത്. 2019 ലെ തെരഞ്ഞെടുപ്പിൽ ജീവൽ പ്രശ്നങ്ങൾ തമസ്ക്കരിച്ച് അതിർത്തി സുരക്ഷയും മത-വൈകാരിക കാര്യങ്ങളും മുഖ്യ വിഷയങ്ങളാക്കി മാറ്റുവാനും അതിൽ മേൽക്കോയ്മ നേടുവാനും ബി ജെപിക്ക് കഴിഞ്ഞു. കോൺഗ്രസിന് ഒരു ബദൽ ആശയം വെച്ച് ജനവിശ്വാസം നേടുവാൻ കഴിഞ്ഞുമില്ല.

ഇപ്പോൾ നടക്കുന്നതെന്താ? പൊതുമേഖലയുടെ സ്വകാര്യവൽക്കരണം, ആസ്തികളുടെ പണവൽക്കരണമെന്ന പേരിൽ (Monetisation of Assets) ദേശസമ്പത്തുകളുടെ വിൽപന, സമസ്ത മേഖലകളേയും സ്വകാര്യ സ്വദേശ-വിദേശ നിക്ഷേപകർക്കു തുറന്നുകൊടുക്കൽ തുടങ്ങിയവയാണ്. ഇതിന് നൽകിയിട്ടുള്ള പേരാണെങ്കിൽ ആത്മനിർഭരത ഭാരത പദ്ധതിയെന്നും! സമ്പത്തുൽപാദകർ സ്വകാര്യ കോർപറേറ്റുകളാണെന്നാണ് ഭരണാധികാരികൾ പറയുന്നത്. കാർഷിക നിയമങ്ങൾ സൃഷ്ടിക്കുന്നത് കോർപറേറ്റുകൾ ആവശ്യപ്പെട്ടതു കൊണ്ട് മാത്രം, അല്ലാതെ കർഷകർ ആവശ്യപ്പെട്ടതു കൊണ്ടോ അവരുടെ താത്പര്യം മുൻനിർത്തിയോ അല്ല. ലേബർ കോഡുകൾ ഉണ്ടാക്കിയത് തൊഴിലാളികളോ ട്രേഡ് യൂണിയനുകളോ ആവശ്യ

പ്പെട്ടിട്ടല്ലല്ലോ. ഫിക്കി, അസോച്ചം, സി ഐ ഐ പോലുള്ള വ്യവസായ സംഘടനകളും ദേശ–വിദേശ മുതലാളിമാരും അഭ്യർത്ഥിക്കുന്നതുകൊണ്ടാണ് എന്നതാണ് യാഥാർത്ഥ്യം. തൊഴിലാളികളോ ട്രേഡ് യൂണിയനുകളോ ആവശ്യപ്പെട്ടിട്ടല്ലല്ലോ. ഫിക്കി, അസോച്ചം, സി ഐ ഐ പോലുള്ള വ്യവസായ സംഘടനകളും ദേശ–വിദേശ മുതലാളിമാരും അഭ്യർത്ഥിക്കുന്നതുകൊണ്ടാണ് എന്നതാണ് യാഥാർത്ഥ്യം.

തെരഞ്ഞെടുക്കപ്പെട്ട ഭരണകൂടം ഇപ്പോൾ പറഞ്ഞു കൊണ്ടിരിക്കുന്നത് മിനിമം ഗവണ്മെന്റ്, മാക്സിമം ഗവർണൻസ് എന്നാണ്. അതായത് ഗവണ്മെൻറ് ഇടപെടൽ ചുരുക്കി പരമാവധി ഭരണം നിർവ്വഹിക്കും എന്ന്. സർക്കാർ പിൻവാങ്ങി നിക്ഷേപകരും കോർപറേറ്റുകളും ഭരണം നടത്തുന്നതാണ് പ്രകടമാകുന്നത്. ഇത് വിനാശകരമാണ്. ദാരിദ്ര്യം, പട്ടിണി, ഭക്ഷ്യലഭ്യതാ കുറവ്, വരുമാന – സാമ്പത്തിക അസമത്വം എല്ലാം വർദ്ധിക്കുകയാണ്. ശതകോടീശ്വരന്മാരുടെ എണ്ണവും സ്വത്തും ഉയരുന്നു. പാവപ്പെട്ടവരുടെ എണ്ണം വർദ്ധിക്കുന്നു. പുത്തൻ സാമ്പത്തിക നയങ്ങൾ അനൗപചാരിക ജോലികളേയും അസംഘടിത തൊഴിൽ മേഖലകളേയും സൃഷ്ടിച്ചു. തൊഴിൽ–വരുമാന സുരക്ഷ ഇല്ലാതാക്കി. ഇതാണ് യാഥാർത്ഥ്യം.

ഉദാരവൽക്കരണ നയങ്ങൾ സാമ്പത്തിക പുരോഗതി സൃഷ്ടിച്ചുവെന്ന ഡോ. മൻമോഹൻ സിംഗിന്റെ അവകാശവാദം അസ്ഥാനത്താണ്. അത് ഓപ്പറേഷൻ വിജയം, പക്ഷേ രോഗി മരണപ്പെട്ടു എന്നു പറയുന്നത് പോലെയാണ്. "ഈ സന്ദർഭം ആഹ്ളാദിക്കാനോ ആനന്ദിക്കാനോ ഉള്ളതല്ല. ആത്മപരിശോധനയ്ക്കും ചിന്തിക്കുവാനുമുള്ളതാണ്" എന്നു പറഞ്ഞാണ് ഡോ.സിംഗ് അദ്ദേഹത്തിന്റെ കുറിപ്പ് അവസാനിപ്പിക്കുന്നത്. ഇതാണ് സത്യസന്ധമായ നിലപാട്. അതു വേണ്ടതുമാണ്.

പുത്തൻ സാമ്പത്തിക നയങ്ങൾക്ക് തുടക്കം കുറിച്ചവർ എന്ന നിലയ്ക്ക് കോൺഗ്രസ് ഒരു പുനഃചിന്തനത്തിന് തയ്യാറാകണം. അത് അന്ധമായി പിന്തുടരുന്ന ബിജെപിയും. പ്രത്യേകിച്ച്, കോവിഡ് മഹാമാരി ഉദാര–സ്വകാര്യ–വിദേശവൽക്കരണത്തിന്റേയും മിനിമം ഗവൺമെൻറ് – മാക്സിമം ഗവർണൻസ് സിദ്ധാന്തങ്ങളുടെയും പൊള്ളത്തരം തുറന്നു കാട്ടിയ സാഹചര്യത്തിൽ.






**വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു ചുമട്ട് തൊഴിലാളി ഫെഡറേഷൻ സംഘടിപ്പിച്ച ധർണ്ണ കൊല്ലത്ത് എ.ഐ.ടി.യു.സി. വെസ് പ്രസിഡന്റ് കെ.എസ്. ഇന്ദുശേഖരൻ നായരും (മുകളിൽ) എറണാകുളത്ത് എ.ഐ.ടി.യു.സി. ജില്ല സെക്രട്ടറി കെ.എൻ. ഗോപിയും (താഴെ) ഉദ്ഘാടനം ചെയ്യുന്നു**

താവം ബാലകൃഷ്ണൻ



# മുകുന്ദേട്ടനെ ഓർക്കുമ്പോൾ...

## സ: പി.പി. മുകുന്ദൻ അനുസ്മരണം

**സ:** മുകുന്ദേട്ടൻ നിര്യാതനായിട്ട് 24
വർഷം ആയിരിക്കുന്നു. 1997 ജൂലായ്
22ന് നിര്യാതനായി.

വിദ്യാർത്ഥി യുവജന സമാധാന
പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പൊ
തുപ്രവർത്തനം ആരംഭിച്ച മുകുന്ദേ
ട്ടൻ ട്രേഡ് യൂണിയൻ രംഗത്ത് പ്രവർ
ത്തനത്തിന് ഊന്നൽ നൽകി.

ഇന്നത്തെ കണ്ണൂരും, കാസർകോ
ട് ജില്ലയും വടക്കെ വയനാട് ചേർന്ന
താണ് അന്നത്തെ കണ്ണൂർ ജില്ല. ബീ
ഡി കൈത്തറി തൊഴിലാളികളെ സം
ഘടിപ്പിക്കുന്നതോടൊപ്പം മറ്റു വ്യവ
സായ മേഖലകളിലും എ.ഐ.റ്റി.യു.
സി. യൂണിയൻ സംഘടിപ്പിക്കുന്നതി
ന് 1970ന് ശേഷം എ.ഐ.റ്റി.യു.സിക്ക്
പുനർജീവൻ കൊടുക്കുന്നതിന് സ
ഖാവിന്റെ പ്രവർത്തനത്തെക്കുറിച്ച് എ
ത്ര എഴുതിയാലും മതിയാവുകയില്ല.

എ.ഐ.റ്റി.യു.സി.യുടെ കേരള
സംസ്ഥാന സെക്രട്ടറിമാരിൽ ഒരാളാ
യി ദീർഘകാലം പ്രവർത്തിച്ചു. ദേശീ
യ വർക്കിംഗ് കമ്മറ്റി അംഗമായും ക
മ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന
സിക്രട്ടറിയേറ്റ് അംഗം, പാർട്ടി ദേശീയ
കൗൺസിൽ മെമ്പർ , പാർട്ടിയുടെ ക
ണ്ണൂർ ജില്ല സിക്രട്ടറി, അകഠഡഇ യു
ടെ ജില്ലാ പ്രസിഡണ്ട്, പാർട്ടിയുടെ
സംഘടനയുടെ ചുമതലക്കാരനായി
പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ്
ആകസ്മികമായ അന്ത്യം സംഭവിച്ച
ത്. ജന്മനാ ലഭിച്ച ശാരീരിക വൈക
ല്യം ഒരിക്കലും മുകുന്ദേട്ടന്റെ പ്രവർ
ത്തനത്തെ പിന്നോട്ട് അടുപ്പിച്ചില്ല.ഒരു
കാലിന്റെ മുടന്തുമായി നടത്തിയ
സൈക്കിൾ യാത്രകൾ പഴയ തലമുറ
യിലുള്ളവർ പറയാറുണ്ട്. 57ലെ ക
മ്മ്യൂണിസ്റ്റ് മന്ത്രിസഭക്കെതിരെ കാട്ടാ
മ്പള്ളിയിൽ നിന്ന് ആരംഭിച്ച സമരാഭാ
സത്തിന്റെ തൊലിയുരിച്ച് കാണിച്ചു
കൊണ്ട് ദേശാഭിമാനി പത്രത്തിൽ വ
ന്ന സഖാവിന്റെ റിപ്പോർട്ട് ശ്രദ്ധേയ
മായിരുന്നു.

ദേശാഭിമാനി പത്രത്തിന്റെ കണ്ണൂർ
ലേഖകനായി പി.പി.മുകുന്ദേട്ടൻ കു
റെക്കാലം പ്രവർത്തിച്ചിരുന്നു. തൊഴി
ൽ സമരങ്ങളിൽ നടക്കുന്ന കൺസി
ലേഷനുകളിൽ സഖാവ് കാണിക്കുന്ന
തന്ത്രം കമ്പനിമുതലാളിമാരെ പല



പ്പോഴും വെട്ടിലാഴ്ത്തിയിട്ടുണ്ട്,പാർട്ടി
ക്ക് ബാലികേറാമലപോലെ ആയിരു
ന്നു കണ്ണൂർ പട്ടണം. കോൺഗ്രസ്സിന്റെ
ഗുണ്ടാപടയും, മുതലാളിമാരുടെ ധന
ത്തിന്റെ ഫലവും ചേർന്ന് കോട്ടയായി
രുന്നു. ട്രേഡ് യൂണിയനുകളിലൂടെ
പാർട്ടിക്ക് കടന്നുചെല്ലാൻ പദ്ധതിയു
ണ്ടാക്കി. പീടിക തൊഴിലാളികളെ സം
ഘടിപ്പിച്ചുകൊണ്ട് എ.ഐ.ടി.യു.സി
സംഘടനയുണ്ടാക്കി. പകപോക്കാൻ
മുതലാളിമാർ തീരുമാനിച്ചു. ഒരു പ്ര
ധാനപ്പെട്ട ആയുർവ്വേദ മരുന്നുശാല
യിൽ നിന്നു രണ്ട് തൊഴിലാളികളെ പി
രിച്ചുവിട്ടു. നിരവധി ദിവസത്തെ സമ
രം നടന്നു. മുതലാളി വിട്ടുവീഴ്ചയ്
ക്ക് തയ്യാറായില്ല. യൂണിയൻ പ്രസി
ഡന്റായ മുകുന്ദേട്ടൻ നിരാഹാരസ
മരം തുടങ്ങി. കണ്ണൂർ പട്ടണം തൊഴി
ലാളികളെക്കൊണ്ട് നിറഞ്ഞു, ദിവസ
ങ്ങൾക്കുള്ളിൽ സമരം വിജയകരമാ
യി പര്യവസാനിച്ചു.ചുമട്ടുതൊഴിലാ
ളികളെ സംഘടിപ്പിക്കുന്നതിനും
സ:മുകുന്ദേട്ടൻ നിർവ്വഹിച്ച പങ്ക് എ
ടുത്ത് പറയത്തക്കതാണ്. പ്രധാനമാ
യും ഫുഡ്കോർപ്പറേഷൻ ഓഫ് ഇ
ന്ത്യയിൽ പ്രത്യേകിച്ച് കണ്ണൂരിൽ അ
തുവരെയും എച്ച്.എം.എസിന്റെ

ഭാഗമായിരുന്ന 100ൽ അധികം തൊ
ഴിലാളികളെ അകഠഡഇയുടെ കൊ
ടിക്കീഴിൽ അണിനിരത്തി സംഘടന
ക്ക് കരുത്ത് പകരുവാൻ മുകുന്ദേട്ടൻ
കാണിച്ച വൈഭവം ഒരിക്കലും മറ
ക്കുവാൻ കഴിയുകയില്ല. സ:മുകുന്ദേ
ട്ടൻ പ്രസിഡന്റും, സി.കൃഷ്ണൻ സി
ക്രട്ടറിയുമായി സംഘടന പ്രവർത്തി
ക്കുകയുണ്ടായി. അടിയന്തിരാവസ്ഥ
യുടെ കാലഘട്ടത്തിൽ കോൺഗ്രസ്സ്
സ്വാധീനം ഉപയോഗിച്ച് യൂണിയൻ
പിളർക്കുകയാണ് ഉണ്ടായത്.

കണ്ണൂർ ജില്ലയിൽ പാർട്ടിയുടെ എ
ല്ലാമെല്ലാമായിരുന്നു സഖാവ്. 1964ൽ
പാർട്ടി ഭിന്നിപ്പിനെ തുടർന്ന് പാർട്ടി ഏ
റെ ദുർബലമായ ജില്ലയായിരുന്നു ക
ണ്ണൂർ. പാർട്ടിയിൽ ഉറച്ചു നിന്നവരെ ഒ
രുമിച്ച് നിർത്തുന്നതിലും ഒറ്റപ്പെട്ടുപോ
യ സഖാക്കൾക്ക് ആത്മവീര്യം നൽകി
പാർട്ടിയിൽ ഉറപ്പിച്ച് നിർത്തുന്നതിലും
നിസ്തുലമായ പങ്ക് വഹിച്ചു. പുതിയ
കേഡർമാരെ കണ്ടെത്തുന്നതിനും മു
കുന്ദേട്ടന്റെ കഴിവ് എടുത്തുപറയേണ്ട
താണ്. ആവലാതികളും ആവശ്യങ്ങ
ളുമായി വരുന്നവർക്ക് മുകുന്ദേട്ടന്റെ മു
ന്നിൽ അവതരിപ്പിച്ചു കഴിഞ്ഞാൽ ഒരു
ഭാരം ഇറക്കിവെച്ച ആശ്വാസം കിട്ടുമാ
യിരുന്നു. പ്രസ്തുത വിഷയങ്ങളുടെ
പ്രാധാന്യം പരിഗണിച്ച് സഖാവ് കാ
ണിക്കുന്ന ആത്മാർത്ഥതയാണ് മേൽ
പ്പറഞ്ഞ ആശ്വാസത്തിന് കാരണം. ഒ
രു പ്രശ്നം മുകുന്ദേട്ടന്റെ മുന്നിൽ എ
ത്തിയാൽ അത് പരിഹരിക്കുന്നതുവ
രെ അതിന്റെ പിറകെ ഉണ്ടായിരി
ക്കും. അതാണ് മുകുന്ദേട്ടന്റെ പ്രത്യേ
കത.

കണ്ണൂർ ജില്ലയുടെ സംഘടിത വ്യ
വസായ കേന്ദ്രമായ വളപട്ടണം, പാപ്പി
നിശ്ശേരി മേഖലയിൽ എ.ഐ.റ്റി.യു.
സി. യൂണിയൻ ഉണ്ടാക്കുവാൻ വേണ്ടി
മുകുന്ദേട്ടൻ നടത്തിയ പ്രവർത്തനം ഒ
രു കാലത്തും മറക്കാൻ കഴിയില്ല. ഏ
ഷ്യയിലെ ഒന്നാമത്തെ പ്ലൈവുഡ് ഫാ
ക്ടറിയാണ് വെസ്റ്റേൺ ഇന്ത്യാ പ്ലൈ
വുഡ്. 1600ൽ അധികം തൊഴിലാളി
കൾ ജോലി ചെയ്തു വന്നിരുന്നു.
1970ൽ എ.ഐ.റ്റി.യു.സി. യൂണിയൻ
സി.ഐ.റ്റി.യു. യൂണിയനാക്കി മാറ്റിയ
തിനുശേഷം എ.ഐ.റ്റി.യു.സി. യൂ

ണിയൻഉണ്ടാക്കുവാൻ വേണ്ടി മുകുന്ദേട്ടൻ ഫാക്ടറിയിലെ തൊഴിലാളിയും എ.ഐ.റ്റി.യു.സി. യൂണിയൻ മുൻ സെക്രട്ടറിയുമായ സി.പി.വിജയന്റെ സഹായത്തോടുകൂടി യൂണിയൻ രൂപീകരിച്ചു. വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ്സിലെ തൊഴിലാളി പ്രവർത്തകരായിരുന്ന സി.പി.വിജയൻ, പാണ്ടൻ ഭാസ്കരൻ,എം.നാരായണൻ എന്നീ തൊഴിലാളികൾ രാത്രി ഷിഫ്റ്റ് ജോലി കഴിഞ്ഞ് വീട്ടിലേക്ക് പോകുമ്പോൾ നക്സൽ പ്രവർത്തകരെന്ന് ആരോപിച്ച് പോലീസ് അറസ്റ്റ് ചെയ്ത് ജയിലിലടച്ചതിന്റെ പേരിൽ തൊഴിലാളികളെ പിരിച്ചുവിട്ടിരുന്നു. കോടതി കുറ്റക്കാരല്ലെന്ന് കണ്ട് തൊഴിലാളികളെ വെറുതെ വിട്ടു. എന്നാൽ ജോലി നൽകാൻ മാനേജ്മെന്റ് തയ്യാറായില്ല. ഫാക്ടറിയിൽ പ്രവർത്തിക്കുന്ന യൂണിയനുകൾ പിരിച്ചുവിട്ട തൊഴിലാളികളെ സഹായിച്ചില്ല. പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫാക്ടറി ഗെയിറ്റിൽ സി.പി.വിജയൻ നിരാഹാര സത്യാഗ്രഹം തുടങ്ങി. ഫാക്ടറി ഗേറ്റിൽ പ്രകടനങ്ങളും പൊതുയോഗങ്ങളും നടന്നു. മുകുന്ദേട്ടൻ മുൻകൈ എടുത്ത് വ്യവസായ മന്ത്രി സ: ടി.വി.തോമസിനെ ഇടപെടുവിപ്പിച്ച് മാനേജ്മെന്റുമായി ചർച്ച നടത്തി. സി.പി. വിജയനെ തിരിച്ചെടുക്കുവാൻ മാനേജ്മെന്റ് തയ്യാറായില്ല. സി.പി. വിജയനെ ഒഴിവാക്കി മറ്റു രണ്ട് തൊഴിലാളികളെ തിരിച്ചെടുത്ത് ഒത്തുതീർപ്പാക്കേണ്ടി വന്നു. വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് & ഹാർഡ്ബോർഡ് വർക്കേഴ്സ് യൂണിയൻ എന്നപേരിൽ യൂണിയൻ രൂപീകരിച്ചു. പി.പി.മുകുന്ദൻ പ്രസിഡന്റും, സി.പി. വിജയൻ സെക്രട്ടറിയുമായി തീരുമാനിച്ചു. പിന്നീട് മുകുന്ദേട്ടൻ പ്രസിഡന്റും പി.പി.ദാമോദരൻ സെക്രട്ടറിയുമായി കുറച്ചു കഴിഞ്ഞപ്പോൾ ഫാക്ടറിയിൽ പ്രവർത്തിച്ചുവരുന്ന വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് എംപ്ലോയീസ് യൂണിയനിൽ ലയിച്ചു. ഈ യൂണിയൻ എ.ഐ.റ്റി.യു.സിയിൽ അഫിലിയേറ്റീവ് ചെയ്യുവാൻ സാധിച്ചിട്ടില്ല. പിന്നീട് യൂണിയനിൽ ബാക്കിയുള്ളവർ എ.ഐ.റ്റി.യു.സി. യൂണിയനിൽ ചേർന്നു.

കണ്ണൂർ ജില്ലാ ടിമ്പർ മാച്ചസ് & പ്ലൈവുഡ് വർക്കേഴ്സ് യൂണിയൻ മുകുന്ദേട്ടൻ പ്രസിഡന്റും, സി.പി.വിജയൻ സെക്രട്ടറിയുമായി രൂപീകരിച്ചു പ്രവർത്തനം തുടങ്ങി. തുടർന്നു മുകുന്ദേട്ടൻ പ്രസിഡന്റ്, പന്ന്യൻ ഭരതൻ വൈസ് പ്രസിഡന്റ്, താവം ബാലകൃഷ്ണൻ ജനറൽ സെക്രട്ടറിയുമായി യൂണിയൻ രജിസ്റ്റർ ചെയ്തു. കണ്ണൂർ ജില്ലയിലെ വ്യവസായ കേന്ദ്രമായ പാപ്പിനിശ്ശേരി വളപട്ടണം മേഖലയിൽ എല്ലാ വ്യവസായ മേഖലയിലും യൂണിയൻ രൂപീകരിക്കുവാൻ നിരന്തരമായ പ്രവർത്തനത്തിന് മുകുന്ദേട്ടൻ വഹിച്ച പങ്ക് ആവേശകരമായിരുന്നു. തിരുവനന്തപുരത്ത് എത്തിയാൽ അവിടെ നിന്ന് വിളിച്ച് അന്വേഷിക്കാം. ഹാർഡ്ബോർഡ് ഫാക്ടറിയിൽ ചിപ്പർ മിഷ്യനിൽ 150ൽ അധികം തൊഴിലാളികൾ ജോലി ചെയ്തു വന്നിരുന്നു. പുറത്തുനിന്ന് ലോറിയിൽ കൊണ്ടുവരുന്ന യൂക്കാലി, കശുമാവ്, റബ്ബർ തുടങ്ങിയ മരങ്ങൾ കമ്പനിക്ക് പുറത്ത് കമ്പനി സ്ഥലത്ത് ഉയർത്തി അട്ടിവെക്കണം. ലാട്ട് എന്നാണ് പറയുക. വലിയ മരം കീറിയാൽ മാത്രമേ ചീപ്പർ മിഷ്യനിൽ ഇടുവാൻ കഴിയുകയുള്ളു. നിയമപരമായ ഒരു ആനുകൂല്യവും ഇവർക്ക് ലഭിച്ചിരുന്നില്ല. മരം കൊണ്ടുവരുന്ന ലോറിക്കാരുടെ കയ്യിൽ നിന്ന് തട്ട് കൂലി കമ്പനി വാങ്ങിയാണ് കൂലി കൊടുത്തത്. ഈ വിഭാഗം തൊഴിലാളികൾ സി.കണ്ണൻ പ്രസിഡന്റായ സി.ഐ.റ്റി.യു. യൂണിയനേയും പി.വി.ശങ്കരനാരായണൻ പ്രസിഡന്റായ ഐ.എൻ.റ്റി.യു.സി. യൂണിയനേയും സമീപിച്ചെങ്കിലും ഇവരുടെ പ്രശ്നം ഏറ്റെടുത്തില്ല. ഈ തൊഴിലാളികളെ കണ്ണൂർ ജില്ലാ ടിമ്പർ മാച്ചസ് & പ്ലൈവുഡ് വർക്കേഴ്സ് യൂണിയനിൽ മെമ്പർമാരായി ചേർത്തു. 3 ഷിഫ്റ്റ് ജോലിയാണ് ഉണ്ടായിരുന്നത്. ഉൽപ്പാദന പ്രക്രിയയിൽ ചിപ്പർ മിഷ്യനിൽ മരം സപ്ലൈ ചെയ്യുന്നില്ലെങ്കിൽ ഫാക്ടറി നിശ്ചലമാകും.

യൂണിയന്റെ പ്രവർത്തനങ്ങളെ തടയുന്നതിനു വേണ്ടി നിരന്തരമായി മാനേജ്മെന്റ് പ്രവർത്തിച്ചുവന്നു. ഈ തൊഴിലാളികൾക്ക് പലപ്പോഴും അപകടം വന്നിട്ടുണ്ട്. മാനേജ്മെന്റ് ഭാഗത്തുനിന്നും യാതൊരു സഹായവും ലഭിച്ചിരുന്നില്ല. യൂനിയന്റെ പ്രവർത്തനത്തിൽകൂടി ഇ.എസ്.ഐ., പി.എഫ്. ബാധകമാക്കി. തൊഴിലാളികൾക്ക് രജിസ്റ്റർ വെക്കാറില്ല. ഒരു കരാറുകാരന്റെ കീഴിലാണ് എന്നാണ് കമ്പനി പറയുന്നത്. അവരാണ് എല്ലാം ചെയ്യേണ്ടിയിരുന്നത് എന്നാണ് കമ്പനി പറയുന്നത്. 6 ദിവസം തൊഴിലാളികളിൽ നിന്നും പി.എഫ് പിടിച്ചാൽ രണ്ടോ മൂന്നോ ദിവസത്തേക്കു മാത്രമേ കമ്പനി അടക്കാറുള്ളൂ. 1970ലെ കോൺട്രാക്ട് തൊഴിലാളികളെ നിർത്തലാക്കലും സ്ഥിരപ്പെടുത്തലും ആക്ട് പ്രകാരം സ്റ്റെയ്റ്റ് അഡ്വൈസറി കോൺട്രാക്ട് ലേബർ ബോർഡ് മുമ്പാകെ യൂണിയൻ പരാതി നൽകി. നിരവധി വർഷങ്ങൾ നിയമപരമായും സമരത്തിൽ കൂടിയുമാണ് യൂണിയൻ പ്രവർത്തിച്ചത് തൊഴിലാളികൾക്ക് ബോണസ് ലഭിക്കുന്നതിനുവേണ്ടി ലേബർ കോടതിയിൽ കേസ് ഫയൽ ചെയ്തു. കണ്ണൂർ ഫാക്ടറി ഇൻസ്പെക്ടറുടെ ഓഫീസിൽ പോയി സമരം നടത്തി. ഒരു ഘട്ടത്തിൽ ലേബർ കമ്മീഷണർ നിർദ്ദേശപ്രകാരം ജില്ലാ ലേബർ ഓഫീസർ 26.05.88ന് യൂണിയന് ഒരു കത്ത് തന്നു. ഈ വിഭാഗം തൊഴിലാളികളുടെ പ്രശ്നം ചുമട്ട് തൊഴിലാളി നിയമപ്രകാരം കൈകാര്യം ചെയ്യണം.അസി.ലേബർ ഓഫീസർ മുഖേന പരാതി നൽകണം. ജില്ലാ ലേബർ ഓഫീസർ മുമ്പാകെയുള്ള യൂണിയന്റെ തൊഴിൽ തർക്കം ലേബർ ഓഫീസർ ഒഴിവാക്കി. തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ നേടിയെടുക്കുവാൻ വേണ്ടി ഒരു മാസം മുമ്പേ നോട്ടീസ് നൽകി ഒരു ദിവസത്തെ സൂചനാ പണിമുടക്ക് സമരം നടത്തിയതിന്റെ പേരിൽ എല്ലാ തൊഴിലാളികൾക്കും ജോലി നിഷേധിച്ചു. 6 മാസക്കാലം തൊഴിലാളികൾ കഷ്ടപ്പെട്ടു. ഫാക്ടറിക്ക് മുമ്പിൽ സമരങ്ങൾ നടത്തി. ജില്ലാ ലേബർ ഓഫീസർ മുമ്പാകെയുള്ള തൊഴിൽ തർക്കത്തിൽ എല്ലാ തൊഴിലാളികളേയും തിരിച്ചെടുക്കുവാൻ വേണ്ടി തീരുമാനിച്ചു. കമ്പനിയുമായി ഒത്തുതീർപ്പുണ്ടാക്കി.ഫാക്ടറിയിലെ തൊഴിലാളികൾ നമ്മുടെ യൂണിയനിൽ ചേരുവാൻ തുടങ്ങി. ഫാക്ടറിയിലെ തൊഴിലാളികൾ കെ.പി. മുഹമ്മദ്, താവം ബാലകൃഷ്ണനും കോഴിക്കോട് മാവൂർ റയൺസിൽ പോയി മുകുന്ദേട്ടൻ പറഞ്ഞതുപ്രകാരം കെ.ജി.പങ്കജാക്ഷനെ കണ്ട് ഫാക്ടറിയിലെ ചീപ്പർ മിഷ്യന്റെ പ്രവർത്തനത്തെപ്പറ്റി പഠിക്കാൻ സഹായകരമായി. മാവൂരിൽ യൂക്കാലിമരം ചീപ്പർ മിഷ്യനിൽ ഇട്ടാൽ പൾപ്പായി മാറും. അതുകൊണ്ട് തുണി ഉണ്ടാക്കാം. വളപട്ടണം ഡബ്ല്യു.ഐ.പി.യിൽ ചീപ്പർ മിഷ്യനിൽ യൂക്കാലിയിട്ടാൽ ഹാർഡ്ബോർഡായി മാറും. വളരെ തുച്ഛമായ കൂലിയാണ് ഡബ്ല്യു.ഐ പി.യിലെ തൊഴിലാളികൾക്ക് ലഭിച്ചിരുന്നത്. ഫെയർ വേജ് ലഭിക്കേണ്ട ഫാക്ടറിയാണ് ഹാർഡ്ബോർഡ് ഫാക്ടറി. ഇന്ത്യയിൽ ഇവിടെ മാത്രമാണ് ഹാർഡ്ബോർഡ് ഫാക്ടറി ഉള്ളത്. ഈ വിഭാഗം തൊഴിലാളികളുടെ കരാർ സമ്പ്രദായം അവസാനിപ്പിച്ചുകൊണ്ട് 27.05.89ന് ഗസറ്റ് നോട്ടിഫിക്കേഷൻ വന്നു. അങ്ങനെ എല്ലാ തൊഴിലാളികളേയും ഫാക്ടറി തൊഴിലാളിയാക്കി മാറ്റി കരാറുണ്ടാക്കി. നമ്മുടെ യൂണിയന്റെ വലിയ നേട്ടമായി തൊഴിലാളികൾക്കിടയിൽ യൂണിയന്റെ വിശ്വാസ്യത വർദ്ധിച്ചു. പല സ്ഥാപനങ്ങളിലും എ.ഐ.റ്റി.യുസി. യൂണിയൻ രൂപീകരിച്ചു. ഭാരത് പ്ലൈവുഡ്, സൺലൈറ്റ് പ്ലൈവുഡ്, പ്രൈം വിനീർസ്, വുഡ് ഇന്റസ്ട്രീസ്, കോഹിന്നൂർ പ്ലൈവുഡ്, നൈന പ്ലൈവുഡ് , എ കെ പ്ലൈവുഡ് നിരവധി സോമില്ലുകളിലും യൂണിയൻ രൂ

പീകരിച്ചു.

ഭാരത പ്ലൈവുഡ് സമരം 78 ദിവസം നീണ്ടുനിന്ന സമരമാണ്. 250ൽ അധികം തൊഴിലാളികൾ ഫാക്ടറിയിൽ സ്ഥിരം തൊഴിലാളികൾ ഉണ്ടായിരുന്നു. ഐ.എൻ.റ്റി.യു.സി., സി.ഐ.റ്റി.യു. യൂണിയനുകളാണ് അവിടെ ഉണ്ടായിരുന്നത്. 400ൽ അധികം തൊഴിലാളികൾ ജോലി ചെയ്തു വരുന്നുണ്ടായിരുന്നു. 3 മാസം കഴിഞ്ഞാൽ അവരെ പിരിച്ചുവിടും. പിന്നീട് പുതിയ തൊഴിലാളികളെ എടുക്കാം. പിന്നീട് അവരെയും പിരിച്ചുവിടും. അങ്ങിനെ തുടരുകയാണ് ഉണ്ടായിരുന്നത്. തൊഴിലാളികളുടെ ഈ പ്രശ്നം ഫാക്ടറിയിലെ യൂണിയന്റെ ശ്രദ്ധയിൽ പ്പെടുത്തി. പക്ഷേ അവർ ഇതിനു തയ്യാറായില്ല. ഒഴിഞ്ഞുമാറി. ഈ തൊഴിലാളികൾ എ.ഐ.റ്റി.യുസി. യൂണിയനിൽ ചേർന്നു. നിലവിൽ ജോലി ചെയ്തു വരുന്ന തൊഴിലാളികൾക്ക് തുടർന്നു ജോലി നൽകണമെന്ന് ആവശ്യപ്പെട്ട് യൂണിയൻ ഡിമാന്റ് നൽകി. ജില്ലാ ലേബർ ഓഫീസിൽ കൺസിലേഷൻ നടന്നു. തൊഴിലാളികൾക്ക് ജോലി നൽകാൻ മാനേജ്മെന്റ് തയ്യാറായില്ല. ഫാക്ടറി ഗേറ്റിൽ തൊഴിലാളികൾ സമരം തുടങ്ങി. ഫാക്ടറിയിൽ നിന്നും പുറത്തേക്ക് പോകുന്ന പ്ലൈവുഡ് ഉൽപ്പന്നങ്ങൾ പിക്കറ്റ് ചെയ്തു. ഫാക്ടറിയിലേക്ക് വരുന്ന മരങ്ങൾ തടഞ്ഞില്ല. പോലീസ് വന്നു തൊഴിലാളികളെ അറസ്റ്റ് ചെയ്യുന്ന സന്ദർഭത്തിൽ മുകുന്ദേട്ടൻ സമര സ്ഥലത്തു വന്നു ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാരുമായി നടത്തിയ ചർച്ചകളും നേതൃത്വപരമായ പങ്കും ഇന്നും തൊഴിലാളികൾ ഓർക്കുന്നുണ്ട്. കോഴിക്കോട് ജോയിന്റ് ലേബർ കമ്മീഷണർ മുമ്പാകെ 1980ൽ ഒത്തുതീർപ്പുണ്ടാക്കി. സമരം തീർത്തു. ഒത്തുതീർപ്പു വ്യവസ്ഥപ്രകാരം 1980 ജനുവരി മുതൽ ഡിസംബർ മാസം വരെ ജോലി ചെയ്ത തൊഴിലാളികളുടെ ഒരു ലിസ്റ്റ് ഉണ്ടാക്കി കമ്പനിയിൽ പ്രസിദ്ധപ്പെടുത്തി. കമ്പനിക്ക് ആവശ്യം വരുമ്പോൾ അതിൽ നിന്നും തൊഴിലാളികളെ എടുക്കുവാനും പാടുള്ളൂ എന്ന വ്യവസ്ഥയും ഉണ്ടാക്കി. കാട്ടാമ്പള്ളി മത്സ്യതൊഴിലാളി സമരം - അടിയന്തിരാവസ്ഥ കാലത്ത് മത്സ്യതൊഴിലാളികൾ മത്സ്യം പിടിക്കുന്നത് സ്ഥലത്തെ ഒരു വിഭാഗം മത്സ്യതൊഴിലാളികൾ തടഞ്ഞു. സംഘർഷമുണ്ടായി. പോലീസ് ഇടപെട്ടു. മുകുന്ദേട്ടൻ ശക്തമായി മത്സ്യതൊഴിലാളികൾക്കൊപ്പം നിന്നുകൊണ്ട് അവർക്ക് തൊഴിൽ സംരക്ഷിക്കാൻ വേണ്ടി ശക്തമായി ഇടപെട്ട് പ്രശ്നം പരിഹരിച്ചു. എല്ലാ തൊഴിലാളികൾക്കും മത്സ്യം പിടിക്കുവാൻ തീരുമാനമായി. പൊയ്തും കടവ് സ്കൂളിൽ മത്സ്യതൊഴിലാളികളുടെ യോഗം ചേർന്നു. 100ൽ അധികം തൊഴിലാളികൾ പങ്കെടുത്തു. സി.കൃഷ്ണൻ പ്രസിഡന്റും എ.അബ്ദുള്ള സിക്രട്ടറിയും, താവം ബാലകൃഷ്ണൻ ജോ.സിക്രട്ടറിയുമായി യൂനിയൻ രൂപീകരിച്ചു. വളപട്ടണം ഓഫീസായി പ്രവർത്തിച്ചു. മുകുന്ദേട്ടൻ യൂണിയൻ ഉദ്ഘാടനം ചെയ്തു കൊണ്ടുള്ള പ്രസംഗം തൊഴിലാളികളിൽ ഉണ്ടാക്കിയ ആവേശം പറഞ്ഞറിയിക്കാൻ കഴിയില്ല.

അഴീക്കൽ പോർട്ടിൽ ഉരുവിൽ മരം കയറ്റി ബോംബെയിൽ കൊണ്ടുപോകുന്ന പ്രവർത്തിയാണ് തൊഴിലാളികൾ ചെയ്യുന്നത്. വെസൽ ബ്രോക്കർമാർ തൊഴിലാളികളെ ചൂഷണം ചെയ്യുകയായിരുന്നു. മൈനർപോർട്ട് മിനിമം കൂലി വാങ്ങിച്ചുകൊടുക്കുവാൻ യൂണിയനു കഴിഞ്ഞു. ചില സമരങ്ങളും നടത്തിയിരുന്നു. മുകുന്ദേട്ടൻ പ്രസിഡന്റ്, താവം ബാലകൃഷ്ണൻ സെക്രട്ടറിയുമായിരുന്നു. മുകുന്ദേട്ടന്റെ മരണശേഷം പോർട്ടിലെ തൊഴിലാളി കെ.ടി. റസാഖ് ആണ് പ്രസിഡന്റായി തുടരുന്നത്.

ബസ് തൊഴിലാളികളെ സംഘടിപ്പിക്കുവാൻ മുകുന്ദേട്ടൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കണ്ണൂർ ജില്ലാ പ്രൈവറ്റ് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ രൂപീകരിച്ചു. മുകുന്ദേട്ടൻ പ്രസിഡന്റായും താവം ബാലകൃഷ്ണൻ സെക്രട്ടറിയായും പ്രവർത്തിച്ചു. നിരവധി സമരങ്ങളും നടത്തി. കണ്ണൂർ ആയിരുന്നു ഓഫീസ് പ്രവർത്തനം. എല്ലാ എതിർപ്പുകളേയും നേരിട്ടുകൊണ്ട് യൂണിയന്റെ രജിസ്ട്രേഷൻ കിട്ടിയപ്പോൾ നോട്ടീസ് അടിച്ച് എല്ലാ ബസുകളിലും കയറി നോട്ടീസ് വിതരണം ചെയ്ത രംഗം ഓർക്കുകയാണ്.

കണ്ണപുരം, പഴയങ്ങാടി, നീലേശ്വരം എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചു വരുന്ന ചൈനാക്ലേ കമ്പനി സാമുവൽ ആറോന്റെ ഭാര്യയുടെ പേരിലായിരുന്നു. 500ൽ അധികം തൊഴിലാളികൾ ജോലി ചെയ്തു വന്നിരുന്ന കമ്പനി നിരവധി മാസങ്ങളായി അടച്ചു പൂട്ടിയിട്ടിരിക്കുകയാണ്. ഐ.എൻ.റ്റി.യു.സി. യൂണിയനും സി.ഐ.റ്റി.യു. യൂണിയനും ആണ് ഉള്ളത്. ഗവൺമെന്റിനെക്കൊണ്ട് ഏറ്റെടുപ്പിക്കുവാൻ ആവശ്യങ്ങൾ ഉയർന്നു വന്നിരുന്നു. ഈ സന്ദർഭത്തിൽ എ.ഐ.റ്റി.യുസി. യൂണിയൻ രൂപീകരിക്കുന്നതിനുവേണ്ടി മുകുന്ദേട്ടൻ നിരന്തരമായി ശ്രമിച്ചുകൊണ്ടിരുന്നു. കണ്ണപുരം പഴയങ്ങാടി വെങ്ങര സ്ഥലങ്ങളിൽ തൊഴിലാളികളുടെ വീട്ടിൽപോയി കണ്ട് നിരന്തരമായി പ്രവർത്തിച്ചതിന്റെ ഫലമായി തൊഴിലാളികളെ യൂണിയനിൽ ചേർക്കാൻ കഴിഞ്ഞു. സൂപ്പർ ക്ലേസ് വർക്കേഴ്സ് യൂണിയൻ പന്ന്യൻ ഭരതൻ പ്രസിഡന്റായും, താവം ബാലകൃഷ്ണൻ സിക്രട്ടറിയായും രൂപീകരിച്ചു. 1976ൽ മുകുന്ദേട്ടന്റെ ഇടപെടലിന്റെ ഫലമായി കമ്പനി ഏറ്റെടുപ്പിക്കുന്നതിനുവേണ്ടി സാധിച്ചു. തിരുവനന്തപുരം ക്ലബ്ബിൽ വെച്ചു ചേർന്ന യോഗത്തിൽ വ്യവസായ മന്ത്രി ടി.വി തോമസ് പങ്കെടുത്തുകൊണ്ട് നടത്തിയ ചർച്ചയിലാണ് തീരുമാനമുണ്ടായത്. സി.ഐ.റ്റി.യു. നേതാവ് സ.സി.കണ്ണൻ, ഐ.എൻ.റ്റി.യു.സി നേതാവ് ടി.വി.നാരായണൻ, എ.ഐ.റ്റി.യുസി. താവം ബാലകൃഷ്ണൻ സ്റ്റാഫ് യൂനിയൻ പ്രസിഡണ്ടായ മുകുന്ദേട്ടൻ, സെക്രട്ടറി കെ.കൃഷ്ണൻനായർ എന്നിവർ പങ്കെടുത്തു. ചെറിയാനെ ടി.വി.തോമസ് ആണ് മാനേജിംഗ് ഡയറക്ടറാക്കിയത്. ഗണപതിയാണ് ചെയർമാൻ. മുകുന്ദേട്ടൻ ബോർഡ് മെമ്പറായിരുന്നു.

വളപട്ടണത്ത് 10 മലഞ്ചരക്കു സ്ഥാപനങ്ങളിൽ തൊഴിലാളികളെ സംഘടിപ്പിച്ചു കൊണ്ട് കണ്ണൂർ ജില്ലാഹിൽ പ്രൊഡ്യൂസ് വർക്കേഴ്സ് യൂനിയൻ രൂപികരിച്ചു. പള്ളിക്കുന്നുമ്പ്രം, ചിറക്കൽ തുടങ്ങിയ സ്ഥലങ്ങളിലെ സ്ത്രീ തൊഴിലാളികളായിരുന്നു കൂടുതലും. നൂറിൽ അധികം തൊഴിലാളികൾ ചേർന്ന് യൂണിയനിൽ ചേർന്നു. എ.ഐ.റ്റി.യുസി. യൂണിയൻ മാത്രമാണ് ഉണ്ടായിരുന്നത്. വളരെ തുച്ഛമായ കൂലിയാണ് തൊഴിലാളികൾക്ക് കിട്ടി വരുന്നത്. കൂലി വർധനവ് ആവശ്യപ്പെട്ടു കൊണ്ട് നോട്ടീസ് നൽകിയിരുന്നു. ഭാരത് ട്രേഡിംഗ് കമ്പിനി ഗേറ്റിൽ എ.ഐ.റ്റി.യുസി. കൊടി കെട്ടിയിരുന്നു. തൊഴിലാളികളുടെ കൂലിപ്രശ്നം ചർച്ച ചെയ്യാൻ വേണ്ടി യൂണിയൻ സെക്രട്ടറി താവം ബാലകൃഷ്ണനെ ഓഫീസിൽ വിളിച്ചു. ഓഫീസിൽ പോയപ്പോൾ മറ്റുമുതലാളിമാരും ഉണ്ടായിരുന്നു. ഓഫീസിന്റെ വാതിൽ അടച്ചു കൊടി അഴിച്ചുമാറ്റണം എന്നാൽ മാത്രമെ പുറത്തോട്ട് വിടുകയുള്ളു എന്ന് ഭീഷണിപ്പെടുത്തി. അതു നടക്കുകയില്ലാ എന്ന് ബോധ്യപ്പെട്ടപ്പോൾ മണിക്കൂറുകൾ കഴിഞ്ഞ് വാതിലുകൾ തുറന്നു. മുകുന്ദേട്ടനുമായി ആലോചിച്ച് പിറ്റേദിവസം വളപട്ടണത്ത് മലഞ്ചരക്കു സ്ഥാപനങ്ങൾക്കു മുന്നിൽ പന്ന്യൻ ഭരതേട്ടന്റെ നേതൃത്വത്തിൽ ലോറിതൊഴിലാളികൾ ഉൾപ്പടെ പ്രതിഷേധപ്രകടനവും പൊതുയോഗവും നടത്തി. സാമുദായിക വികാരം ഇളക്കിവിടുവാൻ വേണ്ടി ആയിരകണക്കിന് നോട്ടീസ് അടിച്ച് മുതലാളിമാർ വിതരണം ചെയ്യുകയുണ്ടായി. നിരവധി സമരങ്ങൾ നടന്നു.

എ.ഐ.റ്റി.യുസി. യൂണിയന്റെ നേതൃത്വത്തിൽ പാപ്പിനിശ്ശേരി ആറോൺ കമ്പനിയിൽ സമരം 1946 ൽ 110 ദിവസം നീണ്ടുനിന്നു. സ്വാതന്ത്ര്യസമരം കൊടുമ്പിരികൊണ്ട സമയം. 1946ൽ ആർ.ഐ.എൻ. കലാപത്തിന്റെ അലകൾ നാടെങ്ങും ആഞ്ഞടിക്കുകയാ

ണ്. പണ്ഡിറ്റ് നെഹ്റുവിന്റെ കാശ്മീർ പര്യടനം നെഹ്റുവിന് കാശ്മീർ രാജാവിന്റെ വിലക്ക്. ഈ വാർത്ത അറിഞ്ഞ് കണ്ണൂർ ജില്ലയിലെ ആറോൺമിൽ തൊഴിലാളികൾ ഫാക്ടറി വിട്ടിറങ്ങി തികച്ചും രാഷ്ട്രീയമായ ആവശ്യത്തിനുവേണ്ടിയാണ് പണിമുടക്കിയത്. പണിമുടക്കിയത് തെറ്റാണെന്നും മാപ്പ് പറഞ്ഞാൽ ജോലിക്ക് കയറാമെന്നും അറിയിച്ചു സാമുവൽ ആറോൺ. മാപ്പു പറയാൻ തൊഴിലാളികൾ തയ്യാറായില്ല.

ആറോൺമിൽ തൊഴിലാളി യൂണിയന്റെ പ്രസിഡന്റ് സി.കണ്ണനായിരുന്നു ജനറൽ സെക്രട്ടറി. ഞാനും കാന്തലോട്ടും പണിമുടക്കിന്റെ മുഖ്യസംഘാടകനും നേതാവ് പി.കൃഷ്ണപ്പിള്ളയും.

പോലീസിനേയും ഗുണ്ടകളേയും ഉപയോഗപ്പെടുത്തി സമരം പൊളിക്കാമെന്നായിരുന്നു ആറോന്റെ കണക്കുകൂട്ടൽ. തൊഴിലാളികളെ ഭീഷണിപ്പെടുത്തി സമരം പൊളിക്കാമെന്നായിരുന്നു ആറോന്റെ കണക്കുകൂട്ടൽ. തൊഴിലാളികളെ ഭീഷണിപ്പെടുത്തി കയ്യേറ്റം ചെയ്തു. അവരുടെ വീടുകൾ ആക്രമിച്ചു. എന്തിനേറെ, കൃഷ്ണപ്പിള്ളയെ കണ്ണൂർ റെയിൽവെ ഗുഡ്ഷെഡ്ഡിനടുത്തുവെച്ച് ഏതാനും ഗുണ്ടകൾ ആക്രമിച്ചു പരുക്കേൽപ്പിച്ചു. സഖാവിന് ഏതാനും ദിവസം ആശുപത്രിയിൽ കഴിയേണ്ടിവന്നു.

ദിവസം കഴിയുന്തോറും പണിമുടക്കിനു ശക്തി കൂടിവന്നു. കൂടുതൽ കൂടുതൽപേർ സമരരംഗത്തണിനിരന്നു. ആറോൺ വ്യവസായികരംഗത്തും കോൺഗ്രസ്സിലും തനിക്കുള്ള സ്വാധീനം സമരം പൊളിക്കാൻ പൂർണ്ണമായും ഉപയോഗപ്പെടുത്തി. എന്നാൽ, സമരത്തിന്റെ ഗതിമാറ്റാൻ അവയ്ക്കൊന്നും കഴിഞ്ഞില്ല.

എല്ലാ ദിവസവും പിക്കറ്റിങ്ങ്. നൂറു കണക്കിന് തൊഴിലാളികളാണ് പിക്കറ്റിങ്ങിൽ പങ്കെടുത്തത്. പണിമുടക്കിനോടനുഭാവം രേഖപ്പെടുത്തിക്കൊണ്ട് കർഷകരുടെ പ്രവർത്തനങ്ങളായിരുന്നു ആ സമരത്തിന്റെ അതിപ്രധാനമായ ഒരു സവിശേഷത. ആ നാടാകെ സമരത്തിലാണെന്നു തെളിയിച്ചുകൊണ്ട് സമരം ചെയ്യുന്നവരെ സഹായിക്കുന്നതിനായി കാർഷിക വിളകളുമായി കർഷകർ പാപ്പിനിശ്ശേരിയിലെത്തിച്ചുകൊണ്ടിരുന്നു. തൊഴിലാളി -കർഷകസഖ്യ സമരമുന്നണിയിൽ പ്രായോഗികമാക്കുക എങ്ങനെയെന്ന് ആറോൺമിൽ സമരം കാണിച്ചു തന്നു.

കണ്ണൂർ ജില്ലയിലെ കയർ തൊഴിലാളി യൂണിയൻ ഉണ്ടാക്കുന്നതിനുവേണ്ടി എം.ടി.ചന്ദ്രസേനൻ, മുകുന്ദേട്ടൻ നിരന്തരമായി ശ്രമിച്ചതിന്റെ ഫലമായി താവം കയർ സൊസൈറ്റി, അഴീക്കൽ കയർ സൊസൈറ്റി, ധർമ്മടം കയർ സൊസൈറ്റി, മാട്ടൂൽ കയർ സൊസൈറ്റി, മുഴപ്പിലങ്ങാട് മറ്റു സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളേയും യൂണിയനിൽ ചേർത്തു.

ഇന്ന് പല വ്യവസായങ്ങളും തകർന്നിരിക്കുകയാണ്. വളപട്ടണം മലഞ്ചരക്ക് വ്യവസായം പൂർണ്ണമായും ഇല്ലാതായി. അന്ന് ഈ യൂണിയനുകളെല്ലാം ഉണ്ടാക്കുമ്പോൾ പുതിയ ചുമതലക്കാരെ കണ്ടെത്തി ഏൽപ്പിച്ചു കൊടുക്കണമെന്ന ഉദ്ദേശത്തോടു കൂടിയാണ് സംഘടിപ്പിച്ചത്. പല യൂണിയനുകളിലും കുറഞ്ഞ മെമ്പർഷിപ്പ് ആണ് ഉണ്ടായിരുന്നത്. വളപട്ടണം ഓഫീസുമായി ബന്ധപ്പെട്ടുകൊണ്ടാണ് എല്ലാ യൂണിയനുകളും രജിസ്റ്റർ ചെയ്തിട്ടുള്ളത്. വളപട്ടണം ഓഫീസിന്റെ പ്രവർത്തനത്തിൽ താവം ബാലകൃഷ്ണനെ സഹായിക്കുന്നതിനുവേണ്ടി സി.പി. വിജയന്റെ മകനായ എ.ഐ.ടി.യു.സി ഇപ്പോഴത്തെ ജില്ലാ സെക്രട്ടറി ആയ സി.പി. സന്തോഷ് കുമാറിനെ മുകുന്ദേട്ടൻ പ്രത്യേകം ചുമതലപ്പെടുത്തിയിരുന്നു.

കാംകോ ചെയർമാൻ,ഹാൻവീവ് ചെയർമാൻ,ഹാൻടെക്സ് എക്സിക്യൂട്ടീവ് മെമ്പർ,, സൂപ്പർ ക്ലേബോർഡ് മെമ്പർ, അഴീക്കൽ വീവേർസ് സൊസൈറ്റി, പുഴാതി വീവേർസ് സൊസൈറ്റി, കോലത്തുവയൽ വീവേർസ് സൊസൈറ്റി, കണ്ണപുരം വീവേർസ് സൊസൈറ്റി, പാപ്പിനിശ്ശേരി പവർലൂം സൊസൈറ്റി, കൂത്തുപറമ്പ് പവർലൂം സൊസൈറ്റി, അഴീക്കൽ പവർലൂം സൊസൈറ്റി, പരിയാരം പവർലൂം സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ കൊണ്ടുവരുന്നതിന് മുകുന്ദേട്ടനും വി. കൃഷ്ണൻ നായരും വഹിച്ച പങ്ക് ഇവിടെ എടുത്തു പറയുകയാണ്.

പാർലമെന്റ് 1986ൽ പാസാക്കിയ ബീഡി-സിഗാർ വർക്കേഴ്സ് (കണ്ടീഷൻസ് ഓഫ് എംപ്ലോയീസ് ആക്ട്) ഇന്ത്യയിൽ ബീഡി തൊഴിലാളികൾ അവരുടെ മാഗ്നാക്കാർട്ടയായി കണക്കാക്കി പോരുന്നു. ഈ നിയമത്തിലെ വകുപ്പുകളനുസരിച്ച് ബീഡി തൊഴിലാളികൾ ദശവർഷങ്ങളായി അനുഭവിക്കുന്ന ചൂഷണത്തിൽ നിന്നും വിമോചിതരാകും. അവർക്ക് ഒട്ടനേകം സാമ്പത്തിക ആനുകൂല്യങ്ങളും ലഭ്യമാകും. ആക്ട് നടപ്പിലാക്കുമ്പോൾ വ്യവസായികൾക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകും. എന്നാൽ ഈ ആക്ടിലെ വകുപ്പുകൾ നടപ്പിലാക്കുവാനുള്ള സമയം നിശ്ചയിക്കേണ്ടത് അതാത് സ്റ്റേറ്റ് ഗവൺമെന്റുകളാണ്. ഈ കാരണത്താൽ പല സ്റ്റേറ്റ് ഗവൺമെന്റുകളും ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ കൂട്ടാക്കിയില്ലെന്നതാണ് വസ്തുത. കേരള ഗവൺമെന്റ് ആക്ടിലെ വ്യവസ്ഥകൾ 1968 മുതൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു.ഈ തീരുമാനം ബീഡി വ്യവസായം കേന്ദ്രീകരിച്ചിരുന്ന കണ്ണൂർ ജില്ലയിൽ വലിയ പ്രത്യാഘാതം ഉണ്ടാക്കി. ദശവർഷങ്ങളായി കണ്ണൂർ ജില്ലയുടെ പലഭാഗത്തും മറുനാട്ടുകാരായ വ്യവസായികൾ നടത്തിപ്പോന്നിരുന്ന വ്യവസായ ശാഖകൾ പൊടുന്നനേ അടച്ചുപൂട്ടപ്പെട്ടു. 12,000ത്തിൽപ്പരം തൊഴിലാളികൾ തെരുവാധാരമായി. ഇത് ഗവൺമെന്റിന് വലിയ സാമ്പത്തിക പ്രശ്നം സൃഷ്ടിച്ചു. സ്വാതന്ത്ര്യത്തിനുശേഷം മറ്റൊരു സ്റ്റേറ്റ് ഗവൺമെന്റും ഇത്തരം ഒരു അവസ്ഥാവിശേഷം നേരിടേണ്ടി വന്നിട്ടില്ല. അതായത് തലേദിവസം വരെ ജോലിയും വരുമാനവും ഉണ്ടായിരുന്ന വലിയൊരു വിഭാഗം തൊഴിലാളികൾക്ക് ഓർക്കാപ്പുറത്ത് ജോലിയും വരുമാനവും നഷ്ടപ്പെടുക. ഈ സ്ഥിതിവിശേഷത്തെ നേരിടുവാൻ നമ്മുടെ ഗവൺമെന്റ് തീരുമാനിച്ചത് ഈ തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കുടിയിരുത്തുവാനായിരുന്നു. അങ്ങിനെ അന്നത്തെ കണ്ണൂർ ജില്ലയിൽ വികേന്ദ്രീകൃത അടിസ്ഥാനത്തിൽ 20 പ്രാഥമിക സംഘങ്ങളും കണ്ണൂരിൽ ഒരു കേന്ദ്ര സംഘവും 1969 ഫെബ്രുവരി 15ാം തീയ്യതി രൂപംകൊണ്ടു. സ:ടി.വി. തോമസ് നിരവധി ദിവസങ്ങൾ കണ്ണൂരിൽ ചിലവഴിച്ചുകൊണ്ടാണ് ദിനേശ്ബീഡി ഉണ്ടാക്കാൻ നേതൃത്വം നൽകിയത്. ദിനേശ്ബീഡി ചെയർമാനായി ജി.കെ.പണിക്കരെ കൊണ്ടുവന്നത് ടി.വി.തോമസ് ആയിരുന്നു. സ:മുകുന്ദേട്ടൻ ഈ കാര്യങ്ങളിലെല്ലാം സജീവമായിരുന്നു. ദിനേശ് ബീഡി സ്റ്റാഫ് യൂണിയന്റെ പ്രസിഡണ്ട്, ബീഡി തൊഴിലാളി സംസ്ഥാന ഫെഡറേഷന്റെ പ്രസിഡന്റായും മുകുന്ദേട്ടൻ പ്രവർത്തിച്ചു.

പുതിയ തലമുറക്ക് മുകുന്ദേട്ടന്റെ പ്രവർത്തനങ്ങൾ ആവേശം പകരുന്നതാണ്. പലതും പഠിക്കാൻ ഏറ്റവും നല്ല സംഘാടകനാണ് മുകുന്ദേട്ടൻ. ദേശീയ സംഘടനാപരമായ തീരുമാനങ്ങൾ വിശദീകരിക്കുമ്പോൾ കാണിച്ച സൂക്ഷ്മത അത് മാതൃകയാണ്.പരേതയായ മഹിളാ സംഘത്തിന്റെ നേതാവും, പാർട്ടി പ്രവർത്തകയുമായിരുന്ന എ.നന്ദിനി ആയിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. ഏകമകൾ നടാഷ. അവർക്കൊരു കുട്ടിയുമുണ്ട്. പ്രവർത്തനത്തിന്റെ ഭാഗമായുള്ള യാത്രയ്ക്കിടയിൽ 1997 ജൂലായ് 22ന് തിരുവനന്തപുരത്ത് വെച്ച് സഖാവ് നമ്മെവിട്ടു പിരിഞ്ഞു. സഖാവിന്റെ അഭാവം ജില്ലയിലെ പാർട്ടി പ്രവർത്തനത്തിനും എ.ഐ.റ്റി.യു സി.യുടെ പ്രവർത്തനത്തിനും നികത്താനാവാത്ത നഷ്ടമായി അവശേഷിക്കുന്നു. സഖാവിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

അലൻ പോൾ വർഗ്ഗീസ്



# കർഷക സമരം ഇനിയും തുടരുക തന്നെ ചെയ്യും

**2020** സെപ്റ്റംബറിൽ രാജ്യ സഭയിൽ കർഷക ബില്ലിന്റെ ചർച്ച വേളയിൽ സഖാവ് ബിനോയ് വിശ്വം പറയുകയുണ്ടായി ഇന്ത്യയിലെ കർഷകർ തെരുവിൽ അഗ്നി ജ്വാലകളായി വരുമെന്നും അവർക്കൊപ്പം കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ നിലകൊള്ളുമെന്നും. അതിനെ തുടർന്നു പഞ്ചാബിൽ നിന്ന് ആരംഭിച്ച കർഷക സമരം ഉത്തർ പ്രദേശ്, ബിഹാർ, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ പടർന്നു പിടിച്ചു. കർഷക സംഘടനകൾ ഒരു സമര സമിതി രൂപീകരിച്ചു ഡൽഹിയുടെ അതിർത്തികളിൽ ക്യാമ്പ് ചെയ്യാൻ തീരുമാനിച്ചു. സമരം ചെയ്യുന്നവർ യഥാർത്ഥ കർഷകരല്ല ഖാലിസ്ഥാൻവാദികളാണ് എന്നുള്ള പ്രചരണങ്ങൾ സംഘപരിവാറിന് തന്നെ വിനയായി ഭവിച്ചു. പല ഗ്രാമങ്ങളിലും അവിടുത്തെ ജനങ്ങൾ ബിജെപിയ്ക്ക് വിലക്ക് ഏർപ്പെടുത്തി. നുണ പ്രചാരണങ്ങൾ അത്രമേൽ ഫലം കാണാതെ വന്നപ്പോൾ ബിജെപിയുടെ രാഷ്ട്രീയ ചാണക്യൻ അമിത് ഷാ കർഷകരോട് മറ്റൊരു മൈതാനത്തിലേക്ക് സമരം മാറ്റാനും തുടർന്നു അവരുമായി ചർച്ച നടത്താം എന്നും അറിയിച്ചു. എന്നാൽ ആ മൈതാനത്തിലേക്ക് മാറിയാൽ തങ്ങളെ എളുപ്പം അറസ്റ്റ് ചെയ്യാം എന്ന് മനസിലാക്കിയ കർഷകർ അമിത് ഷായുടെ വാക്കുകൾ തിരസ്കരിച്ചു. രാജ്യസഭ എം.പിയായ സഖാവ് ബിനോയ് വിശ്വം എ.ഐ.എസ്.എഫ് ദേശീയ ജനറൽ സെക്രട്ടറി സഖാവ് വിക്കി മഹേശരിയോടൊപ്പം സിങ്കുവിലും തിക്രിയിലും ക്യാമ്പ് ചെയ്തിരുന്നു. ഗാസിപ്പൂർ അതിർത്തിയിൽ എ.ഐ.എസ്. എഫ് ഡൽഹി സംസ്ഥാന സെക്രട്ടറി അഭിപ്സ ചൗഹാൻ, ഉത്തർ പ്രദേശ് സംസ്ഥാന സെക്രട്ടറി സഞ്ജയ് സിങ് എന്നിവർ കിസാൻ ലൈബ്രറിയും ടെന്റും ഒരുക്കി.

കുറെ മാസങ്ങൾ കഴിഞ്ഞപ്പോൾ സമരങ്ങൾ അവസാനിച്ചുവെന്നും കർഷകർ പിന്മാറിയെന്നുമുള്ള ചില നുണകൾ പൊതുബോധത്തിലേക്ക് കുത്തി നിറയ്ക്കാൻ സംഘപരിവാർ ശ്രമിച്ചിരുന്നു. എന്നാൽ ഇത്തരം വ്യാജ പ്രചാരണങ്ങൾ ഒന്നും ഫലം കണ്ടില്ല. പോലീസും സംഘപരിവാർ ഗുണ്ടകളും ഗാസിപൂർ അതിർത്തി വളയും എന്നു തോന്നിയപ്പോൾ അവിടെയുള്ള കർഷകരുടെ വിഷമം കേട്ടു മീററ്റിൽ നിന്നും ഉത്തർ പ്രദേശിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഓടിയെത്തിയ സാധാരണ ജനങ്ങളെ കണ്ടു സ്തംഭിച്ചു നിൽക്കാനേ ഹിന്ദുത്വശക്തികൾക്ക് കഴിഞ്ഞുള്ളൂ.

കർഷക സമരത്തിനെതിരെയുള്ള ചില കള്ള പ്രചാരണങ്ങളുടെ സത്യാവസ്ഥ വ്യക്തമാക്കേ്ത് അനിവാര്യമാണ്. ഈ സമരത്തിൽ സമ്പന്ന കർഷകരെ ഉള്ളൂ ദരിദ്രരായ കർഷകർ സമരത്തിൽ ഇല്ല; കാരണം അവർക്ക് കാർഷിക ബില്ലിന്റെ ഗുണങ്ങൾ അറിയാം എന്നാണ് ഒരു പ്രചാരണം. ഈ വാദം തെറ്റാണ്. എല്ലാത്തരം കർഷകരും തൊഴിലാളികളും ഈ സമരത്തിൽ സന്നിഹിതരാണ്. ഇടത്തരം കർഷകരുടെ സഹായവും കർഷക സംഘടനകളുടെ സഹായവും അവർക്കുണ്ട്.

ഈ സമരത്തിൽ യഥാർത്ഥ കർഷകരല്ല ഉള്ളത് യഥാർത്ഥ കർഷകർ വന്നിരുന്നുവെങ്കിൽ ആ സംസ്ഥാനങ്ങളിൽ വിളവെടുപ്പ് എങ്ങനെ നടന്നു എന്നു ചോദിക്കുന്നവർ ഉണ്ട്. പഞ്ചാബിലെയും മറ്റു സംസ്ഥാനങ്ങളിലെയും കർഷകർ സമര ഭൂമിയിൽ വരുന്നതും പോകുന്നതും ചില ചിട്ടകൾ പാലിച്ചാണ്. മുഴുവൻ പേരും സമരത്തിന് വരില്ല. നിശ്ചിത ശതമാനം വ്യക്തികൾ സമരത്തിന് വരും. ഒരു നിശ്ചിത സമയം കഴിയുമ്പോൾ അവർ മടങ്ങും. എന്നിട്ട് ഗ്രാമങ്ങളിൽ ബാക്കിയുള്ളവർ സമരത്തിന് പോകും. ഗ്രാമത്തിലുള്ള സമയത്ത് അവർ കൃഷി പണികളിൽ ശ്രദ്ധ നൽകും. കർഷകരുടെ കുടുംബത്തിലെ അംഗങ്ങൾ സമര ഭൂമിയിൽ ഉണ്ടാകും. ആവശ്യമുള്ളവർ മാത്രം വിളവെടുപ്പ് സമയത്ത് തിരികെ വരും.

സമരത്തിന്റെ ഏറ്റവും പുതിയ വാർത്തകൾ നൽകാൻ മാധ്യമങ്ങൾ തയ്യാറല്ലാത്തത് കൊണ്ട് അവിടെ നടക്കുന്നത് പൊതുജനങ്ങളെ അറിയിക്കുക തൊഴിലാളി പ്രസ്ഥാനങ്ങളുടെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെയും കർത്തവ്യമാണ്. കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ ടെന്റുകളിൽ രണ്ട് പേരിൽ കൂടുതൽ ഉണ്ടാകാൻ പാടില്ല എന്ന തീരുമാനം കർഷക സംഘടനകൾ എടുത്തിരുന്നു. സിങ്കു അതിർത്തിയിൽ വൈദ്യുതി തകരാർ മൂലം തുടർച്ചയായ തീപിടുത്തം ഉണ്ടായെങ്കിലും അത് വ്യാപിക്കാതെ നോക്കാൻ സമര സഖാക്കൾക്ക് കഴിഞ്ഞു. കത്തി നശിച്ച ടെന്റുകൾക്ക് പകരം പുതിയ ടെന്റുകൾ പണിതുയർത്തി.

പാർലമെന്റിൽ ചർച്ചകൾ പുനരാരംഭിച്ച വേളയിൽ പാർലമെന്റിന് സമീപം കർഷക പാർലമെന്റ് നടത്തി സമര സഖാക്കൾ തങ്ങളുടെ പ്രതിഷേധ പരിപാടിയ്ക്ക് പുതിയ മാനം നൽകി കഴിഞ്ഞു. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പുല്ലു വില കൽപ്പിക്കുന്ന കർഷക വിരുദ്ധ സർക്കാരിന് ഒരു താക്കീതാണ് ഈ കർഷക പാർലമെന്റ്. ഇതിന് ഐക്യദാർഢ്യം നൽകി കൊണ്ട് സഖാവ് ബിനോയ് വിശ്വം ജൂലൈ 22 നു രാജ്യസഭയുടെ നടപടികൾ നിർത്തി വച്ചു കർഷകരുടെ പ്രശ്നങ്ങൾ ശ്രദ്ധിക്കണമെന്നും അന്നം നൽകുന്നവരുടെ വാക്കുകൾ ചെവികൊള്ളണം എന്നും ആവശ്യപ്പെട്ടു രാജ്യസഭ ചെയർമാനു കത്തെഴുതി. തുടർന്നു സഖാവ് ബിനോയ് വിശ്വത്തിന്റെ നേതൃത്വത്തിൽ എം.പിമാർ രാജ്യസഭയ്ക്ക് പുറത്തു കർഷകർക്കും സമരത്തിനും അനുകൂലമായി മുദ്രാവാക്യങ്ങൾ ഉയർത്തി. കർഷക ഐക്യം സിന്ദാബാദ്, ജയ് ജവാൻ, ജയ് കിസാൻ തുടങ്ങിയ മുദ്രാവാക്യങ്ങൾ അവിടെ മുഴങ്ങി കേട്ടു. ഇതിനെ തുടർന്ന് സഖാവ് ബിനോയ് വിശ്വം അടക്കമുള്ള എം.പിമാർ കിസാൻ പാർലമെന്റിൽ പങ്കെടുത്തു. കേരളത്തിൽ നിന്നുള്ള 20 ലോക്സഭ എം.പിമാരും കിസാൻ പാർലിമെന്റിൽ പങ്കെടുത്തു. മാധ്യമ പ്രവർത്തകരെ തടയാൻ സംഘപരിവാർ ഗുണ്ടകൾ ശ്രമിച്ചിരുന്നുവെങ്കിലും കർഷകരെ ഭയന്നു പിന്മാറി. എം.പി.മാരെ തടയാൻ ഡൽഹി പോലീസും ശ്രമിച്ചുവെങ്കിലും ആ ശ്രമവും വിഫലമായി.

ഭഗത് സിംഗ്, സുഖ്ദേവ് രാജ് ഗുരു തുടങ്ങിയ സഖാക്കളുടെ ഓർമകൾ നിറയുന്ന ഹുസൈനിവാലയിൽ നിന്നും സഖാവ് ഹെമുകലാനിയുടെ മണ്ണായ ലഖ്നൗവിൽ നിന്നും കർഷകരും ഇടതുപക്ഷ പുരോഗമന ജനാധിപത്യ വാദികളും ഈ സമര ഭൂമിയിലുണ്ട്. സംഘപരിവാറിന് വിധേയപ്പെട്ടു നിൽക്കുന്ന മാധ്യമങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകില്ലെന്നു മാത്രമല്ല ചിലപ്പോൾ വ്യാജപ്രചാരണങ്ങൾ അഴിച്ചു വിടുകയും ചെയ്യും. സമൂഹ മാധ്യമങ്ങളിലും ബിജെപി ഐ.ടി സെൽ നൽകുന്ന വ്യാജവാർത്തകൾ കൂടുതൽ ദോഷകരമാകും. ഇവയെ പ്രതിരോധിക്കേണ്ടതും നെല്ലും പതിരും തിരിച്ചു സത്യാവസ്ഥ ജനങ്ങളെ അറിയിക്കേണ്ടതും നമ്മളാണ്. കർഷക സമരം അവസാനിച്ചിട്ടില്ല. ശക്തമായ പോരാട്ടം തുടരുക തന്നെ ചെയ്യും.



അടച്ചുപൂട്ടിക്കിടക്കുന്ന കശുഅണ്ടി ഫാക്ടറികൾ തുറക്കണമെന്ന ആവശ്യം ഉന്നയിച്ച് കശുഅണ്ടി തൊഴിലാളി കേന്ദ്ര കൗൺസിൽ അടച്ചിട്ടിരിക്കുന്ന കശുഅണ്ടി കമ്പനികൾക്ക് മുന്നിൽ നടത്തിയ ധർണ്ണ




വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു വഴിയോരക്കച്ചവട തൊഴിലാളി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ കായംകുളം നഗരസഭക്ക് മുന്നിൽ സംഘടിപ്പിച്ച പ്രതിഷേധ സമരം




കോവിഡ് കാരണം അടച്ചിട്ട മാസങ്ങളിലെ ശമ്പളം നൽകുക എന്ന ആവശ്യമുന്നയിച്ച് സ്കൂൾ പാചകത്തൊഴിലാളികൾ കൊടകര സ്കൂളിന് മുന്നിൽ നടത്തിയ പ്രതിഷേധ സമരം




സഹകരണ മേഖലയെ ജനാധിപത്യ വിരുദ്ധമായി പിടിച്ചെടുക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരേ കേരള കോഓപ്പറേറ്റീവ് എംപ്ലോയീസ് കൗൺസിൽ നടത്തിയ ധർണ്ണ